163
.T18

# വീട്ടിനുള്ളിൽ കള്ളൻ

# വീട്ടിനുള്ളിൽ കള്ളൻ

( രാഷ്ട്രീയാഖ്യായിക )

ചൈനയിലെ കമ്മ്യൂണിസ്റ്റ് വിജയത്തെപ്പററി
ഒരു ദൃക്‌സാക്ഷി വിവരണം.

DHARMARAM COLLEGE LIBRARY. BANGALORE.
11277

ഒന്നാം ഭാഗം

*By*

റെയ്മൺഡ് ജെ. ഡി'ജെഗർ

&

ഐറീൻ കാർബലി ക്ലൂൺ

T63
J18

പരിഭാഷ: —

**ഉമയനല്ലൂർ ബാലകൃഷ്ണപിള്ള**

---

പ്രസാധകർ:

**അമലാ ബുക്ക് സെൻറർ**

പി. ബി. നമ്പർ 17, കോഴിക്കോട്ട്-1.

# THE ENEMY WITHIN

## AN EYEWITNESS ACCOUNT OF THE COMMUNIST CONQUEST OF CHINA

Vol I

By

RAYMOND J. DE JAEGHER

AND

IRENE CORBALLY KUHN

Translation By:

Umayanelloor Balakrishna Pillai

---

PRINTERS:-

AMALA PRINTING WORKS,

P. B. No: 17

CALICUT—1.

ഒന്നാംപതിപ്പ് 1960 ഏപ്രിൽ

കോപ്പി ആയിരം

DHARMARAM COLLEGE LIBRARY, BANGALORE.
11277

വില 1 രൂപാ 25 ന.പ.

അച്ചടി :

അമലാ പ്രിൻടിംഗ് വർക്സ്,

കോഴിക്കോട് - 1.

# പ്രസ്താവന

"The enemy within എന്ന വിശ്രുതഗ്രന്ഥത്തിന്റെ മലയാള വിവൎത്തനം തികഞ്ഞ ആത്മസംതൃപ്തിയോടും ശുഭാപ്തിവിശ്വാസത്തോടും കൂടി ഞങ്ങൾ സഹൃദയസമക്ഷം സാദരം സമർപ്പിക്കുകയാണു്. ചൈനയിലെ കിരാതമായ കമ്മ്യൂണിസ്റ്റ് കാട്ടാളവാഴ്ചയുടെ ഭീകരചിത്രം ആധുനികലോകത്തിനു അജ്ഞാതമല്ല. എങ്കിലും മലയാളത്തിൽ തൽസംബന്ധമായ ഗ്രന്ഥങ്ങൾ വളരെ വിരളമാണു്.

മാത്രമല്ല കണ്ണടച്ചു ഇരുട്ടാക്കി കൊണ്ടു് 'മനോഹര മനോജ്ഞ ചൈന'യുടെ സ്തുതിഗീതങ്ങൾ പാടി ഒരു കൂട്ടർ ഇവിടെ സ്വച്ഛന്ദം വിഹരിക്കുകയാണു്. ഈ പരിതസ്ഥിതിയിൽ ചൈനയിലെ കമ്മ്യൂ. ഭരണത്തെപ്പററി വസ്തുനിഷ്ഠമായി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ ജിജ്ഞാസുക്കളുടെ ഉത്തമതാല്പര്യങ്ങൾക്കായി പ്രസിദ്ധീകരിക്കേണ്ടതു ഞങ്ങളുടെ കർത്തവ്യമായി ഞങ്ങൾ കരുതുന്നു.

മനോഹരമായ ഇംഗ്ലീഷ് ശൈലിയിൽ സത്യാന്വേഷണകുതുകികളായ രണ്ടു പണ്ഡിതന്മാരുടെ സംഘടിതശ്രമഫലമായിട്ടാണു് 'The enemy within' എന്ന ഉൽകൃഷ്ട ഗ്രന്ഥം പുറത്തുവന്നിട്ടുള്ളതു്. മൂലഗ്രന്ഥത്തിലെ പ്രതിപാദ്യരീതിക്കു് വാട്ടവും കോട്ടവും തട്ടാതെ മലയാളത്തിലേക്കു് തർജ്ജിമ ചെയ്തിട്ടുള്ളതു് സുപ്രസിദ്ധ സാഹിത്യകാരനായ ഉമയനല്ലൂർ ബാലകൃഷ്ണപിള്ളയാണു്. മി. പിള്ളയുടെ പ്രതിപാദനരീതിയും അനന്യസാധാരണമായ പദസ്വാധീനവും ഈ തർജ്ജിമയെ ഏററവും മനോഹരമാക്കിയിട്ടുണ്ടെന്നു പറയുവാൻ ഞങ്ങൾക്കു സന്തോഷമുണ്ടു്.

മൂലഗ്രന്ഥത്തിന്റെ വലിപ്പം മൂലം വായനക്കാരുടെ സൗകര്യത്തെ മുൻനിർത്തി ഈ വിശിഷ്ട കൃതി രണ്ടു ഭാഗങ്ങളായിട്ടാണു ഞങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതു്. ഒന്നാം ഭാഗത്തെ തുടൎന്നു തന്നെ രണ്ടാം ഭാഗവും പ്രസിദ്ധീകരിക്കുന്നതാണു്.

സൽസാഹിത്യപ്രണയികളുടെ നിർല്ലോഭമായ സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ടു്

പ്രസാധകർ

അദ്ധ്യായം ഒന്നു്

# 1937

## ആരംഭം എങ്ങിനെ?

ഉദ്ദേശം ഏഴുവഷത്തിനുമുൻപാണു് ഞാൻ വടക്കെ ചൈനയിൽ എത്തിയതു്. അന്നുമുതൽ അവിടത്തെ ശിശിരകാലരാത്രികൾ എനിക്കു നല്ല പരിചയമാണു്. 1937-ലെ ആ തണുത്ത രാത്രിയും ഏതാണ്ടു് അതുപോലിരുന്നു. എൻെറ ഔദ്യോഗിക കൃത്യങ്ങളും ദിനചര്യകളും കാലേക്കൂട്ടി ഒതുക്കി. എന്നാൽ ഒട്ടേറെ ജോലികൾ ഇനിയും ശേഷിക്കുകയാണു്. ജപ്പാൻ ആക്രമണകാരികളിൽനിന്നു രക്ഷനേടാൻ വീടുവിട്ടോടുന്ന അഭയാത്ഥികളുടെ എണ്ണം ദിനംപ്രതി വദ്ധിച്ചുകൊണ്ടിരുന്നു. അവരെ ആശ്വസിപ്പിക്കാനും യഥാസ്ഥാനങ്ങളിൽ പാപ്പിക്കാനും വേണ്ട കരുതൽനടപടികൾ എടുക്കേണ്ടതുണ്ടു്. അതാണു് എൻെറ ജോലി ഇനിയും ശേഷിക്കുന്നതേയുള്ളു എന്നു പറഞ്ഞതു്.

ജൂലൈ ഏഴാംതീയതി പീപ്പിംഗിനടുത്തുള്ള 'മാർക്കോപോളോ' പാലത്തിൽവച്ചുണ്ടായ അനിഷ്ടസംഭവത്തിനുശേഷം ജനങ്ങൾ കൂട്ടത്തോടെ നാടുവിട്ടോടുകയാണ്. മാസം രണ്ടരകഴിഞ്ഞു. 'ആൻക്സ്'പട്ടണത്തിന്റെ പശ്ചിമദ്വാരത്തിനു തൊട്ടുവെളിയിലുള്ള ഞങ്ങളുടെ സങ്കേതത്തിൽതന്നെ മൂവായിരത്തിൽപരം അഭയാർത്ഥികൾ താവളമുറപ്പിച്ചിട്ടുണ്ട്.

* പീപ്പിംഗിന് നൂറുമൈൽ തെക്കാണ് ഈ പട്ടണം. ജപ്പാൻ ബോംബറുകൾ എപ്പോഴും തലയ്ക്കുമീതെ ചുററിത്തിരിയുകയാണ്. മുറിവേററ അനേകം ചൈനക്കാർ തെരുതെരെ വന്നുകൊണ്ടിരുന്നു. ഭയമൂർഛകൊണ്ട് അവരിൽപലരും രോഗികളായി മാറിപ്പോയി. മാത്രമല്ല, ഒറ്റ പൈസപോലും ആരുടെ കൈയിലും എടുക്കാനില്ല. ഞങ്ങൾക്കുതന്നെ കഷ്ടിച്ചേ ആഹാരത്തിനുവകയുള്ളു. ചൈനാക്കാരായ ഏതാനും പട്ടക്കാരും കന്യാസ്ത്രീകളും ബിഷപ്പും ഞാനുമാണ് ഞങ്ങളുടെ കൂട്ടത്തിലുള്ളവർ. അതുവരെ ഞങ്ങൾ വല്ലവിധവും ദിവസങ്ങൾതള്ളി. സ്ഥിതിഗതികൾ ഭേദപ്പെട്ടുമെന്ന് ഞാൻ വിശ്വസിച്ചു. ഞാനൊരു ശുഭാപ്തിവിശ്വാസിയാണ്. കഷ്ടിച്ച് മുപ്പത്തിരണ്ടുവയസ്സേപ്രായവുമുള്ളു. ഞാൻ ഒട്ടും ഭീരുവായില്ലം നല്ല കാലത്തിന്റെ ഉദയത്തിൽ ദൃഢമായി വിശ്വസിച്ചു. ജപ്പാൻ സമരത്തിന്റെ സംഹാരതാണ്ഡവം തുടങ്ങിയ

---

* 1409-മുതൽ 1928-വരെ പീക്കിംഗ് എന്നാണ് ചൈനയുടെ വടക്കെ തലസ്ഥാനത്തെ വിളിച്ചുവന്നതു്. 1928-ൽ ദേശീയ ഗവർമ്മെൻറു് ഈ നഗരത്തിനു് പീപ്പിംഗ് എന്നു പേരിട്ടു.

തേയുള്ളു. ഇതു് ഞാൻ അറിഞ്ഞില്ല. അറിഞ്ഞെങ്കിൽ ആ രാത്രിതന്നെ എൻെറ ശുഭാപ്തിബോധം പാടെ തക രുമായിരുന്നു. കമ്മ്യൂണിസ്റ്റ്കാരുടെ പൈശാചികത്വം സമരഭീകരതയെ ഊതിപ്പെരുക്കുമെന്നും ഞാൻ ഊഹി ച്ചില്ല. 1937-മുതൽ 1949-വരെ ഞാൻ കമ്മ്യൂണിസ്റ്റ് വലയത്തിൽ കുടുങ്ങിക്കഴിയേണ്ടിവന്നു. അന്നെല്ലാം പലതരത്തിലും ഞാൻ കമ്മ്യൂണിസ്റ്റ്കാരോടു് ഇടപെട്ടി ട്ടുണ്ടു്. അവരുടെ മറക്കാനാവാത്ത കാടത്തം പലതും ഞാൻ നേരിട്ടുകണ്ടിട്ടുള്ളതാണു്.

അക്കാലമത്രയും- രണ്ടരവർഷംഒഴികെ- നാട്ടുവിട്ടു പോകാൻ ജപ്പാൻകാർ എന്നെ അനുവദിച്ചില്ല. കമ്മ്യൂ ണിസത്തിൻെറ വളർച്ചയ്ക്കും വികാസത്തിനുംവേണ്ടി കരു തിക്കൂട്ടി ആസൂത്രണം ചെയ്തിരുന്ന പരിപാടികളൊഴികെ മററൊരുനടപടിയും കമ്മ്യൂണിസ്റ്റ്കാർ എടുക്കുന്നതായി ഞാൻ അവിടെ കണ്ടില്ല. മോസ്ക്കോവിൽനിന്നും കേൾക്കുന്ന കൊട്ടിൻെറ താളത്തിനൊപ്പിച്ചു് തുള്ളുന്ന ആളുകളായിരുന്നു അവരെന്നു് അപൂർവ്വം ചിലരേ അന്നു് അറിഞ്ഞിരുന്നുള്ളു. കമ്മ്യൂണിസ്റ്റ് 'ഐക്യമുന്നണി'യുടെ പ്രഖ്യാപിതനയം പൊതുശത്രുവിനെ ചെറുക്കുക എന്നുള്ളതായിരുന്നു. ഇതൊരു അടവായിരുന്നു എന്നു് അനുഭവത്തിൽനിന്നാണു് ഞാൻ മനസ്സിലാക്കിയതു്. ജനങ്ങളുടെ ദേശഭക്തിയെ ആവുന്നത്ര ചൂഷണംചെയ്തു, മദ്ധ്യചൈനയിലെ അധികാരവും ഭൂമിയും നിശ്ശേഷം പിടിച്ചെടുത്തു്, അപരിഷ്കൃതവും ആപൽക്കരവുമായ ഒരു വിദേശതത്വസംഹിത നാട്ടുകാരുടെമേൽ വച്ചുകെട്ടു

കയെന്നുള്ളതായിരുന്നു വാസ്തവത്തിൽ കമ്മ്യൂണിസ്റ്റ്കളുടെ ലക്ഷ്യം. (അ. VI- പുറം 80)

എന്നാൽ സെപ്റ്റംബറിലെ ആ തണുപ്പേറിയ സായാഹ്നത്തിൽ-അന്ന് ച്യൂഫെൻ ഉത്സവാഘോഷമായിരുന്നു-ഇതൊന്നും ഞാൻ സ്വപ്നത്തിൽപോലും കണ്ടിരുന്നില്ല. ഭാവിയെപ്പററി ദീർഘദർശനം ചെയ്യാൻ എനിക്കു കഴിവില്ല. അന്നത്തെ ഒരു നിസ്സാരസംഭവം എൻെറ ജീവിതഗതിയെ പാടെ മാററിക്കളഞ്ഞു.

പണിത്തിരക്കുകൊണ്ട് ഞാൻ വല്ലാതെ ക്ഷീണിച്ചിരുന്നു. അതിനാൽ നേരത്തെ ഉറങ്ങാൻകിടന്നു. നിശ്ശബ്ദമായരാത്രി. ഒട്ടേറെ ആളുകൾ തിങ്ങിപ്പാക്കുന്ന ആ പറമ്പിൽ അനക്കവും ആവിയുമില്ല. എന്നാൽ ആ രാത്രിക്ക് എന്തോ ഒരു പന്തികേടുണ്ടെന്ന് എനിക്കൊരു തോന്നൽ! ഉറക്കംതീരെവന്നില്ല. വല്ലാത്ത അസ്വസ്ഥത! ചിന്തകളുടെ ചിത്രങ്ങൾ ഒന്നൊന്നായി മനസ്സിൽ പൊന്തിവന്നുകൊണ്ടിരുന്നു.

ഏഴവർഷങ്ങൾക്കപ്പുറം ഞാൻ യൂറോപ്പിൽനിന്നും കപ്പൽകയറി. എൻെറ പഴയ ജീവിതം മാത്രമല്ല ഞാൻ വെടിഞ്ഞതു്. കുടുംബത്തോടും സുഹൃത്തുക്കളോടുമുള്ള എല്ലാബന്ധങ്ങളും ഞാൻ പൊട്ടിച്ചുമാററി. എന്റെ പൂർവ്വന്മാരും ഞാനും ജനിച്ചുവളന്ന പാശ്ചാത്യരാജ്യവുമായി ഞാൻ തീരെ അകന്നുമാറുകയാണ് ചെയ്തതു്. ചൈനയിൽ ഞാനൊരു പുതിയ ജീവിതവുമായി അലിഞ്ഞുചേന്നു. രാജ്യത്തോടും ജനങ്ങളോടും അഭേദ്യമായി ബന്ധപ്പെട്ടു. ഞങ്ങളുടെ 'മിഷ്യ'നിൽ ഞാൻ മാത്രമേ

യൂറോപ്പ്യനായുള്ളു. ചുററുപാട്ടം അനേകം മൈൽദൂരത്തിൽ നോക്കിയാലും വേറൊരു വൈദേശികനായ മിഷ്യനറിഇല്ല. എന്നിട്ടും വിദേശിയെന്നോ ഒററപ്പെട്ടവനെന്നോ എനിക്കേതും വിചാരമുണ്ടായില്ല. ഈ ജീവിതത്തിനും ഈ തൊഴിലിനുംവേണ്ടി ജന്മമെടുത്തവനാണു് ഞാൻ എന്നു് എനിക്കു ദൃഢമായ വിശ്വാസമുണ്ടു്. ദിവസങ്ങൾ കഴിയുംതോറും പൗരസ്ത്യചിന്തകളോടും ജീവിതരീതികളോടും കൂടുതൽ കൂടുതൽ ഞാൻ ബന്ധപ്പെട്ടു തുടങ്ങി.

അന്നത്തെ രാത്രിയിലെപ്പോലെ ഞാൻ അങ്ങനെ ഉറങ്ങാതെകിടന്നിട്ടില്ല. ബൽജിയത്തിലെ എൻെറ ശൈശവകാലത്തെക്കുറിച്ചും ഒന്നാം ലോകമഹായുദ്ധകാലത്തു് ഇംഗ്ലണ്ടിലെ എൻെറ കൗമാരകാലത്തെക്കുറിച്ചും അന്നത്തെ സംഭവബഹുലതകളെക്കുറിച്ചും ഞാൻ വ്യക്തമായിഓത്തു. രണ്ടാഴ്ചയ്ക്കുമുൻപായിരുന്നു എൻെറ ജന്മദിനം. സെപ്റ്റംബർ പതിമൂന്നു്. ആ ദിവസം ആരുമറിയാതെ കടന്നുപോയി. 1905-ൽ ഞാൻ കോർത്രായി (Courtrai) പട്ടണത്തിൽ ജനിച്ചു. അച്ഛൻ ഒരു മൈനിംഗ് എൻജിനീയറായിരുന്നു. അദ്ദേഹം മുപ്പത്തെട്ടാമത്തെവയസ്സിൽ മരിച്ചുപോയി. അഞ്ചു കുഞ്ഞുങ്ങളെ വളത്താനുള്ളഭാരം അമ്മ ഏറ്റെടുക്കേണ്ടിവന്നു. ഞാനാണുമൂത്തതു്. കുടുംബത്തിലെ കൊച്ചുമൂപ്പൻ.

അച്ഛൻ മരിച്ചു ഒരുമാസം കഴിഞ്ഞപ്പോൾ യുദ്ധം തുടങ്ങി. അമ്മ ഞങ്ങളെയുംകൊണ്ടു് ഇംഗ്ലണ്ടിലേക്കു പോയി. അനുജൻ ഫ്രാൻസിസ്സും ഞാനും ലണ്ടനിലെ

ഗ്രാമർസ്കൂളിൽചേൎന്നു. രണ്ടു സഹോദരിമാരെയും കൊച്ചു നുജനെയും അമ്മതന്നെ വീട്ടിൽഇരുത്തി പഠിപ്പിച്ചു. ബൽജിയൻ ജസ്യൂട്ടുകൾ അന്ന് ഹേസ്റ്റിംഗ്സിൽ ഒരു സ്കൂൾതുറന്നു. ഫ്രാൻസിസും ഞാനും പഠിക്കാൻ അങ്ങോട്ടു പോയി.

ജൎമ്മൻകാരുടെ സെപ്പലിൻ വിമാനങ്ങൾ പറന്നു വരുന്നതുകണ്ടു ഞങ്ങൾ പേടിച്ചുവിറച്ചു. നാട്ടുമുഴുവൻ ശത്രുക്കൾ പിടിച്ചടക്കിയെന്നു ഞങ്ങൾകേട്ടു. 1919-ൽ സമാധാനഉടമ്പടിക്കുശേഷം ഞങ്ങൾ ബൽജിയത്തിൽ തിരിച്ചെത്തി. അപ്പോഴാണു് യുദ്ധത്തിന്റെ ഗൗരവം ശരിക്കു ഞങ്ങൾ മനസ്സിലാക്കിയതു്. ഞങ്ങളുടെ വീട്ട് നിശ്ശേഷം നശിച്ചിരുന്നു. ഒന്നും ബാക്കിയില്ല. ജൎമ്മനിക്കുതൊട്ടടുത്തു്, ബൽജിയത്തിന്റെ അതിൎത്തിയോടു ചേൎന്നുള്ള ഒരു പട്ടണത്തിലാണു് അമ്മയുടെ വീട്ടു്, അമ്മ ഞങ്ങളെയുംകൊണ്ടു് അങ്ങോട്ടുപോയി. അവിടെ സുഖമായി കഴിയാനുള്ള സാഹചര്യമൊന്നും ഞങ്ങൾക്കു ണ്ടായിരുന്നില്ല. എങ്കിലും ഫ്രാൻസിസ്സിനെയും എന്നെയും വെർവിയേ (Verviers) യിലുള്ള ജസ്യൂട്ടുസ്കൂളിൽ അയയ്ക്കാൻ അമ്മ തീരുമാനിച്ചു. "പണം എപ്പോഴും ഉണ്ടാക്കാം. പഠിത്തമോ! അതു പിന്നീടായാൽ പററുകി ല്ലല്ലൊ", അമ്മ പലപ്പോഴും അങ്ങനെ പറയുമായിരുന്നു.

1920-ലാണു്. എനിക്കന്നു പതിനഞ്ചുവയസ്സുണ്ടു്. അപ്പോഴാണു് ഞാൻ ഫാദർ വിൻസൻറു്ലെബ്ബി (Lebbe) യെക്കണ്ടതു്. അദ്ദേഹം ചൈനയിൽനിന്നു മട ങ്ങിവന്നതേയുള്ളു. വളരെക്കാലം അദ്ദേഹം ചൈനയി

ലായിരുന്നു. ആയിടെ ഒരു ചൈനീസ് ഫ്രഞ്ചുബേങ്ക് പൊളിയുകയുണ്ടായി. ഇതുമൂലം ചീനക്കാരായ രണ്ടായിരം വിദ്യാൎത്ഥികൾ ഫ്രാൻസിൽ അകപ്പെട്ടുപോയി. അവരെ ആശ്വസിപ്പിച്ചും സഹായിച്ചും ഫാദർ ലെബി ഫ്രാൻസിലെങ്ങും ചുററിനടന്നു. ഫ്രാൻസിലെ കമ്മ്യൂണിസ്റ്റ്പാർട്ടിക്കു ധനസഹായം ചെയ്തുകൊണ്ടിരുന്ന ബാങ്കായിരുന്നു തകൎന്നതു്. മാവൊസെത്തുങ്ങ്പ്ലാൻ എന്നറിയപ്പെട്ടിരുന്ന ഒരു പദ്ധതിയിൽചേൎന്നു പ്രവൎത്തനരംഗത്തിനു വന്നവരായിരുന്നു മുൻപറഞ്ഞ രണ്ടായിരം ചീനവിദ്യാൎത്ഥികളും. അവരെ സ്വാഗതംചെയ്ത ഫ്രാൻസിലെ സോഷ്യലിസ്റ്റ്കളിൽനിന്നോ കമ്മ്യൂണിസ്റ്റ്കളിൽനിന്നോ വിദ്യാൎത്ഥികൾക്കു പണം കിട്ടാതായി. ഈ രാഷ്ട്രീയ പാർട്ടികളുടെ പ്രേരണയിലാണു് ചീനവിദ്യാൎത്ഥികൾ ഫ്രാൻസിൽ വരാൻഇടയായതു്. വീട്ടിൽനിന്നു പണംകിട്ടാൻ മാൎഗ്ഗമില്ലാതെ വിദ്യാൎത്ഥികൾ കുഴങ്ങി. ചൈന അന്നൊരു യുദ്ധസങ്കേതമാണു്, സൺയാത്സെൻവിപ്ലവം തുടങ്ങി ഒൻപതുവർഷം കഴിഞ്ഞിരുന്നു. സാമ്രാജ്യവാഴ്ചയിൽനിന്നും ജനാധിപത്യവ്യവസ്ഥയിലേക്കുള്ള വ്യതിയാനം അതിൻെറ പ്രവൎത്തനദശയിൽ എത്തിയിരുന്നതേയുള്ളു.

ഞാൻ അന്നു നന്നേചെറുപ്പമാണു്. സങ്കേതങ്ങളും വ്യാഖ്യാനങ്ങളും ഗ്രഹിക്കത്തക്കപ്രാപ്തി ഒട്ടും ഉണ്ടായിട്ടില്ല. എങ്കിലും മൂന്നുവർഷംമുൻപു് അക്രമപ്രവൎത്തനങ്ങളിലും അട്ടിമറിപ്പൻ പ്രസ്ഥാനത്തിലുംകൂടി റഷ്യയിൽ ഉടലെടുത്ത കമ്മ്യൂണിസം ചൈനയിലും ഏഷ്യൻ പ്രവി

ശ്യകളിലും പടന്നുകയറുവാൻ കിണഞ്ഞുശ്രമിച്ചിരുന്ന കാര്യം എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു. റാഡിക്കൽ കക്ഷിയിലെ ഒരു അംഗവും പിക്കിംഗ് സർവ്വകലാശാല യിലെ ഒരു വിദ്യാർത്ഥിയുമായിരുന്ന മാവൊ, അന്നൊരു പദ്ധതി ആവിഷ്ക്കരിച്ചിരുന്നു. കൂട്ടുകാരായ വിദാർത്ഥി കൾ ഫ്രാൻസിൽഎത്തി, സോഷ്യലിസം, വിപ്ലവം, കമ്മ്യൂണിസം ഇവയുടെ തത്വങ്ങളും പ്രവർത്തനങ്ങളും നേരിട്ടു പഠിക്കണമെന്നുള്ളതായിരുന്നു ആ പദ്ധതി. തൻെറ വിപുലമായ പ്രവർത്തനമണ്ഡലങ്ങളുടെ കേന്ദ്ര ഘടകങ്ങൾ അവരായിരിക്കണമെന്നും മാവോ തീരുമാനി ച്ചിരുന്നു. അങ്ങനെ, ചൈനമുഴുവൻ പിടിച്ചടക്കണമെ ന്നായിരുന്നു അദ്ദേഹത്തിൻെറ പ്ലാൻ. ഈ പദ്ധതിയത്രെ മുപ്പതുവർഷംകഴിഞ്ഞു ഫലപ്രാപ്തിയിൽ എത്തിയതു്.

ഫാദർ ലെബി ചീനവിദ്യാർത്ഥികൾക്കുവേണ്ട എല്ലാ സഹായവും ചെയ്തുകൊടുത്തു. പുരോഗമനേച്ഛുവും ബുദ്ധിസമ്പന്നനുമായിരുന്ന അദ്ദേഹം ഒരു ആത്മീയ വാദി ആയിരുന്നു. ചൈനയുടെ അഭ്യുദയത്തിൽ അതീവതല്പരനായ ഫാദർ ആ നാട്ടിൻെറ ആത്മീയവും ഭൗതികവുമായ ക്ഷേമത്തിൽ പ്രത്യേകം ശ്രദ്ധപതിപ്പിച്ചു വന്നു. നിസ്സീമവും നിസ്വാർത്ഥവുമായ സേവനബുദ്ധി കൊണ്ടു് 'വിദേശിയായ ചൈനാക്കാരൻ' എന്നാണു് ജനങ്ങൾ അദ്ദേഹത്തെ വിളിച്ചുവന്നതു്. ഫ്രാൻസിൽ കുടുങ്ങിപ്പോയ വിദ്യാർത്ഥികൾ ആദർശവാദികളായ ദേശഭക്തരാണെന്നു് ഫാദർ ലെബി അറിഞ്ഞിരുന്നു. അവർ യൂറോപ്പിലെത്തിയതു് പരിഷ്കൃതരാജ്യങ്ങളെ

പ്പററി പഠിച്ച് നാട്ടിൽ തിരിച്ചെത്തി, ഒരു പുതിയ ചൈനയ്ക്കു രൂപംകൊടുക്കണമെന്നുള്ള ആഗ്രഹത്തിൻെറ പേരിലാണെന്നും അദ്ദേഹം മനസ്സിലാക്കി. ഫ്രാൻസിലും ബൽജിയത്തിലും ഹോളണ്ടിലും സഞ്ചരിച്ചുകൊണ്ട് ഫാദർ ലെബ്ബി ഈ വിദ്യാത്ഥികളെ സഹായിച്ചുകൊണ്ടിരുന്നു. ഗ്രഹപ്പിഴപിടിച്ച ഈ വിദേശപര്യടനത്തിന് അവരെ പ്രേരിപ്പിച്ച യഥാത്ഥശക്തി എന്തെന്നറിഞ്ഞതോടുകൂടി ഈ വിദ്യാത്ഥികളെ അതിൻെറ പിടിയിൽനിന്നും അകററിനിത്തുവാനും അദ്ദേഹം ആവുന്നത്ര ശ്രമിക്കുകയുണ്ടായി.

## എൻെറ ഭാവിയ്ക്കു് ഒരു രൂപരേഖ

ബൽജിയത്തിൽവച്ചാണു് ഞാൻ ഫാദർ ലെബ്ബിയെ ആദ്യം കാണുന്നതു്. ഞാൻ അന്നൊരു കുട്ടിയാണെങ്കിലും പിന്നീട് അദ്ദേഹത്തെ പിൻതുടന്നു് ചൈനയിൽ എത്തി. അദ്ദേഹത്തെ സേവിക്കുകയാണെങ്കിൽ ജീവിതോദ്ദേശം നിറവേറി എന്നു് എൻെറ ഉപ്പബോധമനസ്സ് എന്നോടാജ്ഞാപിച്ചിരുന്നു. കാരണമുണ്ടു്. ജനസേവനത്തിനു് എനിക്കും സന്ദഭം കിട്ടുമല്ലോ.

1937 സെപ്പംബറിലെ ആ രാത്രിയിൽ 'ആൻകു' പട്ടണത്തിൽ ഞാനൊരു ഇടുങ്ങിയ ശയ്യയിൽ നിദ്രാവിഹീനനായി കിടക്കുകയാണു്. പതിനേഴവർഷങ്ങൾക്കപ്പുറം വെർവിയേ (Verviers) യിൽവച്ച് ഫാദർ ലെബ്ബിയെകണ്ട സന്ദഭം എൻെറ ഓമ്മയിൽ ഉയന്നുവന്നു. അദ്ദേഹത്തിൽ കുടികൊണ്ടിരുന്ന ശക്തിയും ചൈത

ന്യവും അപ്പോഴും ഞാൻ വ്യക്തമായികണ്ടു. ആ ചടച്ച ദേഹത്തിൽ തങ്ങിനിന്നിരുന്ന ഊർജ്ജസ്വലത അന്നേ എന്നെ വിസ്മയിപ്പിച്ചതാണു്. എൻെറ ആഗ്രഹം ഞാൻ അദ്ദേഹത്തെ അറിയിച്ചപ്പോൾ ആ കണ്ണുകളിൽ നിഴലിച്ചുകണ്ട ഗംഭീരമായ ചോദ്യങ്ങൾ ഇന്നലത്തെപ്പോലെ ഞാൻ ഓക്കുന്നുണ്ടു്. ഫാദർ ലെബ്ബി വളരെനേരം എന്നെ ത്തന്നെ നോക്കിനിന്നു. ആഴമേറിയ ആ നോട്ടംകൊണ്ടു് അദ്ദേഹമെന്നെ അളക്കുകയായിരുന്നു. എന്റെ ആഗ്രഹം ഒരു കുട്ടിയുടെ താല്ക്കാലികമായ പ്രലോഭനമോ, അതോ വിവേകമുള്ള മനുഷ്യൻെറ നിശ്ചയദാർഢ്യമോ എന്നു് ആ മഹാത്മാവു പരിശോധിക്കുകയായിരുന്നു.

ബിരുദം നേടുന്നതുവരെ ക്ഷമാപൂർവ്വം കാത്തിരിക്കാൻ അദ്ദേഹം എന്നെ ഉപദേശിച്ചു. എൻെറ ക്ഷമകേടിനെപ്പറ്റി ഫാദർ ലെബ്ബി ബോധപൂർവ്വം മനസ്സിലാക്കി. എന്നാൽ വിശേഷാൽ ഒന്നും സംസാരിച്ചില്ല. കൂടെക്കൂടെ അദ്ദേഹം ബൽജിയത്തിൽവന്നു. ഞാൻ അദ്ദേഹത്തിൻെറ സെക്രട്ടറിയായി ജോലിതുടങ്ങി. ഞങ്ങൾ തമ്മിൽ അന്നു് പലതും സംസാരിച്ചിട്ടുണ്ടു്. ചൈനയെപ്പററിയായിരുന്നു സംഭാഷണം അധികവും. ഇതിനിടയിൽ എൻെറ വിദ്യാഭ്യാസവും തുടൎന്നുകൊണ്ടിരുന്നു. വേണ്ടത്ര നിർദ്ദേശങ്ങളും സഹായവും അദ്ദേഹത്തിൽ നിന്നും എനിക്കുകിട്ടി. മുഷിഞ്ഞു ജോലിചെയ്യണമെന്നു അദ്ദേഹം എന്നെ ഉത്സാഹിപ്പിച്ചു. എനിക്കു് അതു വളരെ പ്രയോജനപ്പെട്ടു. ഞാൻ ചുറുചുറുക്കോടാണു വളൎന്നുവന്നതു്. അച്ചൻ പല കായികവിനോദങ്ങളും

എന്നെ ശീലിപ്പിച്ചിരുന്നു. സ്കേററുചെയ്യാനും നീന്താനും എനിക്കു നല്ലവശമാണ്. ബോക്സിംഗിലും മലകയററത്തിലും അതുപോലെതന്നെ. ഭാരമുള്ള ചുമട്ടുംകൊണ്ട് വളരെദൂരം നടക്കുക എനിക്കു രസമാണ്. കഠിനാഭ്യാസങ്ങളിലാണ് എനിക്കു കൂടുതൽ സന്തോഷം. ഇരുപതാമത്തെവയസ്സിൽ ഞാൻ നിർബന്ധിതസൈന്യസേവനത്തിൽ ഏർപ്പെട്ടു. കുതിരപ്പട്ടാളത്തിലേക്കാണെന്നെ തിരഞ്ഞെടുത്തതു്. എനിക്കതു വളരെ ഇഷ്ടപ്പെട്ടു. വളരെദൂരം കുതിരസവാരി ചെയ്യുന്നതിൽ ഞാൻ അതിരററു സന്തോഷിച്ചിരുന്നു.

ബൽജിയത്തിൽവച്ച് കൂററൻ യുദ്ധക്കുതിരകളിൽ ഞാൻ സവാരിചെയ്തിട്ടുണ്ട്. ചൈനയിൽ വന്നശേഷം മംഗോളിയൻ പോണികളെയും കോവർ കഴുതകളെയും മാത്രമേ സവാരിക്കു കിട്ടിയിട്ടുള്ളു.

ഫാദർ ലെബി മൂന്നുവർഷം യൂറോപ്പിലായിരുന്നു. മടക്കയാത്രയ്ക്കുമുൻപ്, അദ്ദേഹത്തിൻെറ ജന്മഗേഹമായിത്തീർന്ന രാജ്യത്തെസംബന്ധിച്ച് അദ്ദേഹത്തിനു ചില മോഹനപ്രതീക്ഷകൾ ഉണ്ടായി. 1926-ൽ റോമിൽവച്ചു ചൈനാക്കാരായ ആദ്യത്തെ ആറു ബിഷപ്പന്മാരുടെ സ്ഥാനാരോഹണത്തിന് അദ്ദേഹം ദൃക്സാക്ഷിയായി. 1927-ൽ ഫാദർ ലെബി ചൈനയിലേക്കുമടങ്ങിയതു് ആദ്യത്തെ ചൈനീസ് ബിഷപ്പിൻെറകീഴിൽ സേവനമനുഷ്ഠിക്കാനാണ്. ബിഷപ്പ് മെൻഷിയർസുൺ ആയിരുന്നു ആദ്യത്തെ ചൈനീസ് ബിഷപ്പ്. അദ്ദേഹത്തിന്റെ അധികാരാതിർത്തിയായിരുന്നു 'ആൻകു'. ചൈനയി

ലേക്കു പോകുന്നതിനുമുൻപ് ഞങ്ങളുടെ സ്ഥലത്തെ ബിഷപ്പിനെ കാണാൻ ഫാദർ ലെബി എനിക്കു സൗകര്യമുണ്ടാക്കിത്തന്നു. ബിഷപ്പാകട്ടെ എന്നെ ലൂവെയി (Louvain) സെമിനാരിയിലേക്കു തെരഞ്ഞെടുത്തു. സൈനികസേവനത്തിനു പോകുന്നതിനുമുൻപ് രണ്ടുവർഷം ഞാൻ ലൂവെയിനിൽ പഠിച്ചിട്ടുണ്ട്. ഇത്തവണ ഞാനൊരു സെമിനാരിവിദ്യാർത്ഥിയായി തത്വശാസ്ത്രത്തിൻ എം. എ. ക്കു പഠിക്കുകയാണ്. ലൂവെയിനിലെ തത്വശാസ്ത്രകലാശാലയുടെ സ്ഥാപകൻ കർദ്ദിനാൾ മെഴ്സിയർ (Mercier) എന്ന മഹാനാണ്. സുപ്രസിദ്ധ അമേരിക്കൻ തത്വശാസ്ത്രവിദഗ്ദ്ധനായ ഫുൾടൺ ജെ. ഷീൻ ഈ കലാശാലയിൽനിന്നുമാണു ബിരുദംനേടിയതു്. അദ്ദേഹം അടുത്തകാലത്തു് ബിഷപ്പായി. ഞങ്ങൾ ചൈനയിൽവച്ചു തമ്മിൽ കാണുകയുംചെയ്തു.

ഞാൻ ഫിലൊസഫിയും തിയോളജിയും പഠിച്ചു. കാന്റ്, ഹെഗൽ, മാർക്സ്, എൻഗൽസ്, എന്നിവരുടെ ശാസ്ത്രഗ്രന്ഥങ്ങളും സശ്രദ്ധം വായിക്കുകയുണ്ടായി. കത്തോലിക്കാ ചിന്താഗതിയുടെ ബദ്ധവൈരികളായ ഇവരുടെ സിദ്ധാന്തങ്ങൾ അവധാനപൂർവ്വം പഠിക്കുക എന്നെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ കാര്യമായിരുന്നു. ലൂവെയിൻസർവ്വകലാശാലയിൽ ഞാൻ കഴിച്ചുകൂട്ടിയ കാലഘട്ടം, എന്നെ ഒരു തികഞ്ഞ സത്യാന്വേഷകനാക്കി പരിവർത്തനം ചെയ്യിച്ചിരുന്നു എന്നു് എടുത്തുപറയാതെതരമില്ല. സത്യത്തിന്റെ ശത്രുക്കൾക്കും ജനസ്വാധീനംനേടാൻ കഴിയുമല്ലൊ എന്നോർത്തപ്പോൾ

എനിക്കു് അതിയായ അത്ഭുതംതോന്നി. ഈ ഭൗതീക വാദികളുടെ സിദ്ധാന്തങ്ങൾ മനസ്സിരുത്തിപഠിച്ചപ്പോൾ, കമ്മ്യൂണിസ്റ്റ്കാർ ചീനജനതയുടെമേൽ ഇവയെ അടിച്ചേൽപിച്ച് അനർഹമായ സ്വാധീനംനേടാൻ ശ്രമിക്കുമെന്നോ അവരുടെ സാംസ്ക്കാരികബോധത്തെ അങ്ങേഅററം ദൂഷണംചെയ്യുമെന്നോ എനിക്കൊട്ടും വിചാരമുണ്ടായില്ല.

കഴിഞ്ഞകാലങ്ങളുടെ ഓർമ്മകൾ എൻെറ ചിന്താമണ്ഡലത്തിനുചുററും ശക്തിയായി അലതല്ലി ആർത്തുകൊണ്ടിരുന്നു. ഞാനവയിൽ മുങ്ങിത്തപ്പുമ്പോൾ എന്നെ പിടിച്ചുകയററുവാൻ വർത്തമാനചിന്ത ഓടിയെത്തി. പറമ്പിൽ പട്ടികൾകുരച്ചു. രോഗിയായ ഒരു കുഞ്ഞിന്റെ ഞരങ്ങൽ ചെവിയിൽ തുളച്ചുകയറി. നിശാവാതത്തിന്റെ നിശ്വാസം സ്പഷ്ടമായി കേൾക്കാൾകഴിഞ്ഞു. അവസാനം ഞാൻ നിദ്രയിലാണ്ടു. പക്ഷെ, പെട്ടെന്നു ഞെട്ടിഉണൎന്നു. കാവൽക്കാരൻ ആരോടോ സംസാരിക്കുന്നുണ്ടു്. സമയം രാത്രിമൂന്നുമണി. കോഴികൂവിത്തുടങ്ങിയില്ല. ഞാൻ എഴുന്നേററു വേഷംമാററി. മിഷ്യനിലെ ഒരുകുട്ടി വാതലിൽമുട്ടി. അവനൊന്നിച്ച് ഡിസ്ട്രിക്ട്മജിസ്ട്രേട്ട് ചാങ്ങ്ധാങ്ങിന്റെ ഒരു സന്ദേശവാഹകനുമുണ്ടു്. ഞാനും മജിസ്ട്രേട്ടുമായി അഞ്ചുവർഷത്തിനുമേൽ സുഹൃത്തുക്കളാണു്. ഈ അസമയത്തു് അദ്ദേഹത്തിൻെറ ദൂതൻ എന്നെ കാണാൻവരിക നിസ്സാരമായ കാര്യമല്ല. അയാളുടെ ഭാവംകണ്ടാൽ വിശേഷിച്ചൊന്നുമില്ലാത്തമട്ടാണു്. എനിക്കല്പം മുഷിവുതോന്നി. ഞാൻ കടലാസ്വാങ്ങി

അരണ്ടവെളിച്ചത്തു നിവത്തുനോക്കി.

സന്ദേശം വളരെ ഹ്രസ്വമാണ്. ആൻകു വിടാൻ മജിസ്ട്രേട്ടിനു് ഗവണ്മെൻറിൽനിന്നും ആജ്ഞകിട്ടിയിരിക്കുന്നു. പോലീസുൾപ്പെടെയുള്ള സിൽബന്തികളുമായി സ്ഥലംവിടാൻ അദ്ദേഹം നിർബന്ധിതനായിരിക്കയാണ്. നേരിൽകണ്ടു യാത്രപറയാൻ സമയമില്ല. അതിൽഖേദമുണ്ടദ്ദേഹത്തിനു്. ഉടനെ സ്ഥലംവിടാനാണ് നിർദ്ദേശം.

അസുഖകരമായ ഈ വത്തമാനമറിയിക്കാൻ ആ അസമയം എന്താണദ്ദേഹം വിനിയോഗിച്ചതെന്നു് എനിക്കു പെട്ടെന്നു മനസ്സിലായി. ജപ്പാൻകാർ ആക്രമണം തുടങ്ങാനുള്ളഭാവമാണ്. അതുവരെ ജനങ്ങളെ സഹായിക്കാൻ എനിക്കു കഴിയുന്നതു ചെയ്യട്ടെ എന്നാണ മജിസ്ട്രേട്ടിൻെറ ഉദ്ദേശം. അനേകം സായംകാലങ്ങളിൽ ഞങ്ങൾ ഒന്നിച്ചിരുന്നു ലഘുഭക്ഷണം കഴിച്ചിട്ടുണ്ടു്. രാഷ്ട്രീയവും സാമ്പത്തികവും ആത്മീയവുമായ കാര്യങ്ങളെപ്പററി ഞങ്ങൾ ചച്ച്നടത്തിയിട്ടുണ്ടു്. മിക്കകാര്യങ്ങളിലും ഞങ്ങളുടെ മൗലികാഭിപ്രായങ്ങൾ ഭിന്നങ്ങളല്ല. ഞങ്ങൾ സുഹൃത്തുക്കളായശേഷം പ്രാദേശികപ്രശ്നങ്ങളെപ്പററി വളരെയൊക്കെ അദ്ദേഹം, എന്നോടു സംസാരിച്ചിട്ടുണ്ടു്. അതുകൊണ്ടു് ആവക കാര്യങ്ങളിൽ ഞാൻ വേണ്ടത്ര പരിചയം നേടിയിട്ടുണ്ടെന്നു് അദ്ദേഹത്തിനുറപ്പുമുണ്ടു്.

ഞങ്ങളുടെ സങ്കേതത്തിലുള്ളവർ ജാഗ്രതയായിരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഞാൻ ബിഷ

പ്പിൻെറ മുറിയിലേക്കോടി അദ്ദേഹത്തെ വിവരമറി യിച്ചു. പട്ടണത്തിൻെറ രക്ഷയിൽ ബിഷപ്പ് അതീവ ഉൽക്കണ്ഠാകുലനായിരുന്നു. ഒരു ചൈനാക്കാരനായ അദ്ദേഹം ആപത്തിൻെറ ഗൗരവം എന്നെക്കാൾ മനസ്സി ലാക്കി. പോലീസോ മററധികൃതരോ ഇല്ലാത്ത ആ പട്ട ണത്തിൽ അൻപതിനായിരത്തിലധികം ആളുകൾ താമ സിക്കുന്നുണ്ട്. ജപ്പാൻസൈന്യം വളരെ അടുത്തിരിക്കുന്ന ആ സന്ദർഭത്തിൻെറ ഗൗരവം ശരിക്കൊന്നാലോചിച്ചു നോക്കൂ! അപ്പോഴും പുതുതായി എത്തിക്കൊണ്ടിരിക്കുന്ന അഭയാൎത്ഥികളുൾപ്പെടെ അപരിചിതരായ ആളുകൾ വളരെയുണ്ട് ആ പട്ടണത്തിൽ.

ജാൺബാപ്ററിസ്റ്റ് വാങ്ങ് ചൈനയിലെ ആദ്യത്തെ ബിഷപ്പന്മാരിൽ ഒരാളാണ്. അദ്ദേഹം ഒരു എളിയ ചീനക്കാരൻ കൃഷീവലനായിരുന്നു. അഗതിക ളെയും അശരണരെയുംപററിയാണ് ബിഷപ്പിന്റെചിന്ത. അപ്പോൾ അദ്ദേഹത്തിനു് അൻപത്തെട്ടുവയസ്സുണ്ട്. സാമാന്യമായ പൊക്കം, വട്ടമുഖം, കണ്ണുടകൾക്കിടയിൽ ശാന്തമായി തിളങ്ങുന്നകണ്ണുകൾ, നേരിയമേൽമീശ, പററെ ക്രാപ്പുചെയ്ത നരച്ചുതുടങ്ങിയമുടി, ഇവയൊക്കെ യാണ് ബിഷപ്പ് ജാൺവാങ്ങ്. നിശ്ശേഷംശാന്തമാണ് ആകെക്കൂടിയുള്ള അദ്ദേഹത്തിൻെറ ആകൃതി. ത്യാഗസുര ഭിലമായ സേവനംകൊണ്ട് പ്രശാന്തമോഹനമായ അന്ത രാത്മാവിന്റെ ബാഹ്യപ്രകാശനമാണ് ആ മഹാത്മാവ്.

അദ്ദേഹത്തിന്റെ അധികാരസീമയിൽ വൎത്തിക്കുന്ന ഞങ്ങൾ തികച്ചും അദ്ദേഹത്തിൻെറ ആജ്ഞ പാലിക്കാൻ

കടപ്പെട്ടവരാണ്. എങ്കിലും അവരവക്കു കഴിയുന്നതിൽ കൂടുതൽ ഒന്നും ചെയ്യാൻ ബിഷപ്പ് ഞങ്ങളോടാവശ്യപ്പെട്ടിട്ടില്ല. ഞങ്ങളുടെ ഭക്ഷണത്തിനനുവദിച്ചിരുന്ന തുക അതിൻെറ പരമകാഷ്ഠയിൽ എത്തിയിരുന്നു. ഒരാൾക്കു് മാസം രണ്ടരപവൻ. ഇതുകൊണ്ടു് ഒരു പാവപ്പെട്ട കർഷകൻെറ ജീവിതചര്യ സ്വീകരിക്കുവാനേ ഞങ്ങൾക്കു കഴിഞ്ഞിരുന്നുള്ളു. കുറച്ചു മില്ലററും ഉപ്പിട്ടസസ്യങ്ങളും, അതുമാത്രമായിരുന്നു ഞങ്ങളുടെ നിത്യഭക്ഷണം. ആഴ്ചയിൽ രണ്ടുതവണ റൊട്ടി. ഇറച്ചിയാണെങ്കിൽ ആണ്ടിൽ നാലുപ്രാവശ്യംമാത്രം; വിശേഷദിവസങ്ങളിൽ.

ഞാൻ ആദ്യം ആൻകുവിൽവന്നു് ബിഷപ്പിൻെറ കീഴിലും വയോധികനായ ഫാദർ ഫാൻ എന്ന ചീന വൈദികൻെറ കീഴിലും സേവനംതുടങ്ങി. ബിഷപ്പ് എന്നെവിളിച്ചു് ഈ ഭക്ഷണദൗർലഭ്യത്തിൻെറ കാരണം വിശദീകരിച്ചുതന്നു.

''ഞാൻ ഒരു കൃഷിക്കാരനായിജനിച്ചു'' ബിഷപ്പ് പറയുകയാണ്. ''ഞാനൊരു ബിഷപ്പായില്ലെങ്കിൽ ഇന്നും കൃഷിക്കാരന്റെ ആഹാരംകൊണ്ടു് തൃപ്തിപ്പെടേണ്ടവനാണ്. അതുകൊണ്ടു് കർഷകന്റെ ആഹാരമേ ഞാൻ കഴിയ്ക്കൂഎന്നു് പ്രതിജ്ഞഎടുത്തിരിക്കയാണ്. അങ്ങനെ നമുക്കു മിച്ചംവയ്ക്കാൻ കഴിയുന്നതുക ജനങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കാൻ ഉപയോഗിക്കാം. ചൈനയിലെ കത്തോലിക്കരെമാത്രമല്ല, എല്ലാവരെയും''.

എനിയ്ക്കു പലപ്പോഴും നന്നേവിശന്നിട്ടുണ്ടു്. ബൽജിയത്തിൽ ഞാൻ ഒരുമാതിരി ഭേദപ്പെട്ട നിലയിലാണ്

ജീവിച്ചിരുന്നതു്. എങ്കിലും ഭക്ഷണക്കാര്യത്തിൽ ആവ ലാതിപ്പെടാൻ എനിക്കു ധൈര്യം തോന്നിയിട്ടില്ല. എന്നെക്കാൾ പ്രായക്കൂടുതലുള്ള ആളാണു് ബിഷപ്പ്. ക്ഷീണിച്ച ശരീരവുമാണദ്ദേഹത്തിൻേറതു്. മററല്ലാ പുരോഹിതന്മാരും കന്യാസ്ത്രീകളും എന്നെപ്പോലെതന്നെ ക്ലേശിച്ചുപണിഎടുത്തിരുന്നു. അവക്കും എന്നെക്കാൾ മെച്ചമായ ആഹാരമൊന്നും കിട്ടിയിരുന്നില്ല. അപ്പോൾ ഞാൻമാത്രം പരാതിപ്പെടുകയോ!

ബിഷപ്പിൻെറ ശുഷ്കജീവിതം ഞാനും അനുക രിച്ചു. ഇതൊരു പരീക്ഷണമായിരുന്നു. എൻെറ മനസ്സും ശരീരവും കൂടുതൽ ദൃഢപ്പെട്ടു. ഈ പരിശീലനം പിന്നീട്ട് എനിക്കു വളരെ സഹായകമായി. എൻെറ വത്തമാനം ശ്രവിച്ച ബിഷപ്പിൻെറ മുഖത്തേക്കു ഞാൻ സൂക്ഷിച്ചു നോക്കി. അഭൗമമായ ഒരു ചൈതന്യം അദ്ദേഹത്തിൻെറ മുഖത്തെ ആവരണം ചെയ്തിരുന്നു. ആത്മശക്തിയുടെ ഓളംതല്ലലായിരുന്നു അതു്. കുറച്ചുസമയം അദ്ദേഹം മി ണ്ടാതെ നിന്നു. അതിനു ശേഷം പട്ടണത്തിലെ ജെയി ലിൽഅടക്കപ്പെട്ടിരുന്ന ഭാഗ്യഹീനരെപ്പററി അനുകമ്പാ പൂർവം സംസാരിച്ചു.

ബിഷപ്പിനു് അവരെപ്പററി വല്ലാത്ത അലിവുതോ ന്നി. എനിക്കും; എന്തുകൊണ്ടെന്നാൽ ജയിലിൽ എനി ക്കൊരു കൊച്ചു പാഠശാലയുണ്ടു്. തടവുകാരിൽ പകുതി ആളുകളെയും ഞാൻ മാനസാന്തരപ്പെടുത്തിയിരുന്നു. ഇതു മാത്രമായിരുന്നില്ല ഞങ്ങളുടെ ഖേദത്തിനു കാരണം.

ഞങ്ങളെ അഭയം പ്രാപിച്ചിരുന്ന അഗതികളുടെ എണ്ണം കുറവല്ല. അവരോടൊപ്പം മോശപ്പെട്ട ഭക്ഷണമേ ഞങ്ങളും കഴിച്ചിരുന്നുള്ളു. അവരെ രക്ഷിക്കണമല്ലൊ. എല്ലാ നല്ലയാളുകൾക്കും ആ വിചാരം കാണും. തടവുകാരെ തുറന്നുവിടാൻ ഞങ്ങൾക്കധികാരമില്ല. അവരെങ്ങനെ ആഹാരംകഴിക്കും? ആരാണവൎക്കു് ഭക്ഷണം നൽകാൻ?

ഞാൻ ഉടൻ തന്നെ ഡിസ്ട്രിക്ററ് മജിസ്ട്രേട്ടിൻെറ ആഫീസിലേക്കുപോയി. ഗേററിനുള്ളിൽ ബൈസിക്കൾ തള്ളിക്കയററി അവിടെ ഒരുഭാഗത്തുവച്ചു. എന്നിട്ടു ഞാൻ ചുററിലും കണ്ണോടിച്ചു. അവിടെയെങ്ങും ആരുമില്ല.മുഴവൻ ശൂന്യമായിരുന്നു. മജിസ്ട്രേട്ടുകച്ചേരിയുടെ വാതിൽ തുറന്നു കിടന്നിരുന്നു. ഞാൻ അകത്തുകയറി. അവിടെയും ആളില്ല. ഭാഗ്യവശാൽ ഫോൺ പ്രവൎത്തനത്തിലാണു്. അടുത്തുള്ള നാലു കൗണ്ടികളിലേയും മജിസ്ട്രേട്ടന്മാരുടെ ആഫീസുകളിലേക്കു ഞാൻ വിളിച്ചു. ലി–സീൻ, പു–യെ, ഷെൻ–സെ, ആൻ– മിങ്ങ്– നാലുസ്ഥലത്തും ആളില്ല. ആരുമില്ലാത്ത മുറികളിലാണു് ഫോൺ കിലുങ്ങിയതെന്നു് എനിക്കു മനസ്സിലായി. എല്ലാവരും എത്താണ്ടു് ഒരേസമയത്തു തന്നെ സ്ഥലം വിട്ടിരിക്കയാണു്.

പെട്ടെന്നു് ഞാൻ ജയിലിലേയ്ക്കുചെന്നു. ചൈനയിലെ ചെറുകൗണ്ടികളിലെ ജയിലുകൾ ഒരേ മാതൃകയിൽ പണിതിരിക്കുകയാണു്. ഒന്നിനകത്തു മറെറാന്നായി മൂന്നു ഭിത്തികളുണ്ടവയ്ക്കു്. മൂന്നാമത്തെ ഭിത്തിയാണു് യഥാൎത്ഥമായ തടവുമുറിയുടെ ഭിത്തി. വലിയ പൂട്ടുകളുള്ള കനത്ത വാതിലുകളാണെല്ലാം. അവയ്ക്കുള്ളിലത്രെ തടവുകാർ.

അവരുടെ കാലുകൾ ചങ്ങലകൊണ്ടു ബന്ധിച്ചിരിക്കും. രാത്രിയിൽ എല്ലാ ചങ്ങലയും കൂട്ടികെട്ടും.

ഞാൻ ചെന്നപ്പോൾ ജയിലറകൾ എല്ലാം പൂട്ടിയിരുന്നു. പുള്ളികൾ ഉള്ളിൽതന്നെയുണ്ടു്. ഞാൻ ഉറക്കെ വിളിച്ചു. എൻെറ പേരുപറയുന്നതിനു മുൻപുതന്നെ അവരെന്നെ തിരിച്ചറിഞ്ഞിരുന്നു. പാവങ്ങൾ! അവരെ ആരെങ്കിലും രക്ഷിച്ചില്ലെങ്കിൽ എല്ലാം അതിനുള്ളിൽ കിടന്നു ചത്തതുതന്നെ. എന്നാൽ ഞാനെങ്ങനെ അവരെ തുറന്നുവിടാനാണു്! എനിക്കു വല്ല അധികാരവുമുണ്ടോ? ഞാൻ അവരെ തുറന്നുവിട്ടു എന്നുവയ്ക്കുക. അവർപട്ടണത്തിൽകടന്നു കവച്ചു നടത്തിയാലോ! എന്തെങ്കിലും കട്ടുതകുററം വല്ലതും കാട്ടിയാലോ! പട്ടണവാസികൾ ഒന്നടങ്കം എനിക്കെതിരായി തിരിയുകയില്ലേ? യുദ്ധഭീതി അങ്ങേഅററത്തെത്തിയിരിക്കയാണു്. ശത്രുസൈന്യം എപ്പോഴെന്നറിഞ്ഞില്ല പട്ടണത്തിൽ എത്തുന്നതു്.

എന്തുചെയ്യണമെന്നറിയാതെ ഞാൻ വിഷമിച്ചു. ആൻകുവിലെ ചേംബർ ഓഫ് കാമേഴ്സിൻെറ പ്രസിഡൻറാണു് മി. പു- വെൻ- പു. അദ്ദേഹത്തെ കാണാൻ ഞാൻ ഓടി. മി. പു- വെൻ. പു ആൻകുവിലെ ഒരു ധനാഢ്യനാണു്. വളരെ ജനസ്വാധീനമുള്ള ആൾ!

"ഈ തടവുകാരെ തുറന്നുവിടുന്ന കാര്യത്തിൽ അങ്ങേയ്ക്കു എന്നെ സഹായിക്കാമോ?" ഞാൻ ചോദിച്ചു.

എൻെറ ചോദ്യം അദ്ദേഹത്തെ അമ്പരപ്പിച്ചു. എനിക്കു കിറുക്കാണോ എന്ന ഭാവത്തിൽ അദ്ദേഹം എന്നെസൂക്ഷിച്ചു നോക്കി.

"ഹെന്തു്! അവരെ തുറന്നുവിടാനോ! അവരീ നാടു മുടിയ്ക്കും! കൊലയും കൊള്ളിവയ്പും നടത്തും! സ്ത്രീകളെ അപമാനിക്കും! ഞാനില്ല- ഞാനില്ല!" പ്രസിഡന്റു് കൈയൊഴിഞ്ഞു. അങ്ങേയ്ക്കങ്ങനെ ചെയ്യണമെന്നുണ്ടെങ്കിൽ ആയിക്കൊള്ളൂ! ഞാൻ സമ്മതിച്ചിരിക്കുന്നു." പരിഹാസ ഭാവത്തിൽ അദ്ദേഹം ആവർത്തിച്ചു.

എന്നാൽ ആ ഉത്തരമല്ലല്ലോ ഞാൻ പ്രതീക്ഷിച്ചതു്. അതുകൊണ്ടു് പ്രശ്നം പരിഹരിക്കപ്പെട്ടതുമില്ല. ഞാൻ ജനസ്വാധീനമുള്ള മറ്റൊരാളെ സമീപിച്ചു. മി. ഷ്യ-വെയ്-നാങ്ങ്. അദ്ദേഹവും ഒഴിഞ്ഞുമാറി. ഭവിഷ്യത്തു് ആപൽക്കരമായിരിക്കുമെന്നു് അദ്ദേഹം ഭയപ്പെട്ടു.

ഇവർ രണ്ടുപേരും കൈയൊഴിഞ്ഞാൽ ആ പട്ടണത്തിൽപിന്നീടാരുമില്ല. എനിക്കുവല്ലാത്ത നിരാശതോന്നി. ഞാൻ തിരിച്ചുപോന്നു. വഴിമദ്ധ്യേ ഒരു പട്ടാളക്കാരൻ ഒരു കോവർകഴുതയുടെ പുറത്തു വരുന്നു. അയാൾ അവിടെ അടുത്തുള്ള ആളാണു്, ഞാൻ ചോദിച്ചു: "നിങ്ങൾക്കു് എവിടാണുജോലി?"

"പന്ത്രണ്ടാം ഡിവിഷൻ. മൂന്നാപട്ടാളം" അയാൾ മറുപടിപറഞ്ഞു.

"നിങ്ങളുടെ ജനറൽ?" ഞാൻ വിളിച്ചുചോദിച്ചു.

"ജനറൽ ടാങ്ങ്-ഹോയ്- യുവാൻ"

അതൊരുനല്ലവാർത്തതന്നെ, ജനറൽ ടാങ്ങുമായി ഞാൻ കത്തിടപാടുകൾ നടത്തിയിട്ടുണ്ടു്. അദ്ദേഹത്തെ കണ്ടു, വിവരം പറയാമെന്നു ഞാൻ കരുതി,

"ജനറൽ ഇങ്ങോട്ടു വരുന്നുണ്ടോ?" എൻെറചുററും കഴുതപ്പുറത്തിരുന്ന വട്ടംകറുങ്ങി സംസാരിക്കുന്ന ആ പട യാളിയോടു വീണ്ടും ഞാൻ ചോദിച്ചു

"വരുന്നുണ്ടു്. പക്ഷെ സൂക്ഷിക്കണം. ജനറൽ പടിഞ്ഞാറേ കോട്ടവാതലിൻ കൂടിയാണു വരിക. മററു് ഉദ്യോഗസ്ഥന്മാരുമുണ്ടു്. പട്ടാളക്കാർ എല്ലാം എന്നെപ്പോലെ കോവർ കഴുതയിലാണു്." ഇത്രയുംപറഞ്ഞു അയാൾ കഴുതയെ മുന്നോട്ടുവിട്ടു.

സംഘട്ടനം തുടങ്ങിയപ്പോൾ സൈനികോദ്യോഗസ്ഥന്മാരെ കൊല്ലുകയെന്നുള്ളതായിരുന്നു ജപ്പാൻകാരുടെ പണി. നേതാക്കളെക്കൊന്നാൽ പട്ടാളത്തെ എളുപ്പം പാട്ടിലാക്കാമെന്നായിരുന്നു അവരുടെ ധാരണ. എന്നാൽ കൂർമ്മബുദ്ധികളായ ചൈനാക്കാർ അതിനു് പ്രതിവിധി ഉടൻതന്നെ കണ്ടുപിടിച്ചു. ഭടന്മാൎക്കെല്ലാം കഴുതകളെയും കോവർകഴുതകളെയും കൊടുത്തു ചിതറിച്ചുനിറുത്തി. ഈ വിദ്യയെപ്പററി അന്നു കാലത്താണു് ഞാൻ അറിഞ്ഞതു്.

ഞാൻ പെട്ടെന്നു് പടിഞ്ഞാറേ ഗേററിലെത്തി ജനറലിനെ കാത്തു നിലയായി. കുറച്ചു കഴിഞ്ഞു് അദ്ദേഹം വന്നു. ഞാൻ അദ്ദേഹത്തെ അഭിവാദ്യം ചെയ്തു് ഞങ്ങളുടെ സങ്കേതത്തിലേക്കു ക്ഷണിച്ചു. ജനറൽ അതു സമ്മതിച്ചു. അവർ ചൂടുഭക്ഷണം കഴിച്ചിട്ടു് ദിവസങ്ങൾ വളരെയായിരുന്നു. സമൎത്ഥനായ ഒരു പാചകൻ ഞങ്ങൾക്കുണ്ടു്. സ്വാദുള്ള വിഭവങ്ങൾ അയാൾ തയാറാക്കി, കുറച്ചു, വൈനും കൂടി കരുതിയിരുന്നു. ജനറലും കൂട്ടരും തൃപ്തിയായി ഭക്ഷ

ണം കഴിച്ചു. പ്രശാന്തമായ മിഷൻസങ്കേതം ആ ഉദ്യോഗസ്ഥനു വളരെ ഇഷ്ടപ്പെട്ടു.

ഭക്ഷണസമയം തടവുകാരെപ്പററി ഞാൻ പറഞ്ഞു. അവരെ തുറന്നുവിടാൻ അദ്ദേഹം തയ്യാറാകുമോഎന്നു ഞാൻ ചോദിച്ചു. സാധ്യമല്ലെന്നു് ജനറൽ തീർത്തു പറഞ്ഞു. അദ്ദേഹമൊരു സൈനികോദ്യോഗസ്ഥനാണു്. മജിസ്ട്രേട്ടിൻെറ അധികാരസീമയിൽ കൈയിടാൻ അവകാശമില്ല.

ഏതായാലും ഞാൻ അതുകൊണ്ടു മതിയാക്കിയില്ല. ഭക്ഷണാനന്തരം ഞാൻ അദ്ദേഹത്തെ ഒരുവശത്തേക്കു വിളിച്ചു. "ജനറൽ, സൈനികരീതിയിൽ സാധ്യമല്ലെന്നു് അങ്ങുപറഞ്ഞു. അതു ഞാൻ ആദരിക്കുന്നു. എന്നാൽ, ഒരു ചീനക്കാരൻ എന്നനിലയിൽ അങ്ങേയ്ക്കതു ചെയ്യാമെന്നാണെൻെറ വിശ്വാസം".

ജനറൽ നിഷ്ക്കളങ്കമായി ചിരിച്ചു. എനിക്കെന്താണു വേണ്ടതെന്നു ചോദിച്ചു. ഞാൻ പറഞ്ഞു:

"കുറെ പട്ടാളക്കാരെ എന്നോടൊന്നിച്ചയയ്ക്കണം. ഞങ്ങൾചെന്നു് തടവുകാരെ തുറന്നുവിടാം. പെട്ടെന്നു വേണം താനും. പിന്നീടായാൽ വിശേഷമില്ല. നാമെല്ലാം ദുഃഖിക്കേണ്ടിവരും. അവർ അവിടെക്കിടന്നുമരിയ്ക്കും."

"ഓ! അങ്ങേയ്ക്കു തടവുകാരുടെ കാര്യമാണല്ലൊ പ്രധാനം; അങ്ങയുടെ കാര്യമോ?" ജനറൽ ചോദിക്കുകയാണു്.

"അതെ, ഞാൻ അതു് ഓക്കാസ്സയല്ല. എന്നാൽ, അവരിൽ ചിലരെ ഞാൻ ഞങ്ങളുടെ വിശ്വാസികളാക്കി. എനിക്കവരെപ്പററി ഉറപ്പുണ്ടു്."

"അങ്ങേയ്ക്കു് ഇക്കാര്യത്തിൽ ഇത്രമാത്രം താല്പര്യമുണ്ടെന്നു് എന്തുകൊണ്ടു മുൻപേ പറഞ്ഞില്ല?" എന്നെ സഹായിക്കാനുള്ള ഭാവത്തോടുകൂടി ജനറൽ ചോദിച്ചു.

അദ്ദേഹം അംഗരക്ഷകനെ വിളിച്ചു് ഏതാനും ഭടന്മാരെ കൂട്ടിക്കൊണ്ടുവരാൻ കല്പനകൊടുത്തു. അവരൊന്നിച്ചു് ഞാൻ ജയിലിൽ ചെന്നു. ഞങ്ങൾ ജയിലറയുടെ പൂട്ടുകൾ ഒന്നൊന്നായി പൊളിച്ചു അകത്തുകയറി. ഞാൻ കാലത്തു് ജയിലിൽ ചെന്നിട്ടു് പെട്ടെന്നു് പോന്നു. എന്തോ തകരാറുണ്ടായിരിക്കണം എന്നു് ജയിൽപുള്ളികൾക്കു തോന്നിയിരുന്നു. അവർ വെള്ളം പോലും കുടിച്ചിട്ടില്ല. അവരെ കൂട്ടിക്കെട്ടിയിരുന്ന ചങ്ങല അഴിക്കാനും ആരും ചെന്നില്ല.

ചങ്ങലപൊട്ടിച്ചു മാററുന്നതിനുമുൻപു് ഞാൻ ഒരു അധികാരിയുടെ ഭാവം സ്വയം കാട്ടി. ഞാൻ ജനറലിനുവേണ്ടി സംസാരിക്കുകയാണെന്നു് ആദ്യമായി അവരോടു പറഞ്ഞു. "നിങ്ങളെ തുറന്നുവിടാൻ ജനറൽ ആജ്ഞാപിച്ചിരിക്കയാണു്. അതു് അദ്ദേഹത്തിൻെറ ദയാകൊണ്ടാണെന്നോർക്കണം. നിങ്ങൾക്കു്, അദ്ദേഹത്തിന്റെ സൈന്യത്തിൽ ചേരുകയോ എന്നോടൊന്നിച്ചു മിഷനിലേക്കു വരുകയോ, അതല്ലെങ്കിൽ, അവരവരുടെ നാട്ടിലേക്കു പോവുകയോ ഇഷ്ടംപോലെചെയ്യാം. പട്ടണത്തിൽ കിടന്നു മോഷ്ടിക്കുകയോ മറേറതെങ്കിലും തരത്തിൽ കുററം ചെയ്യുയോ പാടില്ല. കുററക്കാരെ ഉടനെ വെടിവെച്ചു കൊല്ലണമെന്നാണു നിശ്ചയം. കുററം വലുതായാലുംശരി

ചെറുതായാലുംശരി, ഇതു ജനറലിൻെറ കല്പനയാണെന്നു കൂടി ഓക്കണം.

കരാർ സമ്മതിച്ചിരിക്കുന്നുഎന്നു് തടവുകാർ ഒന്നിച്ചു വിളിച്ചുപറഞ്ഞു. ഭടന്മാർ അവരെ പുറത്തുകൊണ്ടുവന്നു. പട്ടാളത്തിൽ ചേരുമെന്നു സമ്മതിച്ചവർ വളരെക്കുറച്ചേ ഉണ്ടായിരുന്നുള്ളു. വീട്ടിൽ പോകാനാണു് കൂടുതൽ ആളുകളും ഇഷ്ടപ്പെട്ടതു്. എന്നോടൊന്നിച്ചു മിഷനിലേക്കുവരാൻ മതപരിവത്തനം ചെയ്യവരും ഒരുങ്ങിയില്ല. തടവുകാരുടെ മോചനം എൻെറ ജീവിതത്തെ ഏററവുംസ്പർശിച്ച കാര്യമാണു്. ജീവകാരുണ്യ ബോധംകൊണ്ടു് ഞാൻ ചെയ്ത ഒരു നിസ്സാരമായ കൃത്യമായിരുന്നു അതു്. എന്നാൽ, സാഹചര്യവും സന്ദർഭവും അനുസരിച്ചാകാം, ജനങ്ങൾ അതിനു് വളരെ പ്രാധാന്യം കൊടുത്തു.

## ഞാനൊരു ഭരണാധികാരി

തടവുകരെ തുറന്നുവിട്ടതും അവർമൂലം പട്ടണത്തിൽ യാതൊരു കുഴപ്പവും സംഭവിക്കാതിരുന്നതും ജനങ്ങളെ സന്തോഷിപ്പിച്ചു. അടുത്തദിവസം ഒരു പ്രതിനിധിസംഘം ഞങ്ങളുടെ സങ്കേതത്തിലേക്കുവന്നു. ഞാൻ ഡിസ്ത്രിക്റു് മജിസ്ട്രേട്ടായിരിക്കണമെന്ന അപേക്ഷയുമായിട്ടാണു് അവർ വന്നതു്. ജനങ്ങൾ അപ്പിക്കുന്ന വിശ്വാസവും ബഹുമതിയും നന്ദിപൂർവം അങ്ങു് നിരസിക്കാവുന്നതല്ല. ആ രംഗം എന്നെ വല്ലാതെ സ്പർശിച്ചു. ഞാനതിനു് അർഹനാണെന്നു് എനിക്കു് വിശ്വാസമില്ല. ഞാൻ മാത്രമാണു് അവിടെ വിദേശീയനായിട്ടുള്ളതു്. അതും ഒരു എളിയ കത്തോലിക്കാപുരോഹിതൻ. അഞ്ചുലക്ഷം ജനങ്ങളുള്ള ആ ജില്ല ഞാനോ ഭരിക്കേണ്ടതു്!

എന്റെ സംശയം ഞാൻ അവരെ അറിയിച്ചു. അതിനെല്ലാം തക്കസമാധാനം അവക്കു പറയാനുണ്ടായിരുന്നു. ആ നാടിനെ സംബന്ധിച്ചുള്ള എന്റെ പരിചയക്കുറവു് മതിയായ ഒരു ന്യൂനതയല്ലേ? ഞാൻ അതു് എടുത്തുകാട്ടി. എന്നാൽ പ്രതിനിധിസംഘത്തിന്റെ വക്താവു് അതിനെ യുക്തിപൂർവം ഖണ്ഡിച്ചുകളഞ്ഞു. വളരെ നേരം ഞങ്ങൾ ഈ പ്രശ്നത്തെപ്പററി ചർച്ചനടത്തി. ചൈനാക്കാക്കു സഹജമായ മര്യാദകാട്ടലോ നന്ദി പ്രകടനമോ അല്ലിതെന്നു് ഞാൻ മനസ്സിലാക്കി. അത്തരമൊരു ഉദ്യോഗത്തിനു പററിയ കരുക്കൾ എന്റെ കൈയിലുണ്ടെന്നു് ഒടുവിൽ എനിക്കു സമ്മതിക്കേണ്ടിവന്നു. എന്റെ സേവനത്തിന്റെ ഒരു ഭാഗമാണതെന്നു് ഞാൻ തീരുമാനിച്ചു. എന്റെ മേലാവായ ബിഷപ്പാണു് ഇക്കാര്യത്തിൽ വിധി കൽപ്പിക്കേണ്ടതെന്നു് ഞാൻപറഞ്ഞു. ചൈനാക്കാരുടെ നന്മയ്ക്കുവേണ്ടി ചൈനാക്കാർ കൊണ്ടുവന്ന ഒരു നിർദ്ദേശത്തിനു് ചൈനാക്കാരൻതന്നെയാണു് അവസാനമായ രൂപം കൊടുക്കേണ്ടതു്.

ഉച്ചയ്ക്കുശേഷമുള്ള സമയം മുഴുവൻ ബിഷപ്പു് ഈ വാദപ്രതിവാദം കേട്ടുകൊണ്ടിരുന്നു. അവസാനം അദ്ദേഹം എന്നോടുപറഞ്ഞു "ജനങ്ങൾ നിങ്ങളെ ആവശ്യപ്പെടുന്നു. നിങ്ങൾ ചെയ്യണമെന്നു പറയുന്ന ജോലി ജനങ്ങളുടെ ക്ഷേമത്തിനു വേണ്ടിയാണു്. അതുസ്വീകരിക്കുക. ഉദ്യോഗപ്പേരുമാത്രം അംഗീകരിക്കേണ്ടാ".

അങ്ങനെ സെപ്റ്റംബർമാസം 24-ാം തിയതി ഉച്ച തിരിഞ്ഞു് ഞാൻ 'ഹൊപ്പെ' പ്രവിശ്യയിലുള്ള 'ആൻകു'

ജില്ലയിലെ ആക്ററിംഗ് മജിസ്ട്രേട്ടായി. ജില്ലയിലെ അഞ്ചുലക്ഷം ജനങ്ങളിൽ അൻപതിനായിരംപേർ ആ പട്ടണത്തിൽത്തന്നെയുണ്ട്. അടുത്ത ദിവസം എൻെറ നിർദ്ദേശപ്രകാരം ഒരു പ്രാദേശിക ഭരണ സമിതി രൂപീകരിക്കപ്പെട്ടു. ഗ്രാമങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് ജില്ലയുടെ അടിസ്ഥാനത്തിൽ ഒരു പോലീസ്സേനയും സംഘടിപ്പിച്ചെടുത്തു. ഒരുമാസം ജില്ലയുടെ 'ഡ്യൂട്ടി'ക്കായി ഞാൻ സമയം ചെലവാക്കി. ഒക്ടോബർ ഇരുപത്തൊന്നോടുകൂടി നാനൂറുഗ്രാമങ്ങളും സ്വന്തം രക്ഷയ്ക്കുവേണ്ടിയുള്ള പ്രതിരോധഘടകങ്ങളായി ഉറപ്പിച്ചുകഴിഞ്ഞു. പട്ടണത്തിലെ പോലീസ് സേന സുസംഘടിതവും സുശക്തവുമായിരുന്നു. അതുപോലെതന്നെ ജില്ലയിലെങ്ങുമുള്ള ഔദ്യോഗികസമിതികളും ഭദ്രമാക്കപ്പെട്ടു.

ഞങ്ങൾ ഈ പുനസ്സംവിധാനം പൂർത്തിയാക്കിയതോടുകൂടി ചൈനയുടെ രക്ഷയ്ക്കായിരൂപീകരിക്കപ്പെട്ട ചുവപ്പുസൈന്യവും വന്നെത്തി. ഞങ്ങൾ അവരെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. എന്നാൽ അവരുടെ വരവുകൊണ്ട് ചൈനയ്ക്കും ലോകത്തിനാകമാനവും ഉണ്ടാകാൻ ഇടയുള്ള വിപത്തിനെപ്പററി ഞങ്ങൾ തെല്ലും സംശയാലുക്കളായില്ല. ജപ്പാൻ അധിനിവേശകാലത്ത് കൂട്ടക്കൊലയും കൊള്ളിവയ്പും നടന്നു. അതിനെക്കാൾ ഭയങ്കരമായിരിക്കും ചെമ്പടയുടെ സാന്നിദ്ധ്യത്തിൽ ഉണ്ടാകാൻപോകുന്നഅനുഭവങ്ങളെന്ന് മനസ്സിലാക്കാനുള്ള സന്ദർഭം ആർക്കും ലഭിച്ചിരുന്നില്ല. അഥവാ വല്ലവരും അതു മനസ്സിലാക്കിയിരുന്നെങ്കിൽതന്നെ അവരെല്ലാം സ്വയം ആപത്തിൽ ചാടി പിന്നീടു നശിക്കുകയാണുണ്ടായത്.

ദേശീയഗവൺമെൻറിൻെറ സൈന്യങ്ങൾ തെക്കോട്ടു നീങ്ങിയ ഉടൻ കമ്യൂണിസ്ററുകൾ അവരുടെ അക്രമസങ്കേതമായ യെനാനിൽനിന്നു പർവതമാർഗ്ഗം കിഴക്കോട്ടും പിന്നീടു വടക്കോട്ടും മാർച്ചു ചെയ്തു. 1931-ൽ ജപ്പാൻകാർ മഞ്ചൂറിയാപിടിച്ച് അധിവാസം ഉറപ്പിച്ചിരുന്നു. 1937 ജൂലൈ ഏഴാം തീയതി ചൈനാക്കാർ ജപ്പാൻെറ അധിനിവേശത്തെ ഔപചാരികമായി അംഗീകരിച്ചു. ജപ്പാൻകാർ ചൈനയിലേക്കു കടന്നു കയറുകയും ആക്രമണത്തിനു മൂർച്ചകൂട്ടുകയും ചെയ്തപ്പോഴാണ്, മുൻപറഞ്ഞ സമരപരിപാടികൾ ചൈനയെ ഒട്ടാകെ കീഴടക്കുവാൻ കാലേകൂട്ടി ആസൂത്രണം ചെയ്തിരുന്ന പദ്ധതികളാണെന്നു വ്യക്തമായത്.

വാർത്താവിനിമയ പരിപാടികളെ ജപ്പാൻകാർ അക്ഷരംവിടാതെ പിൻതുടന്നു. രാജ്യമെമ്പാടും അധിനിവേശമുറപ്പിക്കാനുള്ള സേനാബലം ജപ്പാനുണ്ടായിരുന്നില്ല. കമ്യൂണിസ്റ്റുകാർ ഇക്കാര്യം ബോധപൂർവം ഗ്രഹിച്ചിരുന്നു. ഈ സൗകര്യം എങ്ങനെ പ്രയോജനപ്പെടുത്തണമെന്നും അവർ കാലേകൂട്ടി തീരുമാനിച്ചിരുന്നു. ജപ്പാൻകാർക്കുതാവളമുറപ്പിക്കുവാൻ കഴിയാതിരുന്ന ദിക്കിലെല്ലാം കമ്യൂണിസ്റ്റുകാർ നുഴഞ്ഞുകയറി. അവിടെല്ലാം മാക്സോവിലെ നിയമങ്ങളും നിർദ്ദേശങ്ങളുമനുസരിച്ച് പാർട്ടി സംഘടനകൾ കെട്ടിപ്പടുത്തു. യുവാക്കന്മാരുടെയും വൃദ്ധന്മാരുടെയും ചിന്തയേയും ധാരണയേയും അവർ ശരിക്കും ചൂഷണം ചെയ്തു. ജനങ്ങളുടെ ദേശാഭിമാനത്തെ പൊതുവേയും ചെറുപ്പക്കാരുടെ അപകടാശയങ്ങളെ വിശേ

ഷിച്ചും കരുക്കളാക്കിക്കൊണ്ടു്, കമ്യൂണിസ്റ്റും വിപത്തിനെ ചെറുക്കുന്ന സ്വാഭാവികാദർശങ്ങളെ തുരങ്കം വച്ചുകൊണ്ടു്, ഭീഷണിപ്പെട്ടുത്തിക്കൊണ്ടു്, എവിടെയും കമ്യൂണിസ്ററുകാർ നുഴഞ്ഞുകയറി സംഘടനകൾ ഉണ്ടാക്കി.

കമ്യൂണിസ്ററു കാടത്തത്തെ എതിർക്കുന്നശക്തിയേറിയ ഘടകങ്ങൾ ചൈനയിലുണ്ടു്: ബുദ്ധമതം, കൺഫ്യൂഷിയൻമതം, തയോമതം, മുഹമ്മദ്ദുമതം, പ്രോട്ടസ്റ്റൻറുമതം, കത്തോലിക്കാമതം എന്നിങ്ങനെ ആറു മതവിശ്വാസങ്ങളും കുടുംബബന്ധം, ഗോത്രബന്ധം, ഏകാന്തസംഘടനകൾ, ചൈനയുടെ പരമ്പരാഗതമായ സന്മാർഗ്ഗനിഷ്ഠ, ദേശീയഗവെണ്മൻറു് എന്നീ ശക്തിവിശേഷങ്ങളും കമ്യൂണിസത്തെ വിട്ടുവീഴ്ചയില്ലാതെ എതിർത്തുകൊണ്ടിരുന്നു.

റഷ്യൻ കമ്യൂണിസവും മററു കമ്യൂണിസവുമായി ഘടനയിലും രൂപത്തിലും വ്യത്യാസമില്ല. ലേബലിൽ മാത്രം അല്പം ഭിന്നമെന്നേയുള്ളു. എല്ലാ കമ്യൂണിസ്റ്റും യന്ത്രവും ലോകനേതൃത്വത്തിനു വെമ്പുന്ന 'മോസ്കോ മാസ്റ്റർപ്ലാൻ' അനുസരിച്ചാണു് പ്രവർത്തനം നടത്തുന്നതു്. എല്ലാ കമ്യൂണിസ്ററു രാജ്യങ്ങളും ഘടകരാജ്യങ്ങളും സൂക്ഷ്മാംശത്തിൽപോലും ഈ മാസ്റ്റർപ്ലാനിൽനിന്നു വ്യതിചലിക്കാറില്ല. വല്ലവ്യത്യാസവുമുണ്ടെങ്കിൽ അവ കേവലം ഉപരിപ്ലവവും ആയിരിക്കും. മാർഗ്ഗം അകന്നാലും ലക്ഷ്യം ഒന്നുതന്നെ. മാർഗ്ഗവും ലക്ഷ്യവും പൊരുത്തപ്പെട്ടുത്തിക്കൊണ്ടു പോകാനുള്ള പ്രവണത അവയ്ക്കെല്ലാം ഉണ്ടുതാനും. നിറംമാററം കമ്യൂണിസ്ററുകളുടെ വർഗ്ഗസ്വഭാവ

മാണ്. കാര്യംകാണാൻ ഏതുവ്യവസ്ഥയും അവർ അംഗീകരിക്കും. കാര്യംകണ്ടാൽ ഏതു വിശ്വാസപ്രമാണവും അവർ പിച്ചിച്ചീന്തും. അതിനുള്ള സാങ്കേതിക വൈദഗ്ദ്ധ്യം കമ്യൂണിസ്റ്റുകൾക്കുണ്ട്. എന്നാൽ ഈ അടവുകൾ മററാരും അംഗീകരിക്കരുതെന്നുകൂടി അവക്കു നിർബന്ധമുണ്ട്. അതിനൊട്ട് അവർ അവസരം നൽകാറുമില്ല. ജീവിക്കുകയും ജീവിക്കാൻ അനുവദിക്കുകയും ചെയ്യുന്ന മനുഷ്യനെ കമ്യൂണിസ്റ്റുകൾ കണ്ടാൽ അവൻ പിന്നെ ജീവിക്കുകയില്ല.

ഒരു പിശാചുണ്ടാക്കിയ ചൈനീസ് ചുരുൾചിത്രത്തിന്റെ ഭീകരതയോടെ ഇക്കാര്യങ്ങളെല്ലാം ഞങ്ങൾ കൺമുൻപിൽ കാണുകയായിരുന്നു.

അദ്ധ്യായം രണ്ടു്.

# ചുവപ്പുസംഘം കടന്നുകയറുന്നു

കമ്യൂണിസ്ററുകാർ വടക്കോട്ടു നീങ്ങുന്നു എന്നറിഞ്ഞു് ഞാൻ ഒരു പൊതുയോഗം വിളിച്ചുകൂട്ടി. പട്ടണത്തിലെ പ്രമുഖ പൗരന്മാർ എല്ലാം അതിൽ സംബന്ധിച്ചിരുന്നു. ഡിസ്ട്രിക്ററ് മജിസ്ട്രേട്ടായി എന്നെ അവരോധിച്ച പ്രാദേശികസമിതി അംഗങ്ങളായിരുന്നു അധികവും. കമ്യൂണിസ്റ്റ് പടയാളികളെ സ്വാഗതം ചെയ്കയാണാവശ്യമെന്നു ഞാൻ നിർദ്ദേശിച്ചു. എന്നാൽ കമ്യൂണിസ്ററുകാർ പിടിച്ചടക്കിയ മററു പട്ടണങ്ങളിലെയും ഗ്രാമങ്ങളിലെയും കദനംനിറഞ്ഞകഥകൾ അവരെ ഞെട്ടിപ്പിച്ചിരുന്നു, അതുകൊണ്ടു് എൻെറ അഭിപ്രായത്തോടു് അവർക്കാർക്കും ആനുകൂല്യം ഉണ്ടായില്ല. പക്ഷെ സ്ഥലത്തെ അപ്പോഴത്തെ ഭരണാധിപൻ എന്ന നിലയ്ക്കു് അത്തരമൊരു നിലപാടു സ്വീകരിക്കുന്നതു ബുദ്ധിപൂർവകമായിരിക്കുമെന്നു് എനിക്കുതോന്നി.

"എന്തായാലും ഒന്നു പരീക്ഷിച്ചുകളയാം. കമ്യൂണിസ്ററുകളൊന്നിച്ച് നമുക്കു പ്രവൎത്തനം നടത്താമോ എന്നു നോക്കേണ്ടതുണ്ട്" ഞാൻ അഭിപ്രായപ്പെട്ടു. ജനങ്ങൾ പിറുപിറുത്തുകൊണ്ടു തല കുലുക്കിയതേയുള്ളു.

"ഏതുതരക്കാരായാലും അവർ ചൈനാക്കാരാണല്ലോ. ജപ്പാൻ പടയാളികളെക്കാൾ അവരെ നമുക്കു വിശ്വസിക്കരുതോ, അവർ പറയുന്നതുപോലെ ജപ്പാൻകാൎക്കെതിരാണോ അവർ എന്നും അറിയണമല്ലോ! വാസ്തവത്തിൽ കമ്യൂണിസ്ററുകാർ ജപ്പാനെതിരേ പടവെട്ടുകയാണെങ്കിൽ നമുക്കവരെ സഹായിച്ചുകൂടെ?". ഞാൻ ചോദിച്ചു.

കമ്യൂണിസ്ററു സേനയുടെ സ്വഭാവത്തെയും പെരുമാററത്തെയും പററി അനുഭവസ്ഥന്മാർ പറഞ്ഞ കഥകൾ സംഭ്രമജനകങ്ങളായിരുന്നു. അതുകൊണ്ട് ചൈനാക്കാരുടെ സ്വാഭാവികമായ യാഥാസ്ഥിതിക മനോഭാവം ജനങ്ങളിൽ തെളിഞ്ഞുതന്നെ കാണാൻകഴിഞ്ഞു. 1927-നും 1934-നും ഇടയിൽ കുമിന്താങ്ങും കമ്യൂണിസ്ററുമായുണ്ടായ ഏററുമുട്ടൽ ചീനയുടെ ആധുനിക ചരിത്രത്തിൽ ആരും രേഖപ്പെടുത്തിയിട്ടില്ല. ഈ കാലഘട്ടത്തിനിടയിലാണ് ഞാൻ ചൈനയിൽ എത്തിയതു്. മിഷൻ ജോലിയുടെ സൗകര്യത്തിനുവേണ്ടി അന്നു ഞാൻ ചീനഭാഷ ശ്രദ്ധിച്ചുപഠിക്കുകയാണ്. രാഷ്ട്രീയകാര്യങ്ങളിൽ ഞാനത്ര ഉത്സാഹം കാണിച്ചില്ല. ചൈനയുടെ പുരാതനചരിത്രവും മദ്ധ്യകാലചരിത്രവുമാണ് ഞാൻ പഠിച്ചുകൊണ്ടിരുന്നതു്. ചൈനാക്കാരുടെ പാര

സർവ്വവിശ്വാസങ്ങളും ജീവിതരീതികളും ഞാൻ മനസ്സി ലാക്കി.

വിജയികളായിരുന്ന സൈന്യത്തെ സ്വാഗതം ചെയ്തു പാരിതോഷികങ്ങൾ കൊടുക്കുക ചൈനയിലെ പഴയപതിവാണ്. അതുകൊണ്ട് ആ പതിവുതുടരണ മെന്ന് അവിടെ കൂടിയവരോടു ഞാൻ പറഞ്ഞു.

എൻെറ സുഹൃത്തുക്കൾ അർത്ഥഗർഭമായി തല യാട്ടി. "കമ്യൂണിസ്റ്റുകാർ പഴയ പതിവൊക്കെ മാറ്റി യിരിക്കുന്നു" ഒരു വൃദ്ധൻ നിരുത്സാഹത്തോടെ അഭിപ്രാ യപ്പെട്ടു. "ക്യാങ്ങ്സിയിൽ അവർ ആദ്യം വന്നപ്പോൾ നാട്ടുകാർ സൽക്കരിച്ചു. കുറച്ചുകഴിഞ്ഞ് കുമിന്താങ്ങ് പട്ടാളം കമ്യൂണിസ്ററുകാരെ ഓടിച്ചു. അപ്പോൾ ജന ങ്ങൾ കുമിന്താങ്ങിനെ സ്വീകരിച്ചു. വീണ്ടും കമ്യൂണി സ്ററുകാർ ജയിച്ചു. അവരെ സൽക്കരിക്കാൻ ചെന്ന ജനങ്ങളെ കമ്യൂണിസ്റ്റുകാർ എന്തുചെയ്തെന്നോ! കുമിന്താ ങ്ങിനെ സൽക്കരിച്ചതിന്ന് നാട്ടുകാരെ കൂട്ടത്തോടെ ചുട്ടെ രിച്ചു".

"ക്യാങ്ങ്സിയിലായിരുന്നു ഭയങ്കരമായ സംഘട്ട നം" മറെറാരു വൃദ്ധൻ പറയുകയാണ് "ആളുകൾ വള രെയുള്ള ഒരു ദിക്കായിരുന്നു ക്യാങ്ങ്സി. കമ്യൂണിസ്ററു കാർവരുന്നതിനു മുൻപ് രണ്ടുമൂന്നു കോടി ജനങ്ങൾ അവിടുണ്ടായിരുന്നു. വന്നതിനുശേഷം നേർപകുതി യില്ല".

"ആപത്താണുഫാദർ!" മറെറരാൾ ഇടയ്ക്കുകയറി അഭിപ്രായംപറഞ്ഞു. "കമ്യൂണിസ്ററുകാരെ സ്വാഗതം

ചെയ്യുന്നതു കരുതിവേണം. ഈ നാട്ടിൽ യാതൊന്നും ഇട്ടേക്കകില്ലവർ. നമുക്കു തല്ക്കാലം ഒന്നിനും പോകേണ്ട. അവർ എന്തുചെയ്യുമെന്നറിയട്ടെ!''.

അവിടെ കൂടിയിരുന്ന ആളുകളുടെ അഭിപ്രായം ശരിയെന്നു് എനിക്കുതോന്നി. കമ്യൂണിസ്ററുകാർ എന്തുചെയ്യുമെന്നു് കാത്തിരിക്കാൻതന്നെ ഞാനും നിശ്ച യിച്ചു.

ഒരാഴ്ചകഴിഞ്ഞു. ഒക്ടോബർ ഇരുപത്തൊന്നു്! ഒരു ചെറുപ്പക്കാരനായ കമ്യൂണിസ്ററുദ്യോഗസ്ഥൻ എന്നെകാണാൻവന്നു. ''ഞാൻ ജനറൽ ലൂ-ചെങ്ങ്- സാവോയുടെ അംഗരക്ഷകനാണു്. അദ്ദേഹം പറഞ്ഞിട്ടു വന്നതാണു്.'' അയാൾ ജനറലിൻെറ വിസിററിംഗ് കാർഡ് എൻെറനേരെ നീട്ടി.

ഞാനും നാട്ടുകാരും ചൈനയിലെ മുറയനുസരിച്ചു് ആ ഉദ്യോഗസ്ഥനെ അഭിവാദ്യം ചെയ്തു. അദ്ദേഹം പ്രതിവന്ദനവും ചെയ്തു. ''ജനറൽ ലൂ ഇന്നു രാത്രിയിൽ എത്തും. ആൻകു ആയിരിക്കും അദ്ദേഹത്തിൻെറ തല സ്ഥാനം. ജനറൽ ഒന്നിച്ചു് അത്താഴംകഴിക്കാൻ അങ്ങു കൂടി ഉണ്ടായിരിക്കണം.'' യുവാവു പറഞ്ഞുനിറുത്തി.

**അവക്കു് ഒരു സഹായം ചെയ്യണം**

ഞാൻ ആ ക്ഷണം നന്ദിയോടെ സ്വീകരിച്ചു. എന്നിട്ടു് മുഖവുരകൂടാതെ അയാൾവന്ന കാര്യത്തി ലേക്കു കടന്നു. ''അങ്ങേയ്ക്കു് ഒരു അച്ചടിശാലയുണ്ടല്ലോ. ഉടൻ തന്നെ ഞങ്ങൾക്കു കുറെ ചുവർ പരസ്യങ്ങൾ അ

ച്ചടിച്ചുതരണം.'' എനിക്ക് മറുപടിപറയാൻ ഇടനൽകാതെ പരസ്യങ്ങൾ അച്ചടിക്കാനുള്ള കൈയെഴുത്തു പ്രതികൾ അയാൾ എന്റെ കൈയിൽ തിരുകിക്കയററി. എന്നിട്ട് ഒരു ലോഹ്യഭാവത്തോടെ 'സല്യൂട്ട്' ചെയ്തു സ്ഥലംവിട്ടു.

വൈകുന്നേരം ജനറൽ ലൂവിന്റെ താല്ക്കാലിക വസതിയിലേക്ക് ഞാൻ ബൈസിക്കിളിൽ പോയി. ഒരു ഊക്കൻ കെട്ടിടമായിരുന്നു അത്. ചാരനിറമുള്ള ഇഷ്ടിക പട്ടുത്തുണ്ടാക്കിയ ഒരു വിശാലമായ സൗധം; ചൈനാക്കാർക്ക് ചാരനിറമുള്ള ഇഷ്ടികയാണിഷ്ടം. തിയെൻഷിൻ, ഷാങ്ങ്ഹേയി മുതലായ തുറമുഖപട്ടണങ്ങളിൽ ചെങ്കൽ പട്ടുത്ത കെട്ടിടങ്ങളുമുണ്ട്. ഇവയെല്ലാം വിദേശികൾ നിർമ്മിച്ചവയാണെന്നു കരുതണം. വടക്കെ ചൈനയിലെ മിക്ക കെട്ടിടങ്ങളുടെയും മേൽക്കൂര പരന്നതാണ്. എന്നാൽ ജനറൽ താമസിക്കാൻ തെരഞ്ഞെടുത്ത കെട്ടിടം ചരിഞ്ഞ മേൽക്കൂരയോടുകൂടിയതായിരുന്നു. ചാരനിറമുള്ള ഓടാണു മേഞ്ഞിരുന്നത്. ധനികന്മാരേ ഇത്തരം മന്ദിരങ്ങൾ ഉണ്ടാക്കാറുള്ളു.

ഗേററിന്റെ ഇരുവശവും കല്ലിൽ കൊത്തിയ രണ്ടു സിംഹങ്ങൾ നിലയുറപ്പിച്ചിരുന്നു. വീട്ടിന്റെ രക്ഷയ്ക്ക് ഇത്തരം ദ്വാരപാലകന്മാർ വേണമെന്നാണ് ചീനക്കാരുടെ വിശ്വാസം. എന്നാൽ ജനറലിന് അതുപോരാ. ബയണററുറപ്പിച്ച തോക്കുകളുമായി രണ്ടു പട്ടാളക്കാർ ഗേറ്റിൽ കാവൽ നിന്നിരുന്നു.

അവർ എന്നെ പ്രതീക്ഷിച്ചു നിൽക്കുകയാണ്. അവർ ബഹുമാനപൂർവം എന്നെ അകത്തേക്കു കടത്തി

വിട്ടു. അവിടെയുമുണ്ട് അംഗരക്ഷകന്മാർ. അവരും എന്നെ വന്ദിച്ച് അടുത്ത മുററത്തേക്കു വഴികാട്ടി. രണ്ടു മുററങ്ങൾകൂടി കഴിഞ്ഞപ്പോൾ ജനറലിൻെറ രഹസ്യ സങ്കേതമായി. ചൈനീസ് കുടുംബങ്ങളിൽ സാധാരണ കേൾക്കാറുള്ള കൗതുകസംഭാഷണമൊന്നും അവിടെ കേൾക്കാനില്ല. അകമുററങ്ങളിലെങ്ങും ചൈനാക്കാർ പൂക്കപ്പികൾ നിരത്തിവച്ചിരിക്കും. അവയെല്ലാം ആവശ്യമില്ലാത്ത അലങ്കാരസാധനങ്ങളെന്നോണം എങ്ങോട്ടോ മാററിയിരുന്നു. പക്ഷേ, മുററങ്ങളിലും മുറികളിലും മച്ചുകളിലും ഒക്കെ പ്രശംസാവാക്യങ്ങളെഴുതിയ പട്ടുതോരണങ്ങളും നിറപ്പകിട്ടുള്ള പലകകളും ധാരാളമായി കാണാനുണ്ട്. ഈ മാതിരി അലങ്കാരസാധനങ്ങൾക്ക് 'പീൻ' എന്നാണ് ചൈനാക്കാർ പറയുക. ആഢ്യജനങ്ങൾക്ക് ആരാധകർ സമർപ്പിക്കുന്ന ബഹുമതിമുദ്രകളാണിവ.

അവയിൽ കണ്ട അക്ഷരങ്ങൾ ഞാൻ വായിച്ചുനോക്കി. ആ വീട്ടിൽ മുൻപു താമസിച്ചിരുന്ന മാന്യനെ പ്രശംസിച്ചെഴുതിയിട്ടുള്ള ലിഖിതങ്ങളായിരുന്നു അവ. ഇതൊന്നും മാററാൻ ജനറൽ ആജ്ഞാപിച്ചില്ല. ചൈനാക്കാരിൽ വായിക്കാനറിയാവുന്നവർ ചുരുക്കമാണ്. എന്നാൽ 'പീൻ' എന്തെന്ന് ഏതു പാവപ്പെട്ടവനും അറിയാം. ഒരാളിൻെറ പദവിയും പ്രതാപവും കാണിക്കുന്ന ആർഭാടവസ്തുക്കളാണവ.

ജനറൽ ലൂ ബഹുമാനത്തോടെതന്നെ എന്നെ സ്വീകരിച്ചു. ഒന്നിച്ചു ഭക്ഷണവും കഴിഞ്ഞു. അദ്ദേഹവും

ഞാനും, പ്രശസ്തരായ ചതുക്കം ചില ഉദ്യോഗസ്ഥന്മാരും വിരുന്നിൽ പങ്കുകൊണ്ടു. ജനറൽ ചെറുപ്പമാണ്. മെലിഞ്ഞുനീണ്ടു് വിവർണ്ണമായ മുഖഭാവം. സംഭാഷണചതുരനാണദ്ദേഹം. നല്ല ചീനഭാഷ വശമുണ്ടു്. കമ്യൂണിസ്ററു തത്വശാസ്ത്രം ഭംഗിയായറിയാം; അതിൻെറ മറുവശവും അദ്ദേഹം ഗ്രഹിച്ചിട്ടുണ്ടു്. ജനറൽ വാൻ–ഫു–ലിൻ ഒരുമിച്ച് മഞ്ചൂറിയായിൽ ദേശീയഗവണ്മെൻറിൻെറ അൻപത്തിമൂന്നാമത്തു സേനാവിഭാഗത്തിൽ ജോലിയാരംഭിച്ച ആളാണദ്ദേഹം. ജപ്പാൻകാർ ആ സൈന്യത്തെ തോൽപ്പിച്ചു. ജനറൽ അന്നു സിയാനിൽ ആണ്. അന്നുമുതൽ അദ്ദേഹം കമ്യൂണിസ്റ്റ്അനുഭാവിയായി. 1936– ഡിസംബറിൽ മഞ്ചൂറിയൻജനറൽ ചാങ്ങ്–സ്യൂ–ലിയാങ്ങിൻെറ ഗ്രൂപ്പിൽ ചേർന്നു. സിയാൻ പ്രദേശങ്ങളിൽനിന്നും കമ്യൂണിസത്തെ തുടച്ചുമാററാൻ നിയുക്തനായ ആളായിരുന്നു ജനറൽ ലിയാങ്ങ്. എന്നാൽ, ജപ്പാൻകാരാൽ തോല്പ്പിക്കപ്പെട്ടശേഷം കമ്യൂണിസ്ററു പ്രചരണം ഈ സൈന്യത്തിൽ വലിയ പ്രേരണ ചെലുത്തി. ആഭ്യന്തരസമരം അവസാനിപ്പിച്ച് ജപ്പാനെ നേരിടുക എന്നായിരുന്നു കമ്യൂണിസ്ററുകളുടെ അന്നത്തെ മുദ്രാവാക്യം.

ഇതിൻെറ ഫലമായി കമ്യൂണിസ്ററുകൾക്കെതിരായ പ്രതിവിപ്ലവശക്തികൾ കെട്ടടങ്ങി. ചിയാങ്ങ് കൈഷക്കു് ഷെൻസിയിലേക്കു മാറിയപ്പോൾ ഇതായിരുന്നു അവസ്ഥ. ഈ സ്തംഭനാവസ്ഥയിൽ മുതലെടുത്തുകൊണ്ടാണ് ജനറൽ സ്യൂലിയാങ്ങും മററുചില ഉന്നത

ന്മാരുംകൂടി കൈഷക്കിനെ കെണിയിൽ കുടുക്കിയതു്. രണ്ടാഴ്ചക്കാലം കൈഷക്ക് അവരുടെ തടവുകാരനായിരുന്നു. ഇതിനകം കമ്യൂണിസ്ററുകളും നാഷണലിസ്ററുകളും മഞ്ചൂറിയന്മാരും തെരുതെരെ കൂടിക്കാഴ്ചകൾ നടത്തി. 1923-നും 1926-നും ഇടയിൽ കമ്യൂണിസ്ററുകളുമായുള്ള കൂട്ടുകെട്ടിൽ കടുത്ത തിക്താനുഭവങ്ങളാണു കുമിന്താങ്ങുകൾക്കുണ്ടായതു്. എങ്കിലും ഈ കെണിയുടെ ഫലമായി കമ്യൂണിസ്ററുകളുമായി ഒരു ഐക്യമുന്നണി സൃഷ്ടിക്കാതെ കുമിന്താങ്ങിനു തരമില്ലാതായി.

ജനറൽ ലൂ അദ്ദേഹത്തിൻെറ പട്ടാള സേവനത്തെപ്പററി എന്നെ മനസ്സിലാക്കാതിരുന്നെങ്കിൽ അദ്ദേഹം കമ്യൂണിസ്ററു പാർട്ടിയിലെ ഒരു പുത്തൻ കൂട്ടുകാരനാണെന്നു് ഞാൻ ധരിക്കുമായിരുന്നു. അന്നുരാത്രിയിൽ ഒരുതവണമാത്രമേ അദ്ദേഹം കറുപ്പുചേർത്തു പുക വലിച്ചുള്ളു. അതിനേ അദ്ദേഹത്തിനു് അനുവാദമുള്ളു. കമ്യൂണിസ്ററു പാർട്ടിയിലെ പാരമ്പര്യമുള്ള സഖാക്കൾ കറുപ്പുപയോഗിക്കാൻ നേതാക്കളെ അനുവദിച്ചിരുന്നില്ല. പുകവലിക്കോ മദ്യപാനത്തിനോ സ്ത്രീസേവക്കോ താല്പര്യമുള്ള ആരെയും ഒരു നല്ല പാർട്ടി പ്രവർത്തകനായി ഗണിക്കാറില്ല. ചൈനീസ് കമ്യൂണിസ്ററുപാർട്ടിയുടെ കേന്ദ്രസമിതി അംഗമായ ചൂട്ടെ അവിടത്തെ കമ്യൂണിസ്റ്റ് 'ത്രിമൂർത്തി'കളിൽ ഒരാളാണു്, പക്ഷേ, അദ്ദേഹം കറുപ്പുമായി സാത്മ്യം പ്രാപിച്ച സഖാവാണെന്നുള്ളതാണു് പരമാർത്ഥം. കറുപ്പുപേക്ഷിക്കുന്നതിനെക്കാൾ കമ്യൂണിസം ഉപേക്ഷിക്കുകയാണു് ചൂട്ടേക്കിഷ്ടം.

ജനറൽ ലൂ കറുപ്പുപേക്ഷിക്കാൻ പരിശീലിക്കുകയാണ്. അതാണ് ഒരുതവണ മാത്രം അദ്ദേഹം കറുപ്പു പുകവലികൊണ്ടു തൃപ്തിപ്പെട്ടതു്. എന്നാൽ, സിഗററ് അദ്ദേഹത്തിനു് എപ്പോഴും ഉപയോഗിച്ചേതീരൂ. ഭക്ഷണാനന്തരം ആ അഭിമുഖസന്ദർശനത്തിൻെറ പ്രാധാന്യം അദ്ദേഹം വിശദീകരിച്ചു. ഒരു കത്തോലിക്കാ പുരോഹിതൻ ഡിസ്ട്രിക്ററ് മജിസ്ട്രേട്ടായതിൽ അദ്ദേഹം ആശ്ചര്യപ്പെട്ടു. അതും ഒരു യൂറോപ്യൻ!

എൻെറ കാര്യം തുറന്നു പറയാൻ ഇതുതന്നെയായിരുന്നു പററിയ അവസരം. "ഞാൻ ഇങ്ങോട്ടുപോന്നതു് ആ സ്ഥാനം അങ്ങേയ്ക്കു് ഒഴിഞ്ഞു തരുന്നതിനാണു." ഞാൻ ജനറലിനോടു പറഞ്ഞു, "ആരുമില്ലാതിരുന്ന അവസരത്തിൽ ജനങ്ങൾ എന്നെ തിരഞ്ഞെടുത്തു. ജപ്പാൻകാരുടെ ശല്യത്തിൽ നിന്നും രക്ഷനേടുവാൻ പെട്ടെന്നു് വേണ്ടതു ചെയ്യേണ്ടിവന്നു. കൊള്ളാവുന്ന സ്വദേശികളാരെങ്കിലും നേതൃസ്ഥാനത്തേക്കുവരാൻ ഞാൻ കാത്തിരിക്കുകയാണു്. ഭാഗ്യവശാൽ ഇപ്പോൾ അവിടുന്നു വന്നുചേന്നു. അങ്ങു സേനാനിയാണു്. ആവശ്യമുള്ള പട്ടാളം കൈയിലുണ്ടു്. അതുകൊണ്ടു് നിയമാനുസൃതമായി നോക്കിയാൽ അങ്ങാണിവിടെ ഭരണം നടത്തേണ്ടതു്. മേലിൽ ഞാൻ മജിസ്ട്രേട്ടല്ല. എന്നിൽനിന്നു അങ്ങു് ചാർജ്ജ് ഏററുവാങ്ങണം. ഞാൻ എൻെറ ജോലിക്കുപോകട്ടെ!"

ഞാൻ പെട്ടെന്നിങ്ങനെ ഒഴിഞ്ഞുകളയുമെന്നു ജനറൽ പ്രതീക്ഷിച്ചില്ല. അദ്ദേഹത്തിനു് അത്ഭുതം തോന്നി. ഞാൻ ഉദ്യോഗം ഒഴിയുന്നതിൽ ജനറലിനു ഒട്ടും

ന്ത്വപ്തിയില്ല. പക്ഷെ അതുവെറും ഭാവനയായിരുന്നു. എന്നാലും അദ്ദേഹം ശക്തിയായി പ്രതിഷേധം കാട്ടി. മാത്രമല്ല എന്നെയങ്ങോട്ടു പുകഴ്ത്താനും തുടങ്ങി.

"ജനങ്ങൾ അങ്ങയെ എത്രമേൽ സ്നേഹിക്കുന്നുണ്ടെന്നു് എനിക്കറിയാം. അതല്ലെ പ്രധാന സംഗതി? ജനങ്ങളാണു് ശക്തി. അവരെന്താണാവശ്യപ്പെടുന്നതു്! അങ്ങു് ഉദ്യോഗത്തിൽ തുടരണമെന്നു്. എനിക്കും ആ അഭിപ്രായമാണുള്ളതു്."

എന്നാൽ, എൻെറ നിശ്ചയത്തിൽനിന്നും ഇളകാൻ ഞാനൊട്ടും തയാറായില്ല. വിനയപൂർവ്വം ഞാനെൻെറ അഭിപ്രായം ആവർത്തിച്ചുകൊണ്ടിരുന്നു. എന്നാൽ, ഒരു ന്യായമായ തെരഞ്ഞെടുപ്പു നടക്കുന്നതുവരെ ഉദ്യോഗത്തിൽ തുടരാമെന്നു ഞാൻ സമ്മതിച്ചു. ജില്ലയുടെ പുനസംവിധാനത്തിലും ഭരണത്തിലും എന്നോടൊന്നിച്ചു പ്രവർത്തിച്ച മൂന്നു പ്രാദേശിക സമിതി അംഗങ്ങളുടെ സഹായത്തോടുകൂടി ഉദ്യോഗം തുടരാമെന്നായിരുന്നു എൻെറ അഭിപ്രായം. ഈ മൂന്നുപേരും സുസമ്മതി നേടിയ ജനസേവകരാണു്. ഒരാൾ ചേംബർ ഒഫ് കാമേഴ്സിൻെറ അദ്ധ്യക്ഷനായ അറുപതുകാരൻ, മി. പു-വെൻ- പു. രണ്ടാമൻ ജന്മനാതന്നെ ജനനേതാവായ മി. ഷു- വെയ്- നാഗ്. മൂന്നാമൻ പ്രശസ്ത സേവനത്തിനുശേഷം സർവീസിൽനിന്നു പിരിഞ്ഞ ജനറൽ ച്യ- ചൊ- സിംഗ്.

## ശുഭാപ്തിവിശ്വാസം തകരുന്നു

തികഞ്ഞ ശുഭാപ്തിബോധത്തോടെയാണു ഞാൻ യാത്രപറഞ്ഞു പിരിഞ്ഞതു്. ഞങ്ങൾ ഒത്തുചേർന്നു പ്രവ

ത്തിച്ചാൽ തീർച്ചയായും നാട്ടിനു നന്മയുണ്ടാകുമെന്നു് എനിക്കുറപ്പുതോന്നി. പക്ഷേ, ഈ വിശ്വാസം നീണ്ടു നിന്നില്ല. മൂന്നു ദിവസംകഴിഞ്ഞു. എന്നോടൊത്തു പ്രവത്തിച്ചിരുന്ന മൂന്നുപേരെയും ജനറൽ അറസ്ററുചെയ്തു കസ്റ്റടിയിലാക്കി. അദ്ദേഹം എനിക്കാളയച്ചു. ഞാൻ പോയി. ലോഹ്യമൊന്നും ഭാവിക്കാതെ ചെന്നപ്പോഴെ ജനറൽ കാര്യംപറഞ്ഞു.

“എനിക്കു് ഇരുന്നൂറു തോക്കും ഇരുപതിനായിരം ഡോളറും ഉടൻ കിട്ടണം. ഡോളർ നാണയമായിവേണം താൻം. നാളെരാത്രി എട്ടുമണിക്കു മുമ്പു് നിങ്ങൾ അതുതരണം. ഇല്ലെങ്കിൽ— ഇല്ലെങ്കിലെന്തെന്നോ! നിങ്ങളുടെ സുഹൃത്തുക്കളെ വെടിവച്ചു കൊല്ലും.” ഞാൻ സ്തംഭിച്ചു നിന്നുപോയി. ഒട്ടും താമസിച്ചില്ല. ജനറൽ ഓർഡർ എഴുതി മുദ്രവച്ചു കൈയിൽതന്നു. ആ മനുഷ്യനോടു് എന്തെങ്കിലും പറയേണ്ട ആവശ്യമുണ്ടോ! എന്തിനു വൃഥാ സമയം കളയണം! തോക്കും ഡോളറുമുണ്ടാക്കാൻ ഞാൻ ബദ്ധപ്പെട്ടുമടങ്ങി. എനിക്കുണ്ടായ പ്രയാസം നിങ്ങൾതന്നെ ഊഹിക്കണം !

ജനറൽ ആ പട്ടണത്തിൽ വന്നരാത്രിയിൽ ഞങ്ങൾ ഒന്നിച്ചിരുന്നു ഭക്ഷണം കഴിച്ചു. അനാഥമായി കിടന്ന ആ ജില്ലയുടെ പുനസ്സംവിധാനത്തിൽ ഞങ്ങൾ കാണിച്ച ശുഷ്ക്കാന്തിയെപ്പററി എന്തെല്ലാം പ്രശംസകളാണു് ആ മനുഷ്യൻ മുഖത്തുനോക്കി തട്ടിവിട്ടതു്! ഞങ്ങൾ എന്തൊക്കെ ചെയ്യുന്നു് അയാൾ എന്നോടു ചോദിച്ചിരുന്നു. പ്രതിരോധനത്തിനാവശ്യമായ ആയു

ധങ്ങൾ എങ്ങനെ ശേഖരിച്ചെന്നു് അയാൾ ആവർത്തിച്ചാരാഞ്ഞു. ആ മനുഷ്യൻെറ ആത്മാർത്ഥതയിൽ വിശ്വസിച്ചു് ഞാൻ നേരെല്ലാം തുറന്നു പറഞ്ഞു:

നഗരത്തിൻെറ രക്ഷയ്ക്കുവേണ്ടി ഞങ്ങൾ പോലീസിനെ സംഘടിപ്പിച്ചു. അവക്കു തോക്കുവേണമല്ലോ. ദേശീയ സൈന്യം തെക്കോട്ടേക്കു പിൻവാങ്ങുന്ന അവസരത്തിൽ അവക്കു് പല നദികളും കടക്കേണ്ടതായി വന്നു. ചൈനയിലെ നദികളെല്ലാം പടിഞ്ഞാറുനിന്നും കിഴക്കോട്ടാണൊഴുകുന്നതു്. വളരെവേഗം നദികൾ തരണം ചെയ്യേണ്ട ആവശ്യം സൈന്യങ്ങൾക്കു വന്നു ചേന്നു. ഒഴുക്കും വെള്ളക്കൂടുതലും കൊണ്ടു് വൻപിച്ച നഷ്ടമുണ്ടായി. സിയാവൊ — ചിയാചങ്ങ് ഗ്രാമത്തിനടുത്തുവച്ചു ആയിരത്തിൽപരം പടയാളികൾ 'ചഹാർ' നദിയിൽ മുങ്ങി മരിച്ചു;

സെപ്റ്റംബർമാസത്തിൽ നദികളിൽ വെള്ളം കുറയും. ഈസമയം നോക്കി നദി അരിച്ചു് ഞങ്ങൾ കുറെ തോക്കുകൾ കണ്ടെടുത്തു്. ഈ തോക്കുകളാണു് ഞങ്ങളുടെ പോലീസ് ഉപയോഗിച്ചുകൊണ്ടിരുന്നതു്. ഇക്കാര്യമെല്ലാം ഞാനാ ജനറലിനെ അറിയിച്ചിരുന്നു. അതു് ആപത്തായി. എന്തുചെയ്യാനാണു്!

രാത്രിമുഴവൻ ഉറക്കമിളച്ചിരുന്നു് ഞാൻ കത്തുകൾ എഴുതി. അവ ഓരോദിക്കിലും കൊടുത്തയച്ചു. തടവിൽ കിടക്കുന്ന സുഹൃത്തുക്കളെ വിടുവിക്കണമെല്ലോ. തോക്കും പണവും ഉടനെ എത്തിക്കണമെന്നു് ഞാനാകത്തുകളിൽ വിവരിച്ചിരുന്നു. ഇതറിഞ്ഞപ്പോൾ ജന

ങ്ങൾക്കുണ്ടായ അമർഷം പറയാവതല്ല. തുടക്കത്തിലെ വൻചതി! പിറേറദിവസം വൈകിട്ട നാലുമണിയായപ്പോൾ പതിനായിരം ഡോളറും എഴുപതുതോക്കും കിട്ടി. ഇനിയും നാലുമണിക്കുറേയുള്ളു. അതിനുള്ളിൽ ബാക്കികൂടികിട്ടുമോ! കിട്ടുന്ന ലക്ഷണമില്ല. ഞാൻ ജനറലിന്റെ അട്ടഭേശക്കോടി, സമയം അല്പം നീട്ടിക്കിട്ടാൻ.

"ജനങ്ങൾ പാവങ്ങളാണു്. യുദ്ധകാലമല്ലേ! പിന്നെങ്ങനെ ഡോളർകാണും! കിട്ടിയെടത്തോളം കൊണ്ടുവരാം. അതുകൊണ്ടു തൃപ്തിപ്പെടണം. അവരെതുറന്നുവിടണം," ഞാൻ കേണപേക്ഷിച്ചു.

"ഓ! പറഞ്ഞതു പറഞ്ഞതുതന്നെ. ഇരുനൂറുതോക്കു്! ഇരുപതിനായിരം ഡോളർ! ഇരുപതിനായിരം ഡോളർ! ഇരുനൂറുതോക്കു ! വ്യത്യാസമില്ല. അല്ലാത്തപക്ഷം കുട്ടുകാക്കു രക്ഷയില്ല ഫാദർ!" നിസ്സങ്കോചം ആ മനുഷ്യൻ എൻെറ മുഖത്തുനോക്കി പറഞ്ഞു.

ഒരു ചെറിയ വിട്ടുവീഴ്ച അയാളിൽ നിന്നു നേടാൻകഴിഞ്ഞു. സമയം കുറച്ചു നീട്ടിത്തന്നു. "അദ്ധരാത്രിവരെ." മുൻഉത്തരവിൻെറ പുറത്തു് അങ്ങനെ തിരുത്തി അദ്ദേഹം എന്നെ പിരിച്ചുവിട്ടു.

ഞാൻ സർവ കഴിവുമെടുത്തു ശ്രമം തുടങ്ങി. മററു സുഹൃത്തുക്കളും അവരുടെ ശക്തിമുഴവൻ ഇക്കാര്യത്തിനു ചെലവിട്ടു. അന്നു് വെളുപ്പിനു് നാലുമണിക്കാണു് അല്പം ആഹാരം കഴിച്ചതു്. വല്ലവിധവും എന്നുപറയട്ടെ രാത്രി പതിനൊന്നുമണിയോടുകൂടി ഇരുനൂറുതോക്കും ഇരുപതിനായിരം ഡോളറും കിട്ടി. എല്ലാം കിട്ടിയിട്ടുണ്ടെ

ന്നറിയിക്കാൻ മുൻകൂട്ടി ആളയച്ചു. എന്താണയാൾ പറയുന്നതെന്നറിയാൻ ജനങ്ങൾ അരിശത്തോടെ കാത്തുനിൽക്കുകയാണ്. ഞങ്ങൾ ജനറലിൻെറ അടുത്തെത്തി. അദ്ദേഹം പരിവാരസമേതം ഞങ്ങളെ സ്വീകരിച്ചു. തോക്കും പണവും ഏററുവാങ്ങിയിട്ട് അയാളൊരു പ്രസംഗം തന്നെനടത്തി.

"ഞാൻ എത്രകൗണ്ടികളിൽ ജോലി നോക്കിയിട്ടുണ്ട്! ഇതുപോലെ ദേശഭക്തിയുള്ള ജനങ്ങളെ കണ്ടിട്ടേയില്ല. ഇരുനൂറുതോക്കും ഇരുപതിനായിരം ഡോളറുമല്ലെ സംഭാവനചെയ്തത്! എത്രനല്ല ആളുകൾ!"

ആ അറുകൊല പ്രസംഗത്തിനുശേഷം തടവുകാരെ തുറന്നുവിടാൻ അയാൾ ഉത്തരവായി.

### അടുത്തു് മറെറാരുവിദ്യ!

പിറേറ ദിവസം ജനറൽ ഒരു പ്രസ്താവന ഇറക്കി: ജനങ്ങൾ നൽകിയ തോക്കും ഡോളറും പൊതുസ്വത്താണെന്ന്, തടവുകാരുടെ മോചനധനമായി അതു ദുരുപയോഗപ്പെടുത്തരുത്. അതുകൊണ്ട് തടവിൽകിടന്ന മാന്യന്മാർ അവ പൊതുജനങ്ങൾക്കു മടക്കിക്കൊടുക്കണം. ഒട്ടും താമസം പാടില്ല. പൊതുജനങ്ങളിൽനിന്നും കടമെടുത്ത ആ സാധനങ്ങൾ ഉടൻതന്നെ പൊതുഭണ്ഡാരത്തിൽ എത്തിച്ചുകൊള്ളണം. പ്രാദേശിക ഭരണ സമിതിയിലെ അംഗങ്ങൾ തടവിലായതു് പൊതുജനങ്ങൾക്കു വേണ്ടിയാണെന്നുള്ള സൂചനപോലും ആ പ്രസ്താവനയിൽകണ്ടില്ല. പ്രസ്താവനയെ എതിർത്താൽ വീണ്ടുംഅറ

സ്റ്റ്, തടവ്, കൊല. ഡോളറും തോക്കും വീണ്ടും ഉണ്ടാക്കണം, ഖജനാവിൽഅടയ്ക്കണം. അല്ലാതെ നിവൃത്തിയില്ല. അങ്ങനെയായാൽ അതും അവസാനം കമ്യൂണിസ്ററുകാരുടെ കൈവശംതന്നെ ചെന്നുചേരും. അതിനാണു് ഈ പുതിയവിദ്യ ക്രൂരനായ ആ മനുഷ്യൻ കണ്ടുപിടിച്ചതു്.

പട്ടണം പിടിച്ചെടുക്കാനുള്ള ശ്രമം കമ്യൂണിസ്റ്റുകാർ തുടങ്ങിക്കഴിഞ്ഞു. ഒരു ഭരണാധികാരിയെ തെരഞ്ഞെടുക്കേണമെന്നു് ജനറൽ ജനങ്ങളെ അറിയിച്ചു. ഇത്രതിടുക്കത്തിൽ തെരഞ്ഞെടുപ്പു നടത്തുന്നതെന്തിനെന്നു് ആക്കും മനസ്സിലായില്ല. ആൻകു ഒരു വലിയ ജില്ലയാണു്. അതൊരുയുദ്ധമേഖലയായി മാററിയിരിക്കയാണു്. ആസ്ഥിതിക്കു് ഒരു സ്വതന്ത്രമായ തെരഞ്ഞെടുപ്പിനു് കുറേക്കൂടി സമയം കൊടുക്കേണ്ടതല്ലേ എന്നു് ജനങ്ങൾ ചോദിച്ചു. ഇതിനകം, വേണമെങ്കിൽ തല്ക്കാലത്തേക്കു് ഒരു ഭരണാധികാരിയെ ജനറലിനു നിയമിക്കാം. അക്കാര്യം വളരെ വ്യക്തമായരീതിയിൽ പ്രാദേശിക സമിതി ചൂണ്ടിക്കാണിച്ചു.

"ശരി, അങ്ങനെയാണെങ്കിൽ ഒരാളെനിർദ്ദേശിക്കുക!" അദ്ദേഹം കമ്മിററിയോടാവശ്യപ്പെട്ടു. എല്ലാവക്കും ബഹുമാനമുള്ള സമത്ഥനായ ഒരാളെ അവർ നിർദ്ദേശിക്കുകയും ചെയ്തു. പക്ഷെ, ജനറലിനു് ആ നിർദ്ദേശം ഇഷ്ടപ്പെട്ടില്ല. ഭരണാധികാരിയെ നാമനിർദ്ദേശം ചെയ്യാൻ സമിതിക്കു നൽകിയ അനുവാദം വെറുമൊരു പ്രഹസനമായിരുന്നു. കരുതിക്കൂട്ടി എല്ലാകാര്യത്തിലും ഏകാ

ധിപത്യം ചെലുത്താനുള്ള പ്രവണതയാണു ജനറൽ കാണിക്കുന്നതെന്നു് ജനങ്ങൾക്കു മനസ്സിലായി. നാമനിർദ്ദേശം ചെയ്യപ്പെട്ട ആൾ പിറേറദിവസംതന്നെ രാജിവെച്ചു. അങ്ങനെ ജനങ്ങൾ ഒരു തെരഞ്ഞെടുപ്പിനു വഴങ്ങേണ്ടിവന്നു. തീയതിയും നിശ്ചയിച്ചുകഴിഞ്ഞു.

വാങ്ങ്ഫോൻ ചാങ്ങ് ജനസ്വാധീനമുള്ള ഒരു അഭിഭാഷകനാണു്. സമർത്ഥനും സംസ്ക്കാരസമ്പന്നനുമാണു്. അദ്ദേഹം തെരഞ്ഞെടുപ്പിനു നിൽക്കാൻ ആഗ്രഹിക്കുന്നതായി എന്നെ അറിയിച്ചു. അദ്ദേഹമൊരു കമ്മ്യൂണിസ്റ്റല്ല. പക്ഷെ നല്ല ആളാണു്. ജനക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള എല്ലാ കഴിവുമുണ്ടു്. അദ്ദേഹത്തെ സഹായിക്കാമെന്നു് ഞാൻ ഏററു. വാങ്ങിനു് വോട്ടുകൊടുക്കണമെന്നു് ഞാൻ പ്രചരണം നടത്തി.

ചൈനാക്കാർ ബുദ്ധിമാന്മാരാണു്, സ്ഥിതിഗതികൾ മണത്തറിയാൻ അവർക്കു മിടുക്കുകൂടും. ആലോചിച്ചു പെരുമാറുകയും ചെയ്യും. കമ്മ്യൂണിസ്ററുകാരുടെ ഉദ്ദേശം അവർ മനസ്സിലാക്കി. ആഗ്രഹത്തിനൊത്തു തുള്ളുന്ന ഒരു പാവയെ ആണു് അവർക്കാവശ്യമെന്നു് നാട്ടുകാർ ഗ്രഹിച്ചു. ഇതിനൊരു നാട്ടുകാരനെ ചട്ടുകമാക്കാനാണു് ജനറൽ ഒരുമ്പെട്ടതു്. ഇക്കാര്യം നേരത്തെ മനസ്സിലാക്കിയിട്ടാണു് തിടുക്കത്തിൽ തെരഞ്ഞെടുപ്പു വേണ്ടെന്നു ജനങ്ങൾ പറഞ്ഞതു്, വാങ്ങ് വിശ്വസിക്കാൻ കൊള്ളാവുന്ന ആളാണു്. ജനവഞ്ചകനല്ല. അക്കാര്യം നാട്ടുകാർക്കറിയാം.

കമ്മ്യൂണിസ്ററുകാർ ആൻക്കുവിൽ വന്നിട്ടു് ദിവസങ്ങൾ ആറേ ആയിട്ടുള്ളു. തങ്ങൾക്കനുകൂലമായ സാഹ

ചര്യം സൃഷ്ടിക്കാമെന്നുകരുതി ജനറൽതന്നെ എലക്ഷൻ പരിശോധനയ്ക്കു നേരിട്ടിറങ്ങി. നിയമത്തിൽനിന്നും അണുമാത്രം ചലിക്കാത്ത വിധത്തിൽ വേണം തിരഞ്ഞെടുപ്പു നടത്തേണ്ടതെന്നു് അദ്ദേഹം എന്നോടു പറഞ്ഞു. എല്ലാദിക്കിലും നോട്ടമുണ്ടായിരിക്കേണ്ട ആവശ്യകതയെപ്പററി ജനറൽ എനിക്കു ചില നിർദ്ദേശങ്ങൾ തന്നു. ഗ്രാമങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഇരുനൂററിനാല്പതു പ്രതിനിധികളാണു് വോട്ടിംഗിൽ പങ്കുകൊണ്ടതു്. വോട്ടുകൾ എണ്ണിയപ്പോൾ മി. വാങ്ങിനു് ഇരുനൂററിരണ്ടുവോട്ടുകൾ കിട്ടിയിരിക്കുന്നതായി കണ്ടു. ജനറൽ ലൃ അത്ഭുതപ്പെട്ടുപോയി. ഗ്രാമങ്ങളിൽനിന്നും പ്രതിനിധികളെ ആദ്യം തെരഞ്ഞെടുക്കണമെന്നു് അഭിപ്രായപ്പെട്ടതു് അദ്ദേഹമാണു്. ഇത്രയധികം പേർ പോളിംഗിൽ സംബന്ധിക്കുമെന്നോ മി. വാങ്ങിനു് ഇങ്ങനെയൊരു വൻപിച്ച ഭൂരിപക്ഷം കിട്ടുമെന്നോ ജനറൽ ലൃസ്വപ്നത്തിൽപോലും വിചാരിച്ചില്ല. ഏതായാലും മി. വാങ്ങ് ആൻക്വവിലെ മജിസ്ട്രേട്ടായി പ്രഖ്യാപനം ചെയ്യപ്പെട്ടു.

**മിടുക്കനെ പററിയ കുടുക്കു്**

ജനങ്ങൾ തന്നെ പററിച്ചതാണെന്നു് ജനറൽ ബോധപൂർവം ഗ്രഹിച്ചു. എന്നാൽ, യാതൊരു ഭാവഭേദവും അദ്ദേഹം പുറത്തുകാട്ടിയില്ല. പക്ഷേ ഒന്നുചെയ്തു. മി. വാങ്ങിനെ സഹായിക്കാൻ ഒരു ഡെപ്യൂട്ടിയെക്കൂടി നിയമിച്ചു. ആൻക്വവിൽ മൂന്നുമാസക്കാലം ജനറൽ ഉണ്ടായിരുന്നില്ല. അക്കാലമത്രയും മി. വാങ്ങിന്റെ

ഭരണത്തിൽ ഒരു തകരാറും പററിയില്ല. ജനറൽ തിരിച്ചുവന്നശേഷവും ഒരു മാസം വാങ്ങ് ഭരണംനടത്തി. ഈ നാലുമാസത്തിനകം ഡെപ്യൂട്ടിയുടെ കറുത്ത കൈകൾ ഭരണകര്യത്തിൽ ഒട്ടേറെ കുഴപ്പങ്ങൾ സൃഷ്ടിച്ചു. ഇതിൻെറ ഫലമായി ജനറൽ ലൂ മജിസ്റ്റ്രേട്ടിനെതിരേ ഏതാനും ചാർജ്ജുകൾ കൊണ്ടുവന്നു; അദ്ദേഹത്തെ വിചാരണ കൂടാതെ തടങ്കലിൽവച്ചു. വാങ്ങ്, കരിങ്കാലിയാണെന്നും ജനഹിതത്തിനെതിരായി ഒട്ടേറെ ക്രമക്കേടുകൾ കാണിച്ചെന്നും ജനറൽ ഒരു വിളംബരവും ഇറക്കിവിട്ടു. കമ്യൂണിസ്ററുകാർക്കുവേണ്ടി പ്രവർത്തിച്ചിട്ടുള്ള നിർഭാഗ്യവാന്മാരെപ്പററി ഞാൻ കേട്ടിട്ടുണ്ട്. ആവശ്യം കഴിഞ്ഞാൽ സ്ഥാനത്തുനിന്നോ ലോകത്തിൽനിന്നോ അവരെ പറഞ്ഞയയ്ക്കുന്ന ആത്മഹത്യാപരമായ കമ്യൂണിസ്റ്റുടവിനെപ്പററി ഞാൻ മാത്രമല്ല, പലരും അറിഞ്ഞിരുന്നു.

മജിസ്റ്റ്രേട്ട് വാങ്ങിനെ തടവിലടച്ച ഉടൻതന്നെ ജനറൽ അയാളുടെ പാവയായ ഡെപ്യൂട്ടിയെ ഭരണാധികാരിയായി അവരോധിച്ചു. ഇതിനകം ഇരുപത്തിനാലു കൗണ്ടികൾ കമ്യൂണിസ്ററു നിയന്ത്രണത്തിൽ അകപ്പെട്ടുകഴിഞ്ഞു. 1937—ൽതന്നെ വടക്കെ ചൈനയിൽ അവർ ഒരു അതിർത്തി ഗവണ്മെൻറുണ്ടാക്കിയിരുന്നു. ഇതു് ജനറാലിസ്സിമോ ചിയാങ്ങ് കൈഷക്കിന്റെ സമ്മതത്തോടുകൂടിയാണ്. 1940 - ആയപ്പോൾ ഷെൻസിയുടെഭാഗങ്ങളും നോപ്പെ, ചഹാർ എന്നീ പ്രവിശ്യകളും കമ്യൂണിസ്ററുകാർ കൈവശപ്പെടുത്തി. ഈപ്രദേശങ്ങൾ എല്ലാംകൂടി ഇറ്റലിയോളംവരും. ഈ രാജ്യത്തി

ന്റെ അതിർത്തിമേഖലക്കുള്ളിൽ അവർ സ്വകാര്യ സങ്കേതങ്ങൾ പലതും തുറന്നിട്ടുണ്ട്. അവയെല്ലാം ഒളിപ്പോരിനുള്ള കളരികളായി കമ്യൂണിസ്ററുകാർ സജ്ജീകരിച്ചിരിക്കയാണു്. അക്രമകരങ്ങളായ സാമൂഹിക സാമ്പത്തിക സംവിധാനങ്ങൾ പലതും അവർ ഈ ദിക്കുകളിൽ നടപ്പിലാക്കിയിരുന്നു. എന്നാൽ, അടിസ്ഥാനപരമായ നയപരിപാടികളിൽ അവർ പറയത്തക്ക മാററമൊന്നും കാണിച്ചിരുന്നില്ല. ദേശീയബോധത്തിൻെറയും പ്രതിരോധസന്നദ്ധതയുടെയും തണലിൽ പ്രചരണപരിപാടികൾ അവർ മുറയ്ക്കുനടത്തിക്കൊണ്ടിരുന്നു. കമ്യൂണിസ്റ്റ് തത്വസംഹിതകൾ കുറേശ്ശക്കുറേശ്ശയായി ജനങ്ങളിലേക്കു പകർത്തിക്കൊണ്ടിരുന്നു. ചെമ്പടയുടെ സഹായാർത്ഥം ജനങ്ങളുടെ ദേശസ്നേഹത്തെ അങ്ങേയററം അവർ ചൂഷണം ചെയ്തു, പ്രതിരോധത്തിനെന്നപേരിൽ 'എട്ടാം സമരമുഖം' എന്നൊരുസേനാവിഭാഗത്തെയും തയ്യാറാക്കിയെടുത്തു. വാസ്തവത്തിൽ കലർപ്പില്ലാത്ത കമ്യൂണിസ്റ്റ് അണികളായിരുന്നു മുഴുവൻ.

ആൻക്ലുവിൽ വരുമ്പോൾ ജനറൽ ലൂവിൻെറ സൈന്യത്തിൽ ആയിരം ഭടന്മാരെഉള്ളു. ഒരു വർഷം കൊണ്ടു് ഭടന്മാരുടെ എണ്ണം പത്തുലക്ഷമായി. ചൈനാക്കാരുടെ ദേശസ്നേഹത്തെ ചൂഷണം ചെയ്താണീ വിജയം നേടിയതെന്നു പ്രത്യേകം പറയണമെന്നില്ലല്ലൊ. അവർ ജപ്പാൻ ആക്രമണകാരികൾക്കെതിരെ അണിനിരക്കുകയായിരുന്നു. ചൈനയുടെ രക്ഷയാണു തൻെറ ലക്ഷ്യമെന്നത്രെ ജനറൽ ആവർത്തിച്ചു പറഞ്ഞു

കൊണ്ടിരുന്നതു്. തൻെറ സേനയെ കമ്യൂണിസ്ററു സേനയെന്നു അയാൾ ഒരിക്കലും വിളിച്ചില്ല. നേരെ മറിച്ചു് അതു് എപ്പോഴും ജനങ്ങളുടെ 'പട്ടാള'മാണു്.

ചുവപ്പുസേന നിർബാധം തടിച്ചു കൊഴുത്തു വളർന്നുവന്നു. ജനറൽ ലൂവുമായി പരിചയപ്പെട്ടശേഷം മററു ചുവപ്പുസേനാനികളെ പലരെയും ഞാൻ കണ്ടുമുട്ടിയിട്ടുണ്ടു്. എന്തുപ്രയാസവും സഹിക്കാൻ സന്നദ്ധരാണവർ. അതിലെനിക്കു മതിപ്പുണ്ടു്. അവരുടെ അന്ധമായ പാർട്ടിവിശ്വാസത്തെയും ഞാൻ കുററം പറയുന്നില്ല.

അക്കാലമെല്ലാം പേടി സ്വപ്നങ്ങളുടെ കാലമായിരുന്നു. ജീവനും മരണത്തിനുമിടയിൽ കിടന്നു ചതഞ്ഞുഞെരങ്ങുകയായിരുന്നു നാട്ടുകാർ, പ്രജ്ഞയോ വിവേകമോ ഇല്ലാത്ത ജപ്പാൻ സേനയുടെ നെറികെട്ട ക്രൂരത ഒരു ഭാഗത്തു്; കെണിയിൽ കുടുക്കി ഹിംസിക്കുന്ന ചൈനീസ് കമ്യൂണിസ്ററുകളുടെ വഞ്ചനാപരമായ മർദ്ദനപരിപാടി മറുവശത്തു്. ആ ദിവസങ്ങളെപ്പററി ഓർക്കാൻ പോലും കരുത്തില്ല. രക്ഷിക്കാനാണെന്ന ഭാവത്തിൽ കമ്യൂണിസ്ററുകാർ കാട്ടിയ കടുംകൈകൾക്കു കണക്കില്ല. ജപ്പാൻകാരുടെ ക്രൂരത സഹിക്കാം. അതിനേക്കാൾ ആയിരംമടങ്ങു് അസഹ്യമായ ക്രൗര്യമാണു് നാട്ടുകാരായ കമ്യൂണിസ്ററുകാർ കാട്ടിയതു്.

അതിഭയങ്കരമായ കാലഘട്ടം! ഒരു വിദേശി എന്ന നിലയിലല്ല ആ ക്രൂരാനുഭവങ്ങളെ ഞാൻ നേരിട്ടതു്. ജനനം കൊണ്ടേ ഞാനവിടെ വിദേശി ആയിരുന്നുള്ളു. ബാക്കി എല്ലാ അംശത്തിലും ഞാനൊരു ചീനക്കാരൻ

തന്നെ. ഭാഷ, വേഷം, ജീവിതരീതി –എല്ലാം. പൗരോഹിത്യസമയം ഉപയോഗിച്ചിരുന്ന ലാററിൻ ഭാഷയും നിത്യജീവിതത്തിൽ ഉപയോഗിച്ചിരുന്ന ചീനഭാഷയും ഒഴികെ ലോകത്തിൽ മററു ഭാഷയേ ഇല്ലെന്നു് എനിക്കു തോന്നിപ്പോയി. ഞാൻ ചീന മാതൃകയിൽ ആഹാരം കഴിച്ചു, ചൈനാക്കാരനെപ്പോലെ സംസാരിച്ചു, ചിന്തിച്ചു. എല്ലാ അംശത്തിലും ഒരു ചീനക്കാരനായി ജീവിച്ചു. അവിടെ നേരിട്ട വൈഷമ്യങ്ങളും അത്യാഹിതങ്ങളും എനിക്കു നേരിട്ട വൈഷമ്യങ്ങളും അത്യാഹിതങ്ങളുമായിരുന്നു. ഞാൻ ചൈനയിൽ താമസിച്ചിരുന്നതുകൊണ്ടല്ല; ചൈനയുടെ അംശമായിപ്പോയി. ഞാൻ ജനങ്ങളോടും ജനങ്ങൾ എന്നോടും അലിഞ്ഞുചേർന്നു. ഞാനും കമ്യൂണിസ്ററുകാരോടു ചേർന്നു പ്രവർത്തിച്ചു. അല്ലാതെ ഗതിയില്ല. എന്നാൽ, എൻെറ കരുത്തും കഴിവും അങ്ങേഅററം ഉപയോഗിച്ചു് ഞാനവരുടെ ദുർവൃത്തികളെ എതിർത്തുകൊണ്ടിരുന്നു.

ജനറൽ ലൂ ആൻകുവിൽ താമസിച്ചിരുന്ന ആദ്യത്തെ മൂന്നു മാസം എങ്ങനെയാണു് കമ്യൂണിസ്ററുകാർ അവരുടെ സേനയെ വികസിപ്പിച്ചതെന്നു ഞാൻ ബുദ്ധിപൂർവം ഗ്രഹിച്ചു. ഹോപ്പെ പ്രവിശ്യയുടെ മദ്ധ്യദേശങ്ങളിലെങ്ങും ഭരണാധികാരികൾ ആരുമുണ്ടായിരുന്നില്ല. രണ്ടു കോടിയിൽ പരം ജനങ്ങൾ ഒരുത്തൻെറ കാരുണ്യവും കാത്താണു് കഴിഞ്ഞുകൂടേണ്ടിവന്നതു്.

ഒളിപ്പോരുകാർ നാട്ടിൻപുറങ്ങളിലെങ്ങും ചുററിക്കറങ്ങി. ക്രമസമാധാനങ്ങൾ പാലിക്കാൻ ആളുണ്ടാ

യിരുന്നപ്പോൾ ഒളിവിൽ കഴിഞ്ഞ കവർച്ചക്കാരെല്ലാം പുറത്തുവന്നു. ജപ്പാൻകാരോടെതിർക്കാനുള്ള ഭാവത്തിൽ അവരും അനുയായികളെ സംഘടിപ്പിച്ചു. എല്ലാ സംഘങ്ങളെയും കമ്യൂണിസ്റ്റുകാർ വിഴുങ്ങി. അവരുടെ കീഴിൽ മൂന്നു വിഭിന്നഘടകങ്ങളുണ്ടായിരുന്നു. ഒളിപ്പോരുകാർ, കൂട്ടായ്മക്കവർച്ചക്കാർ, ദേശരക്ഷയ്ക്കുവേണ്ടി ഏതു ത്യാഗവും സഹിക്കാൻ തയാറെടുത്തു മുന്നോട്ടുവന്ന ചുറുചുറുക്കുള്ള നാട്ടുകാർ. അവർക്കെല്ലാം ആയുധങ്ങൾവേണം; അണികൾ ഭദ്രമാക്കണം. ഒളിപ്പോരുസംഘവും ദേശഭക്തസംഘവും ജപ്പാനോടു യുദ്ധം ചെയ്യാനാണു മുന്നോട്ടുവന്നതു്. മററുള്ളവർ അതിനല്ല. അവർക്കു് ആദർശമോ ആത്മശുദ്ധിയോ ഇല്ല. എന്നാൽ, അവർക്കും ജപ്പാനെ വെറുപ്പാണു്. തക്കംനോക്കി കവർച്ചയ്ക്കു കളമൊരുക്കണം. അതിനുവേണ്ടി കൊലയും കൊള്ളിവെപ്പും നടത്താൻ അവർ മടിച്ചില്ല.

ആദ്യമെല്ലാം കമ്യൂണിസ്റ്റുകാർക്കു പറയത്തക്ക ശക്തിയൊന്നും ഉണ്ടായിരുന്നില്ല. കഴിയുംവേഗം അണികൾ ദൃഢപ്പെടുത്താൻ അവർ കരുതൽ നടപടികൾ ആരംഭിച്ചു. ഷാൻസി, ഹോപ്പെ, ഷാൻരൂംഗ് മുതലായ വടക്കൻ പ്രദേശങ്ങളിലേക്കു് അവർ പരിശീലനം സിദ്ധിച്ച ചെറുഘടകങ്ങളെ അയച്ചു. ഷാൻസിയും മററും നല്ല പടയാളികളെ കിട്ടുന്ന ദിക്കുകളാണു്. പ്രാരംഭഘട്ടമായതുകൊണ്ടു് പ്രധാനപ്പെട്ട പല പ്രശ്നങ്ങളെയും കമ്യൂണിസ്റ്റുകാർക്കു നേരിടേണ്ടിയിരുന്നു. അതുകൊണ്ടു് അവർ കൂട്ടായ്മക്കവർച്ചക്കാരെപ്പററി ശ്രദ്ധിച്ചില്ല. എന്നാൽ, ഇവർ കമ്യൂണിസ്റ്റുകാരുടെ നോട്ടപ്പുള്ളികളായിരുന്നു.

പട്ടണങ്ങളും ജില്ലകളും പിടിച്ചുതുടങ്ങിയതോടു കൂടി അവിടെയെല്ലാം ശല്യം ചെയ്തുകൊണ്ടിരുന്ന കവർച്ചക്കാരെ കമ്യൂണിസ്ററുകാർ ഒതുക്കി. സദുദ്ദേശത്തിൻെറ പേരിലാണെന്നു ധരിക്കേണ്ടാ. കവർച്ചക്കാർ നല്ല ഒളിപ്പോരുകാരായിരുന്നു. ജപ്പാൻെറമേൽ ചാടിവീഴുന്നതുപോലെ അവർ കമ്യൂണിസ്ററുകാരെയും ആക്രമിക്കാൻ ഇടയുണ്ടു്. അവരുടെ കൈയിൽ ആയുധങ്ങളുമുണ്ടു്. അവ കമ്യൂണിസ്ററുകാക്കു് അത്യാവശ്യമാണു്. കമ്യൂണിസ്ററു വിജയത്തിനു് ഇതൊരു നല്ല പദ്ധതിയായി. നാട്ടുകാരുടെ അനുഭാവം വളരെവേഗം പിടിച്ചെടുക്കാൻ ഇതുമൂലം അവക്കു സാധിച്ചു. നാട്ടിൻെറ നന്മയ്ക്കാണു് കവർച്ചക്കാരെ പിടികൂടുന്നതെന്നു് കമ്യൂണിസ്റ്റുകാർ കാഹളം മുഴക്കി. തക്കത്തിനൊത്തു താളം ചവിട്ടാൻ വിരുതുള്ള വിദ്വാന്മാരാണല്ലൊ അവർ. ജനങ്ങൾ കഴിയുന്നത്ര കമ്യൂണിസ്ററുകാരെ സഹായിച്ചു. കവർച്ചത്തലവന്മാരെ ചൂണ്ടിക്കൊടുക്കാനും അവരുടെ അജ്ഞാതസങ്കേതങ്ങളെപ്പററി അറിവു കൊടുക്കാനും നൂറുകണക്കിനാളുകൾ മുന്നോട്ടുവന്നു. കീഴ്പ്പെടുത്തിയ കൊള്ളക്കാരെ കൈവെടിയാതിരിക്കാൻ കമ്യൂണിസ്ററുകാർ ശ്രദ്ധപതിപ്പിച്ചു. മാത്രമല്ല, അവരെ സ്റ്റഡിക്ലാസ്സുകൾ കൊടുത്തു മാനസാന്തരപ്പെടുത്തി സ്വന്തം അണികളെ പുഷ്ടിപ്പെടുത്തുകയും ചെയ്തു. ഗത്യന്തരമില്ലാതെ കവർച്ചക്കാർ വഴങ്ങിക്കൊടുത്തു.

ഒരുകൂട്ടം ഒളിപ്പോരുകാരുടെ നേതാവായിരുന്നു ച്യു-ചാൻ കോയി. 1937 നവംബറിൽ അയാൾ ആൻകു

വിൽ വന്നു. നൂറിൽപരം അനുയായികളുമുണ്ടായിരുന്നു. എല്ലാവരും സാധാരണവേഷത്തിലാണ്. ച്യ ഒരു കമ്യൂണിസ്ററല്ല. ദേശസ്നേഹിയാണ്. ജപ്പാനെതുരത്തണമെന്നേ അയാൾക്കു മോഹമുള്ളു. നാട്ടുകാർ ധീരനായ ആ ദേശഭക്തനും കൂട്ടർക്കും യൂണിഫാറങ്ങളും തോക്കും കൊടുത്തു. ഒരു വർഷത്തിനകം ച്യ പതിനായിരം പേരെ ചേർത്ത് ഒരു സൈന്യത്തെ തയാറാക്കി. അയാൾ സേനയെ കൂട്ടതൽ വിപുലപ്പെടുത്തുന്നതിനു മുൻപ് ജനറൽ ല്യൂ, ച്യൂവിനെയും അനുയായികളെയും ചെമ്പടയിൽ ലയിപ്പിച്ചുകളഞ്ഞു. എങ്ങനെയാണെന്നോ! ജനറൽ ല്യൂ ച്യൂവിനെ ഒരു കൂടിയാലോചനക്കു ക്ഷണിച്ചു. ഭംഗിയായ വിരുന്നു നൽകി. സിഗരററുകൊടുത്തു.

"അങ്ങുകൂടി ഞങ്ങളോടു ചേരുക!" ജനറൽ ല്യൂ പറഞ്ഞു. ച്യ സ്വതന്ത്രബുദ്ധിയാണ്, അയാൾ ചോദിച്ചു: "ഇല്ലെങ്കിൽ?"

"എന്ത്! ജപ്പാനോടുപൊരുതാൻ ഞങ്ങളെ സഹായിക്കുകില്ലെന്നോ! എന്നാൽ നിങ്ങളെ ഞങ്ങൾ വെറുതെ വിടില്ല. യുദ്ധംചെയ്തു കീഴടക്കും. ഞങ്ങൾക്കതിനു കഴിവുണ്ട്. ആലോചിക്കൂ!"

ഒരു നിമിഷം ച്യ ആലോചിച്ചിരുന്നു. "ശരി. സമ്മതിക്കാം. ഒരു കരാറുവേണം." ച്യ പറഞ്ഞു.

"എന്താണ് പറഞ്ഞുകൊള്ളൂ!"

"എൻെറ സൈന്യത്തിൻെറ നേതൃത്വം എനിക്കു തന്നെ വിട്ടുതരണം." ല്യൂ ഇതിന് വ്യക്തമായ ഉത്തരം

നൽകാതെ ചൂവിനെയും അനുയായികളെയും പ്രശംസി ക്കാൻ തുടങ്ങി.

"താങ്കളുടെ സേനയ്ക്കു് പരിശീലനം അല്പം കുറവ ല്ലേ? അവരുടെ സാമർത്ഥ്യത്തിൽ ഞങ്ങൾക്ക് ഒട്ടും മതി പ്പുകുറവില്ല. താങ്കളുടെ നേതൃത്വത്തിൽ അവർ ഒന്നാ ന്തരം പടയാളികളായിത്തീരും. ഞങ്ങളുടെ ശാസ്ത്രീയമായ പരിശീലനം കിട്ടട്ടെ, അവർ താങ്കളെ കൂടുതൽ ബഹു മാനിക്കും, എന്നെന്നും കൃതജ്ഞതയുള്ളവരുമായിരിക്കും."

ചൂ സമ്മതിച്ചു. അനുയായികളൊന്നിച്ചു് അദ്ദേ ഹം വൃതായ്ഷാൻ കുന്നുകളിലേക്കു പോയി. അതായി രുന്നു കമ്യൂണിസ്ററുകാരുടെ പാവനസങ്കേതം.

വൃതായ്ഷാനിൽ ചെല്ലുന്ന കമ്യൂണിസ്ററല്ലാത്ത ഏതൊരാളും ഒരു സുപ്രഭാതത്തിൽ രണ്ടിലൊന്നു സമ്മ തിക്കും: ഒന്നുകിൽ മരിച്ചുവീഴുന്ന ദേശഭക്തൻ; അല്ലെ ങ്കിൽ ജീവിക്കുന്ന കമ്യൂണിസ്ററുകാരൻ. ചൂ ഏററവും വലിയ ഒരു കമ്യൂണിസ്ററു ജനറലായി. എല്ലാ ഒളി പ്പോരുകാരും ഇങ്ങനെ മാനസാന്തരപ്പെട്ടു. 1938 അവ സാനത്തോടുകൂടി — കഷ്ടിച്ച് ഒരു വർഷത്തിനകം— കവർച്ചസംഘങ്ങളെല്ലാം - ഒളിപ്പോരുകാരെല്ലാം - ദേശ ഭക്തരായ സൈന്യഘടകങ്ങളെല്ലാം —ഒന്നുകിൽ മരിച്ചു വീണു, അല്ലെങ്കിൽ ചുവപ്പുസേനയിൽ നിശ്ശേഷം വി ലയം പ്രാപിച്ചു.

അദ്ധ്യായം മൂന്നു്

# സ്ഥിതിഗതികൾ അവരുടെ നിയന്ത്രണത്തിൽ

അതിവേഗം പടൎന്നുകയറുന്ന ഒരു മഹാമാരിയാണു കമ്യൂണിസം. അതിൻെറ അണുക്കൾ അനുനിമിഷം ആയിരമായിരമായി പെററു പെരുകുന്നു. കമ്യൂണിസത്തിൻെറ വളർച്ച ഒരു കൊച്ചു സെല്ലിൽ നിന്നാണാരംഭിക്കുന്നതു്. ഈ മഹാരോഗമില്ലാത്ത ദിക്കിൽ ഒരു സെൽ പറിച്ചു നട്ടാൽമതി, പൊട്ടിച്ചെനച്ച് അതു പെരുകിക്കൊള്ളും, ജീവശാസ്ത്ര സിദ്ധാന്തത്തെ കമ്യൂണിസം മുറുകെപ്പിടിച്ചിരിക്കയാണു്. ചെടികളിലായാലും ജന്തുക്കളിലായാലും അവയുടെ അടിസ്ഥാനഘടകം സെല്ലാണല്ലോ. അതിൻെറ പ്രവൎത്തനമാണു് ജീവനെ നിലനിറുത്തുന്നതു്. ഒരു കേന്ദ്രബിന്ദുവിനെ പൊതിഞ്ഞിരിക്കുന്ന 'പ്രോട്ടോപ്ലാസ' മാണല്ലോ സെൽ.

കൃഷിക്കുമുൻപ് നിലമുഴുതു പാകപ്പെടുത്തേണ്ടതുണ്ടു്. അതുപോലെ കമ്യൂണിസ്റ്റുകൃഷിക്കും നിലമൊരുക്കി ശരിപ്പെടുത്തണം. ഈ കൃഷി ജനങ്ങളിലാണ്. അതിനാൽ ജനങ്ങളെയും പാകപ്പെടുത്തിയെടുത്തേതീരു.

ആൻകുവിലാണ് തല്ക്കാലം കൃഷി ഇറക്കേണ്ടതു്. നാട്ടുകാരെ മെരുക്കിഎടുക്കുവാൻ ജനറൽ ലൂവും പട്ടാളവും യത്നം തുടങ്ങി. ആധുനികരീതിക്കൊപ്പിച്ച് നാടു പരിഷ്ക്കരിക്കണമല്ലോ. പഴഞ്ചൻ സമ്പ്രദായങ്ങൾ ദൂരെക്കളയേണ്ടതല്ലേ! ജനറൽ ലൂ പുതിയ പുതിയ ബഹുജനസംഘടനകൾ കെട്ടിപ്പടുക്കാൻ തുടങ്ങി. പൗരബോധവും ദേശഭക്തിയുമുള്ള സുശക്തസംഘടകങ്ങൾ ഓരോ കൗണ്ടിയിലും ഉണ്ടാകണം. തെററാണോ ഈ ആഗ്രഹം! കറകളഞ്ഞ ദേശസ്നേഹികൾക്കല്ലേ ഇതു തോന്നു? കൗണ്ടികൾ സുരക്തങ്ങളായാൽ ജപ്പാൻ 'പുല്ലാണ്'. ജനറലിൻെറ ഈ അഭിപ്രായങ്ങൾ കുറിക്കുകൊണ്ടെന്നു സമ്മതിക്കണം.

പ്രചരണപരിപാടി അഭംഗുരം തുടന്നു. ലഘുലേഖകളും ലഘുഗ്രന്ഥങ്ങളും ആയിരക്കണക്കിനു വിതരണംചെയ്തു. അവയ്ക്കുചെലവില്ലേ! വിലയില്ലേ! നാട്ടുകാർ അവ വിലയ്ക്കുവാങ്ങി, അവരുടെ നന്മയ്ക്കു്! ജനറലിനോ കമ്യൂണിസത്തിനോ വേണ്ടിയാണോ? മുക്കിലും മൂലയിലും പ്രസംഗങ്ങൾ പൊടിപൊടിച്ചു. ഒരേ ഒരു ആശയം! അതു ഭംഗ്യന്തരേണ ജനഹൃദയങ്ങളിൽ അടിച്ചുകയററി. ജനങ്ങളുടെ സൈന്യം ജനക്ഷേമത്തിനുവേണ്ടി നാട്ടുകാ

രുടെകൂടെ നിലകൊള്ളുന്നു; പൊതു ശത്രുവായ ജപ്പാനെ തുരത്തിവിടാൻ അതു വെമ്പൽകൊള്ളുന്നു, "ചീന ജയിയ്ക്കും. ജപ്പാൻ തുലയും" അങ്ങനെ പോയി പ്രസംഗങ്ങളുടെ പോക്കു്.

രാപ്പകലുള്ള ഈ പ്രചരണവേല ശരിക്കു ഫലിച്ചു. ജാപ്പ് വിരുദ്ധമനോഭാവം ജനങ്ങളിൽ വേരോടി. ചുവപ്പുനേതാവായ മാവൊസെത്തുങ്ങിൻെറ രഹസ്യ നിർദ്ദേശങ്ങൾ അനുസരിച്ചായിരുന്നു ഈ പ്രചരണമെല്ലാം. ജനങ്ങൾക്കു് ജപ്പാനോടുള്ള വെറുപ്പും ശത്രുതയും കണക്കിലെടുത്തുകൊണ്ടു് കമ്യൂണിസ്ററുശക്തി കഴിയുന്നത്ര ഉറപ്പിക്കാനായിരുന്നു മാവോയുടെ നിർദ്ദേശം.

## ആദ്യത്തെ ആപ്പും!

നാട്ടിൻെറനന്മയ്ക്കു (?) വേണ്ടി അനായാസമായ രീതിയിൽ എല്ലാകാര്യത്തിലും നിയന്ത്രണമേർപ്പെടുത്തുവാൻ ജനറലിനു വളരെവേഗം കഴിഞ്ഞു. അതോടുകൂടി എല്ലാ കൗണ്ടികളിലെയും സമ്പൂർണ്ണമായ ഒരു രജിസ്റ്ററും അയാൾ തയാറാക്കി.

ശത്രുക്കൾ രാജ്യത്തിനുള്ളിൽ നുഴഞ്ഞുകയറുവാൻ തരമുണ്ടു്. അതുകൊണ്ടു് എല്ലാവൎക്കും സഞ്ചാരാനുമതി നൽകുന്ന 'പാസ്സു'കൾ വേണ്ടതാണെന്നു് ജനറൽ പ്രസ്താവനയിറക്കി. ശരി, വേണം. അല്ലെങ്കിൽ ദോഷമാണെന്നു് ജനങ്ങളും ഒത്തുമൂളി. ചൈനാക്കാരിൽ ബഹുഭൂരിഭാഗവും ദൂരെയെങ്ങും പോയിട്ടില്ല. പ്രത്യേകിച്ചും യുദ്ധകാലങ്ങളിൽ നിശ്ചിതസങ്കേതങ്ങളിലെത്തി എല്ലാവ

രും അനുമതിപത്രം ഏററുവാങ്ങി. അടുത്തഗ്രാമത്തിൽ പോകണമെങ്കിലും പാസ്സുകൂടാതെ സാദ്ധ്യമല്ലെന്നുവന്നു. ഈ ഏർപ്പാടോടുകൂടി എല്ലാവരുടെയും പേരും മേൽവിലാസവും കമ്യൂണിസ്റ്റുകാക്കു കിട്ടി. അവരതു വിദഗ്ദ്ധമായി 'റിക്കാർഡു'ചെയ്യുകയും ചെയ്തു. ഒട്ടേറെ നല്ലയാളുകളുടെ വിധിയായിരുന്നു ഈ റിക്കാഡുകൾമൂലം നിർണ്ണയിക്കപ്പെട്ടതു്. ശുദ്ധമായ ഒരു സ്ഥിതിവിവരക്കണക്കെടുക്കലായിരുന്നു അതെന്നു് നാട്ടുകാർ ഏതും അറിഞ്ഞില്ല. പേരു്, വയസ്സു്, തൊഴിൽ- എല്ലാം റിക്കാർഡിൽ കൊള്ളിച്ചിരുന്നു. സമയംപ്രതി ആരെയെല്ലാം 'ലിക്വിഡേററ്' ചെയ്യണമെന്നും ആരെയൊക്കെ ജീവിക്കാൻ അനുവദിക്കണമെന്നും നിശ്ചയിക്കാൻ ഈ 'സെൻസസ്' എടുപ്പു് ഉപകരിച്ചു. കമ്യൂണിസ്ററു വൈരികളെ ഉന്മൂലനംചെയ്തു് പാർട്ടിയെ ശുദ്ധീകരിക്കാനുള്ള ആദ്യത്തെ ആപ്പുവയ്പായിരുന്നു ഇതു്.

ജനറൽ ലൂവിൻെറ പട്ടാളം മറെറാരടവുകൂടി അംഗീകരിച്ചു. പാർട്ടിയുടെ 'ആഹ്വാന'മാണെല്ലാം. ജനങ്ങളുടെ സൈന്യങ്ങളും അവയെ നിയന്ത്രിക്കുന്ന കമ്യൂണിസ്ററുകാരും മനുഷ്യസ്നേഹികളാണു്, എളിയവരുടെ ദാസന്മാരാണു്, എന്നൊക്കെ ജനങ്ങളെ വിശ്വസിപ്പിക്കാനുള്ള ഒരു വിദഗ്ദ്ധമായ കർമ്മപരിപാടിയായിരുന്നു അതു്.

## ജനങ്ങളെ വശീകരിക്കുന്നു

നിർദ്ദേശാനുസാരം പട്ടാളക്കാർ നാട്ടുകാരോടു വിനയപൂർവം പെരുമാറിത്തുടങ്ങി. ക്യങ്ങ്സിയിലുംമററും

കമ്യൂണിസ്ററുകാർ നടത്തിയ അക്രമങ്ങളും അട്ടിമറിപ്പൻപ്രവത്തനങ്ങളും ദൂരെയുള്ള ആൻക്ലുവിലെ ആളുകൾ അറിഞ്ഞിരുന്നില്ല. ഇതു കമ്യൂണിസ്ററുകാൎക്കു രക്ഷാകവചമായി. ചെറുപ്പക്കാരായ ഭടന്മാർ ആരോടും വിനയപൂൎവ്വം പെരുമാറി. കവർച്ചയ്ക്കോ ബലാൽക്കാരത്തിനോ അവർ വാസനകാട്ടിയില്ല. വല്ല പട്ടാളക്കാരനും എന്തെങ്കിലും അപമര്യാദയായി പെരുമാറിയാൽ അയാൾക്കു തക്ക ശിക്ഷ കിട്ടിയതുതന്നെ. ജനറൽ ലൃവിന്റെ സൂക്ഷ്മനേത്രങ്ങൾ എവിടെയെല്ലാം തുരന്നു കയറിയെന്നോ! അദ്ദേഹത്തിൻെറ ന്യായദീക്ഷയിലും നീതിനിർവഹണത്തിലും ജനങ്ങൾക്കു വലുതായ മതിപ്പുണ്ടാകാൻ ഇതിൽ കൂടുതൽ എന്തുവേണം!

പട്ടാളക്കാരെ ചെറുപ്പക്കാരികൾക്കു ഭയക്കേണ്ടതില്ല. പ്രതീക്ഷിക്കാവുന്ന കാര്യമാണോ അതു്! "സഹോദരീ, അമ്മേ," എന്നൊക്കെ മാത്രമേ പട്ടാളക്കാർ പെണ്ണുങ്ങളെ വിളിക്കാറുള്ളു. എന്തു മധുരം! എന്തു വിനയം! വീടുതോറും ചെന്നു് എന്താണാവശ്യമെന്നു് പട്ടാളക്കാർ ചോദിക്കും. "അയ്യോ! അമ്മൂമ്മ മുററമടിക്കുന്നല്ലോ! ആളില്ലേ! ഇല്ലെങ്കിൽ ഞാൻ ചെയ്യാമല്ലോ," അയാൾ അമ്മൂമ്മയ്ക്കുവേണ്ടി മുററമടിയ്ക്കും. "ഓ! ആഴമുള്ള കിണറല്ലേ! സഹോദരി ബുദ്ധിമുട്ടേണ്ടാ. എനിക്കുമുണ്ടൊരു പെങ്ങൾ ഈ പ്രായത്തിൽ. ഞാൻ വെള്ളം കോരിത്തരാം." പട്ടാളക്കാരൻ വെള്ളംകോരിക്കൊടുക്കും. ഒരു കപ്പു തേയിലപോലും അയാൾ പ്രതിഫലമായി സ്വീകരിക്കാറില്ല. "തീർച്ചയായും ഇവർ ഞങ്ങ

ളുടെ പട്ടാളക്കാർ തന്നെ! ഞങ്ങളുടെ രക്ഷകർ തന്നെ!" നാട്ടുകാർ എങ്ങനെ നന്ദികാട്ടാതിരിക്കും!

വിളവെട്ടുപ്പുകാലം വരട്ടെ. പട്ടാളക്കാർ കൃഷിക്കാരൊത്തു പാടത്തിറങ്ങും, കററയറുക്കും, മെതിക്കും; അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കുവേണ്ടി! "എത്ര നല്ല ആളുകൾ! ഇവർ പടയാളികളല്ല. കരുണയുള്ള കുഞ്ഞുങ്ങൾ!" അങ്ങനെ അന്യോന്യം പറഞ്ഞു ഗ്രാമീണർ. രാജവാഴ്ചയുടെ കാലത്തോ പിന്നീടു ദേശീയഗവണ്മെൻറു വന്നപ്പോഴോ ഭടന്മാർ ഇങ്ങനെ പെരുമാറിയിട്ടില്ല.

"ഞങ്ങൾ ജനങ്ങളുടെ പട്ടാളമാണ്. ജനസേവകരാണ്. ഏകാധിപതികളുടെ സൈന്യങ്ങളല്ല. ജനങ്ങളിൽനിന്നു വിട്ടുനില്ക്കാൻ ഞങ്ങൾക്കാവില്ല." ഭടന്മാരെല്ലാം നാട്ടുകാരോടു പറയും. വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ജനങ്ങളെ പരിചരിക്കാൻ പ്രതിജ്ഞയെടുത്തവരല്ലേ പട്ടാളക്കാർ!

## ഈ തട്ടിപ്പ് ഒരു പരിപാടി മാത്രം

ഈ നയപരിപാടികൾ നിർബാധം തുടർന്നുകൊണ്ടിരുന്നു. 1951 ജനുവരി ആറാം തീയതി 'ജനലോകം' (Peoples' World) എന്ന ഇംഗ്ലീഷ് മാസിക പുറത്തുവന്നു. ഞാനതു് അമേരിക്കയിൽ വച്ചാണു കണ്ടതു്. സന്തുഷ്ടി പൂണ്ടു പുഞ്ചിരി തൂകുന്ന കൃഷിക്കാരും പല്ലിളിച്ചു ചിരിക്കുന്ന കമ്യൂണിസ്റ്റ് ഭടരും തോളോടുതോൾ ചേർന്നു പാടത്തു നിന്നു പണിയെടുക്കുന്ന ചിത്ര

ങ്ങൾ വേണ്ടുവോളമുണ്ടതിൽ. "ചുവപ്പുസേന ജനങ്ങളുടെ സേന!" എന്നുള്ള മത്തങ്ങാ തലക്കെട്ടുകൾ അതിൽ കൊട്ടത്തിരുന്നു. "പാടത്തും പറമ്പിലും, വീട്ടിലും വെളിയിലും, ചുവപ്പുസേന ജനങ്ങളെ സഹായിക്കുന്നു; അവരുടെ സ്നേഹാദരങ്ങൾ ആജ്ജിക്കുന്നു" എന്നു് മാസികയിൽ വിവരിച്ചിരുന്നു. ഒരു ശീർഷകം ഇങ്ങനെയാണു്: "ഞങ്ങളുടെ വിമോചന സേനയിലെ ഭടന്മാർ പ്രതിഫലം കൂടാതെ കർഷകക്കുവേണ്ടി പണിയെടുക്കുന്നു."

പ്രാരംഭത്തിൽ അത്തരം ചിത്രങ്ങളും ശീഷകങ്ങളും വിദേശങ്ങളിലെ പ്രചരണപരിപാടിക്കുവേണ്ടി പ്രത്യേകം തയ്യാർ ചെയ്തിരുന്നില്ല. ചുവപ്പു സേനയെപ്പററി അധികമൊന്നും അറിയാത്തർ എളുപ്പം തന്നെ വശീകൃതരായിരുന്നു. ചെമ്പടയുടെ തനിനിറം അറിയാൻ കഴിഞ്ഞിട്ടുള്ളവർ ഈ ചിത്രങ്ങൾ കണ്ടപ്പോൾ അവരുടെ തെററിദ്ധാരണയിൽ സ്വയം ഖേദിച്ചു. കമ്യൂണിസ്റ്റുകാർ പറഞ്ഞതെല്ലാം അവർ വിശ്വസിക്കുകയും ചെയ്തു. കണ്ണിൽ കാണുന്ന വസ്തുതയെ എങ്ങനെ അവിശ്വസിക്കാനാണു്! സാധാരണ പട്ടാളക്കാക്കുള്ള സ്വഭാവ ദൂഷ്യങ്ങളൊന്നും ചുവപ്പുസേനക്കില്ലെന്നു് ഒരു അഭിപ്രായഗതി ജനങ്ങളിൽ ഉണ്ടായി. ചൈനയിൽ ഒരു നവോദയത്തിൻെറ പുലരിയായെന്നു് ജനങ്ങൾ ആശ്വസിച്ചു.

### നാട്ടുകാർ പാട്ടിലാകുന്നു

ജനവിശ്വാസം ആജ്ജിക്കുന്നതു് എത്രമേൽ പ്രയോജനകരമാണെന്നു് ഇതിനകം കമ്മ്യൂണിസ്റ്റുകാർ ശ

രിക്ക ഗ്രഹിച്ചിരുന്നു. ഇത്തരം പെരുമാറ്റങ്ങൾകൊണ്ട് നാട്ടുകാരെ പാട്ടിലാക്കാനുള്ള വിദഗ്ദ്ധ വിദ്യകളും അവർ ആസൂത്രണം ചെയ്തിരുന്നു. വിശ്വസിച്ചുകഴിഞ്ഞാൽ എന്തും തുറന്നുപറയുന്ന പ്രകൃതക്കാരാണു ചൈനാക്കാർ. ഗ്രാമങ്ങളുടെയും ഗ്രാമീണരുടെയും രഹസ്യങ്ങൾ പുറത്തു ചാടാൻ അവരുടെ വിശ്വാസമാർജ്ജിക്കണം. ഇങ്ങനെ കിട്ടിയ അറിവുകൾവച്ചുംകൊണ്ട് റിക്കാർഡുകൾ ഉണ്ടാക്കാനും സെല്ലുകൾ വികസിപ്പിക്കാനും കമ്മ്യൂണിസ്റ്റുകാർക്ക കഴിഞ്ഞു. അതേസമയം രഹസ്യവാർത്തകൾ ശേഖരിക്കാൻ വിദഗ്ദ്ധന്മാരായ ചാരന്മാരെയും അവർ നിയോഗിച്ചിരുന്നു. വളരെക്കഴിയുന്നതിനുമുൻപ് ഭരണകൂടത്തിന്റെ എല്ലാ പ്രധാന സ്ഥാനങ്ങളിലും സ്വന്തം ആളുകളെ തിരുകിക്കയറ്റുവാൻ കമ്മ്യൂണിസ്റ്റ്കാർക്ക കഴിഞ്ഞു. പോലീസ്, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളിലെല്ലാം അവർ പററിക്കൂടി. ചെമ്പടയിലെ എല്ലാ പടയാളിയും രഹസ്യം ശേഖരിച്ചിരുന്നു. എന്നാൽ, അവരെല്ലാം കമ്മ്യൂണിസ്റ്റ് കാരായിരുന്നില്ല. രാജ്യരക്ഷയ്ക്കുള്ള കരുതൽ നടപടികളാണിവയെന്നത്രേ അവർ ധരിച്ചിരുന്നതു്. വഞ്ചനയറിയാത്ത ഗ്രാമീണരെ പററിക്കാനാണീ വിദ്യകളെന്നു് അവർ മനസ്സിലാക്കിയില്ല. ചെമ്പടയുടെ സേനാനികളെല്ലാം പ്രായേണ ആദ്യം മുതൽക്കേ പാർട്ടി അംഗങ്ങളാണു്. ക്രമേണ എല്ലാവരും കമ്മ്യൂണിസ്റ്റ്കാരായി രൂപാന്തരപ്പെട്ടുകയും ചെയ്തു.

ജനങ്ങളുമായി ഉറ്റസമ്പക്കം പുലർത്തുന്നതിൽ മറ്റൊരുദ്ദേശവും കമ്മ്യൂണിസ്റ്റ്കാർക്കുണ്ടായിരുന്നു. സംഭാഷണ

വേളയിൽ രഹസ്യങ്ങൾ പുറത്തുവരും. പടക്കോപ്പുകൾ എവിടെവിടെ സൂക്ഷിച്ചിരിക്കുന്നു എന്നറിയാൻ ഈ ബന്ധം പുലത്തൽ വളരെ സഹായിച്ചു. അല്പമെങ്കിലും സൌകര്യമുള്ള ഒരു ചൈനാക്കാരനു ഒരു നല്ല തോക്കുണ്ടായിരിക്കും. അകസാമാനങ്ങൾപോലെയോ കൃഷിയായുധങ്ങൾപോലെയോ അയാൾക്കു് ഒഴിച്ചുകൂടാൻ പാടില്ലാത്തതാണു് തോക്കും. തോക്കു് ഒരു രക്ഷാകവചമാണു്. ചെറുകിട കൃഷിക്കാർ പലരുംകൂടി ഒരു തോക്കെങ്കിലും പൊതുസ്വത്തായി കരുതി വച്ചിരിക്കും. പണക്കാരാണെങ്കിൽ ഒന്നിൽ കൂടുതൽ തോക്കുകൾ വാങ്ങിവയ്ക്കാൻ പ്രയാസമില്ല. അക്കാലങ്ങളിൽ ചൈനയിൽ തോക്കിനു വലിയ പ്രിയമാണു്. തോക്കുണ്ടോ പണംതന്നെ. നാണയം പോലെ അവ അന്നു് കൈമാററവസ്തുക്കളായിതീൎന്നിരുന്നു.

നാട്ടിലുള്ള എല്ലാ തോക്കും ശേഖരിക്കുവാൻ കമ്യൂണിസ്ററുകാർ പ്ലാനിട്ടു. ബോധിച്ചവരെയെല്ലാം അവർ അറസ്ററുചെയ്തു. നിശ്ചിത സമയത്തിനുള്ളിൽ ഇത്ര തോക്കുവീതം എത്തിച്ചുകൊള്ളണമെന്നു് അവരെ നിർബന്ധിച്ചുതുടങ്ങി. ഒന്നുകിൽ തോക്കു് അല്ലെങ്കിൽ മരണം, അതായിരുന്നു കമ്യൂണിസ്റ്റുകാരുടെ ശിക്ഷാവിധി. ക്രിമിനൽകുററങ്ങൾക്കു പിഴയിടുന്നതും തോക്കായിട്ടുതന്നെ. കുററമൊന്നും ചെയ്തില്ലെങ്കിലും ശിക്ഷകിട്ടുക എപ്പോഴാണെന്നു നിശ്ചയമില്ല. വഴിയേ പോയാൽ മതി കുററക്കാരനാക്കി അറസ്ററുചെയ്തു് ഏതാനും തോക്കുകൾ പിഴയിടും. ഇത്തരം ശിക്ഷാവിധികൾ എണ്ണത്തിൽ കൂടി വന്നതേയുള്ളു.

കമ്യൂണിസ്റ്റുകാർ ചൈനയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ നാട്ടുകാരുടെ നല്ല അഭിപ്രായം സമ്പാദിക്കാൻ അവർക്കുകഴിഞ്ഞു. ജപ്പാന്റെ വായിൽനിന്നും ചൈനയെ രക്ഷിക്കാൻ ദൃഢപ്രതിജ്ഞ എടുത്തവരായിരുന്നു അവർ. യുദ്ധഫണ്ടിനുവേണ്ടി നാട്ടുകാരോട്ട് അവർ പണപ്പിരിവുനടത്തി. അധികാരികളുടെ അപ്രിയം ഉണ്ടായാലോ എന്നുകരുതി ധനികന്മാർ കൈയയച്ചു സംഭാവനചെയ്തു. ഇതിലൊന്നും കമ്യൂണിസ്റ്റുകാർ തൃപ്തിപ്പെട്ടില്ല. അവർ തക്ക അവസരം നോക്കി കാര്യം നേടിക്കൊണ്ടിരുന്നു.

## പിരി ഒന്നുകൂടി മുറുക്കുന്നു

അതൊരു നിസ്സാരമായ പ്രയോഗം. കമ്യൂണിസ്റ്റുകാർ ഒരു ധനികനെ വിളിച്ചുവരുത്തും. അദ്ദേഹം ഒരു അൻപതുഡോളർ സംഭാവനചെയ്ത ആളുമായിരിക്കാം. എന്നാൽ അതു കൊണ്ടു പിരിയുന്ന കൂട്ടരല്ല കമ്യൂണിസ്റ്റുകാർ. ഗവണ്മെൻറു സുരക്ഷിതമായിരിക്കേണ്ടതു് ഏററവും ആവശ്യമല്ലേ! പ്രത്യേകിച്ചും അത്തരം പ്രതിസന്ധിഘട്ടങ്ങളിൽ. കമ്യൂണിസ്റ്റുകാരനായ ഉദ്യോഗസ്ഥൻ ധനികനോടു പറയും 'അങ്ങൊരു ധനികനല്ലേ!' ധനികനായതു കുററമായിപ്പോയി എന്ന ഭാവത്തിലാണു് ഉദ്യോഗസ്ഥൻെറ നോട്ടം. അയാൾ തുടരുകയാണു്: "അങ്ങ് അങ്ങയുടെ ഗവണ്മെൻറിനു് അൻപതു് ഡോളർ കൊടുത്താൽ മതിയോ! നമുക്കു് ഉറച്ച ഒരു സൈന്യം വേണ്ടേ! ഒരു പത്തു് 'റൈഫി'ളുകൾ ഉടനെ കൊടുക്കണം

നാളെ. നാളെത്തന്നെ;'' പിറേറദിവസം ഇന്നസമയത്തു റൈഫിൾ എത്തിച്ചുകൊള്ളണമെന്നാജ്ഞാപിച്ചിട്ട മുദ്ര യടിച്ച ഒരു ഓർഡറും കൈയിൽ കൊടുക്കും.

അക്കാലങ്ങളിൽ ചൈനയിൽ റൈഫിൾ കിട്ടുക എളുപ്പമല്ല. എന്നുപറഞ്ഞാൽ സമാധാനമാകുമോ! ധനികൻെറ ജീവൻ ഉദാരമായ റൈഫിൾസംഭാവനയെ ആശ്രയിച്ചിരിക്കയല്ലെ! പെട്ടെന്ന് ചൈനയിൽ ഒരു റൈഫിൾകരിച്ചന്ത പൊന്തിവന്നു. ഇതിനെ എത്രമാത്രം ഊതി വീർപ്പിക്കാമോ അത്രമാത്രം ഊതിവീർപ്പിച്ചു കമ്യൂണിസ്ററുകാർ. കാര്യംകാണാൻ ഏതു് അനീതിയ്ക്കും കൂട്ടനിൽക്കുന്ന സ്വഭാവഗതിക്കാരാണവർ. തിങ്കളാഴ്ച അൻപതു ഡോളർ വിലയുള്ള റൈഫിളിന്ന് ചൊവ്വാഴ്ച നൂറു ഡോളറല്ലെവില! എങ്ങനെയെങ്കിലും പത്തു റൈഫിൾ സമ്പാദിച്ചുകഴിയുമ്പോൾ നാം കണ്ട ധനികൻ വെറുമൊരു നിർദ്ധനനായി മാറിയിരിക്കും.

എന്നാൽ, അതുകൊണ്ടും അയാൾ രക്ഷപ്പെട്ടുമെന്നു കരുതേണ്ട. പത്തുറൈഫിൾ സംഭാവനചെയ്തു മടങ്ങവേതന്നെ മറെറാരുകാര്യത്തിന്ന് അയാളെ അറസ്ററു ചെയ്യും. വീണ്ടും ഒരു പത്തുറെറഫിൾ! അതു സംഭാവനയല്ല. പിഴ. അവിടെയും നിൽക്കുകില്ല അറസ്ററും ശിക്ഷയും. അതു തുടന്നു തുടന്നുപോകും. അവസാനം ഒരു സുപ്രഭാതത്തിൽ.......

ഇങ്ങനെ ആവശ്യത്തിലധികം തോക്കുകൾ കമ്യൂണിസ്ററുകാർ പിടിച്ചെടുത്തു. കൂടുതൽ തോക്കുകിട്ടിയപ്പോൾ സേനയും വികസിച്ചുവന്നു. പട്ടാളം, പോലീ

സ്, രഹസ്യപ്പോലീസ്— എല്ലാം വളരെ വലുതായി. കമ്യൂണിസ്ററ് വിരുദ്ധശക്തികളെ നേരിടാൻ പ്രധാന കേന്ദ്രങ്ങളിലെല്ലാം വിശ്വസ്തരായ ഉദ്യോഗസ്ഥന്മാരെ നിയമിച്ചു. "ധനമുള്ളവർ ധനംതരണം, ആയുധമുള്ളവർ ആയുധം തരണം, ശരീരശക്തിതന്നും സഹായിക്കാവുന്നവർ അങ്ങനെ ചെയ്യണം. ഇതു രാജ്യത്തിൻെറ രക്ഷയ്ക്കാണ്. പൊതുക്ഷേമം നിലനിറുത്താനാണ്." കമ്യൂണിസ്ററുകാരുടെ തുടരെയുള്ള പ്രചരണപരിപാടി അങ്ങനെ ആയിരുന്നു.

നല്ലവാചകത്തിൽ അഭ്യർത്ഥന പുറപ്പെടുവിക്കാൻ മാത്രമല്ല, പണവും പണ്ടങ്ങളും കണ്ണാടിവച്ചു കണ്ടെത്താനും കമ്യൂണിസ്ററുകാർക്ക വിരുതുണ്ട്. ജില്ലകൾ ജില്ലകളായി രാജ്യമെങ്ങും അവർ അരിച്ചുനോക്കി. പണവും പണ്ടങ്ങളും മുഴുവൻ പിടിച്ചുവാങ്ങി ജനങ്ങളെ ദരിദ്രരാക്കി.

അദ്ധ്യായം നാലു്

# കമ്യൂണിസത്തിൻെറ എതിർശക്തികഠം

കമ്യൂണിസം ചൈനയിൽ വേരോട്ടുകില്ലെന്നായി രുന്നു സാർവത്രികമായ ധാരണ. ഈ ധാരണയാണു് ചൈനയിൽ കമ്യൂണിസം വളരാനുണ്ടായ കാരണങ്ങളിൽ ഒന്നു്. ചൈനയിൽ വന്നിട്ടുള്ളവരാരും ചൈനയെ വിഴുങ്ങിയിട്ടില്ല, ചൈന അവരെ വിഴുങ്ങിയിട്ടേഉള്ളൂ എന്നുള്ളവിശ്വാസവും മുൻപറഞ്ഞ ധാരണയ്ക്കു ശക്തി കൂട്ടി. ഈ വിശ്വാസപ്രമാണത്തെ ആധാരമാക്കിയുള്ള സംഭാഷണങ്ങളും വാദപ്രതിവാദങ്ങളും, യൂറോപ്പിലും അമേരിക്കയിലുമുള്ള സൽക്കാരശാലകളിലും വിനോദമന്ദിരങ്ങളിലും ബാറുകളിലും എല്ലാം നടക്കുന്നുണ്ടായിരുന്നു. പത്രപ്രവർത്തകരും വിദ്യാർത്ഥികളും കച്ചവടക്കാരുമാണു് ചൈനയിലെ രാഷ്ട്രീയനിലവാരത്തെപ്പററി ഇങ്ങനെ വിലയിരുത്തി സംസാരിച്ചുവന്നതു്. പണ്ഡിതന്മാരോ

ചരിത്രകാരന്മാരോ ആയിരുന്നെന്നു പറഞ്ഞുകൂടാ. ജൂതന്മാർ ചൈനയിലെത്തി ചീനക്കാരിൽ ലയിച്ചു. പിന്നാണോ കമ്യൂണിസ്ററുകാർ എന്നായിരുന്നു അവരുടെയെല്ലാം അഭ്യൂഹം. താങ് വംശം ചൈന ഭരിക്കുന്നകാലത്തുതന്നെ ജൂതന്മാർ ചൈനയിലെത്തി. അവരെല്ലാം അറിയാത്തവിധം ഇന്നു ചൈനാക്കാരായി മാറിയിട്ടുണ്ട്. ഇതരവിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും കലർപ്പുകൂടാതെ വർഗ്ഗശുദ്ധിയെ നിലനിറുത്തുവാൻ എത്ര വലിയ കഷ്ടതസഹിച്ചും ഉററു ശ്രമിക്കുന്നവരാണ് ജൂതന്മാർ. രണ്ടായിരം കൊല്ലങ്ങളായി ഈ പ്രവണത അവർ കാണിക്കുന്നുണ്ട്. പക്ഷേ, ചൈനയിലെത്തിയപ്പോൾ അവരും ചീനക്കാരിൽ ലയിച്ചുപോയി. മറെറങ്ങും ഈ തോൽവി അവക്കു പററിയിട്ടില്ല. അന്യരെ തങ്ങളിൽ ലയിപ്പിക്കുവാൻ ചൈനാക്കാക്കുള്ളകഴിവു മററു സമുദായങ്ങൾക്കില്ലതന്നെ. ഇക്കാര്യം മനസ്സിൽവച്ചു കൊണ്ടാണ് ചീനനാട്ടിൽ കമ്യൂണിസം വിലപ്പോകയില്ലെന്നു് ആളുകൾ പൊതുവെ വിശ്വസിച്ചുപോന്നതു്. എന്നാൽ, ഈ പുതിയ അഭിനിവേശക്കാർ വിദേശികളല്ല, സ്വദേശികളാണെന്ന സംഗതി ആരും അത്ര കാര്യമായി ഗണിച്ചില്ല. വാസ്തവത്തിൽ അപരിഷ്കൃതമായ ഒരു വൈദേശികാദർശം ചീനജനതയെ ആപൽക്കരമായി ബാധിച്ചിരുന്ന സംഗതി വളരെക്കഴിഞ്ഞാണ് നാട്ടുകാർ മനസ്സിലാക്കിയതു്. പരിപക്വവും സംശുദ്ധവുമായ സമുന്നതചിന്തകളിൽ അടിയുറച്ചുകഴിഞ്ഞിരുന്ന ചീനജനതയിൽ അപക്വവും അനർഹവുമായ ഭൗതികവാദം സ്വാധീ

നം ചെലുത്താൻ ഓടിയെത്തുമെന്നു് സംശയിക്കാൻ വഴി യുണ്ടായിരുന്നില്ല. എന്നുമാത്രമല്ല, ചൈനക്കാരൻെറ ആത്മബോധത്തിനുമുമ്പിൽ ഈ കുരുട്ടുവിദ്യ ഒട്ടും വില പ്പോവുകയില്ലെന്നും പലരും ദൃഢമായി വിശ്വസിച്ചി രുന്നു.

കമ്മ്യൂണിസത്തിനു വളരാനുള്ള അനുകൂലസാഹച ര്യങ്ങൾ ചൈനയിൽ കുറവായിരുന്നു. നേരെമറിച്ചു്, അതിനെ ചെറുത്തുനിറുത്തുവാനുള്ള പ്രതികൂലസാഹച ര്യങ്ങൾ അവിടെ കുട്ടതല്യമായിരുന്നു. ചൈനക്കാരൻെറ മതബോധം ദൃഢവും ശക്തവുമാണു്. ഗോത്രബന്ധം സംശുദ്ധമായി പുലർത്തിയിരുന്ന ഒരു വിഭാഗം ആളുകളാ യിരുന്നു അവർ. കുടുംബബന്ധവും അങ്ങനെ തന്നെ. ഛിദ്ര വാസനകൾക്കൊന്നും അതിനെ ഛിന്നഭിന്നമാക്കാൻ ക ഴിവില്ല. ഏകാന്തസങ്കേതങ്ങളിൽ ചിന്തയിലും ധ്യാന ത്തിലും കഴിയുന്ന ഒരുകൂട്ടമാളുകൾ ചൈനയിൽ എവിടെ യുമുണ്ടു്. യാതൊരു നൂതനാശയത്തിനും അവരെ വഴിതെ റ്റിക്കുവാൻ സാധ്യമല്ല. ചൈനാക്കാരന്റെ സന്മാർഗ്ഗബോധം സുപ്രസിദ്ധമാണു്. വ്യക്തികൾതമ്മിലുള്ള പാവനബ ന്ധത്തെ ഈ ബോധമാണു് നിലനിറുത്തുന്നതു്. വ്യക്തി വൈഭവം വളർത്തുന്നതും ഈ വിശ്വാസംതന്നെ. ശാലീ നതാബോധവും ധർമ്മതല്പരതയും ചൈനക്കാരൻെറ മഹൽഗുണങ്ങളിൽ മികച്ചുനിൽക്കുന്നു. ഇവയെല്ലാം കമ്യൂണിസത്തിൻെറ ബദ്ധശത്രുക്കളാണു്. പിന്നെങ്ങ നെ ചൈനയിൽ കമ്യൂണിസം പടൻപിടിക്കും! ഇതു ബു ദ്ധിപൂർവം കണക്കിലെടുത്തുകൊണ്ടു് ഈവക സമുന്നതാ

ദർശങ്ങളെ തട്ടിത്തകക്കാനായിരുന്നു കമ്യൂണിസ്ററുകാർ ആദ്യമായി ശ്രമിച്ചതു്. യുവജനങ്ങളിൽ പ്രകടമായി കണ്ടുതുടങ്ങിയ അഹന്തയും അനുസരണമില്ലായ്മയും കമ്യൂണിസത്തിന്റെറ മുന്നോടിയാണെന്നു് അന്നാരും ഗ്രഹിച്ചില്ല. മതബോധം ചീനക്കാരനിൽ വല്ലാത്ത സ്വാധീനം ചെലുത്തിയിരുന്നു. അതുനിശ്ശേഷം തുടച്ചുമാററാനുള്ള വിദഗ്ദ്ധമായ അടവുകളാണു കമ്യൂണിസ്ററുകാർ അംഗീകരിച്ചതു്.

## ബുദ്ധമതത്തിൻെറ നേരെ

"തൃഷ്ണയാണു് കഷ്ടപ്പാടിനുകാരണം. അതുകൊണ്ടു് തൃഷ്ണയെ ജയിക്കാൻ സഹനം ശീലിക്കുക." അതാണു് ബുദ്ധമതത്തിൻെറ കാതലായ തത്വം. ഒരു മിസ്റ്റിക് വിശ്വാസമാണിതു്. ആത്മാവിൽ വിലയം പ്രാപിച്ചിരിക്കുന്ന നിത്യസത്യത്തെ കണ്ടെത്തുവാൻ ആത്മജ്ഞാനം നേടുകയത്രെ ബുദ്ധമതവിശ്വാസികളുടെ അന്തിമലക്ഷ്യം. പ്രാത്ഥന, ഏകാന്തചിന്ത, ധ്യാനം, തപസ്സ് എന്നീ ചര്യകളിലൂടാണു് ആത്മസിദ്ധിഉണ്ടാകേണ്ടതു്. ആത്മജ്ഞാനിക്കു ദുഃഖമില്ല. ദുഃഖമില്ലാത്ത ലോകംആഗ്രഹിക്കുന്നവർ ആത്മജ്ഞാനികളാകണം.

ചൈനക്കാരിൽ ഏറിയകൂറും 'അമിതബുദ്ധ'മതത്തിൽ വിശ്വസിക്കുന്നു. നാലാംശതകത്തിൽ ജീവിച്ചിരുന്ന ഷാൻസിക്കാരനായ ഒരു മഹാത്മാവാണു് ഈ വിശ്വാസം പ്രചരിപ്പിച്ചതു്. നിസ്വാത്ഥമായ അന്യോന്യസേവനമാണു് ഈ വിശ്വാസത്തിൻെറ മുഖ്യധർമ്മം. കരുണാർദ്രമായിട്ടേ മനുഷ്യർ പെരുമാറാവൂ എന്നു് ഈ

മതം പഠിപ്പിക്കുന്നു. ഇതൊരു പുതിയ മതമല്ല. ശ്രീബുദ്ധൻെറ ഏററവും മുഖ്യമായ ഉപദേശമാണ്. കാരുണ്യദേവതയായ കുവാൻ-യിൻ ബോധിസത്വനും അമിതബുദ്ധനും പ്രസാദിക്കണമെങ്കിൽ മനുഷ്യർ ഹൃദയാലുക്കളായിരിക്കണമെന്നു് ഈ മതം പഠിപ്പിക്കുന്നു. ചൈനക്കാർ ഈ സിദ്ധാന്തത്തെ അങ്ങേയററം മാനിക്കുകയും സഹജീവികളിൽ കാരുണ്യം കാണിക്കുകയും ചെയ്യുന്നു. സൗഭാഗ്യസിദ്ധി ഉണ്ടാകാൻ ഈ മഹൽഗുണമാണ് ഒരാളെ സഹായിക്കുന്നതെന്നായിരുന്നു ചൈനക്കാരുടെ സാർവ്വത്രികമായ വിശ്വാസം. കമ്യൂണിസം ഇതിനു കടകവിരുദ്ധമാണ്. ശാന്തശീലവും സാത്വികമനോഭാവവും ഈലോകത്തു പററിയതല്ലെന്നാണ് കമ്യൂണിസം അനുശാസിക്കുന്നതു്. സേവനത്തെയല്ല, അടിച്ചമർത്തലിനെയാണ് അതു സ്വാഗതം ചെയ്യുന്നതു്. കമ്യൂണിസ്ററുകാർക്കു് ചൈനയിൽ അല്പം സ്വാധീനം ചെലുത്താൻ സാധിച്ചതോടുകൂടി അവർ ബുദ്ധമതത്തെ എതിർത്തുതുടങ്ങി. ബുദ്ധമതപുരോഹിതന്മാരെ 'പഗോഡ'കളിൽ നിന്നും ആട്ടിപ്പുറത്താക്കുവാനും മതസംഘടനകളുടെ വസ്തുക്കൾ പിടിച്ചെടുക്കുവാനും കമ്യൂണിസ്ററുകാർ മടിച്ചില്ല. ഷാൻസിയിലെ 'വുതായ്ഷാൻ' ഒരു ബുദ്ധമതകേന്ദ്രമായിരുന്നു. കമ്യൂണിസ്ററുകാർ അവിടം പിടിച്ചടക്കിയതു ഞാൻ നേരിട്ടുകണ്ട സംഗതിയാണ്. അവിടം പിന്നീടു കമ്യൂണിസ്ററുകാരുടെ ശക്തികേന്ദ്രവും സൈനികസങ്കേതവുമായി. ഒളിപ്പോരുകാരെയും കവർച്ചസംഘങ്ങളെയും, ജപ്പാനെതിരെ സംഘടിച്ചുമുന്നോട്ടുവന്ന പൗരന്മാരേയും ഏററിയകൂറും ഈ സങ്കേതത്തിൽ

വച്ചാണ് ജനറൽ നീജംഗ്ചെങ്ങ് ബലാൽക്കാരമായി മാനസാന്തരപ്പെടുത്തിയതു്. ബുദ്ധമതക്കാരുടെ വിശുദ്ധ കേന്ദ്രങ്ങളെല്ലാം കുന്നിൻപുറങ്ങളിലോ പർവ്വതാഗ്രങ്ങളിലോ ആയിരിക്കും. ഇവയിൽ നാലെണ്ണം ചൈനയിലെ സുപ്രസിദ്ധ തീർത്ഥസങ്കേതങ്ങളായിത്തീന്നിരുന്നു. വടക്കെചൈനയിലെ മുഖ്യകേന്ദ്രമാണു് വുതായ്ഷാൻ. മംഗോളിയൻ ബുദ്ധമതത്തിൻെറ ആസ്ഥാനമായിരുന്നു ഇതു്. ഇവിടമാണു് നീജംഗ്ചെങ്ങ് തൻെറ തലസ്ഥാനമായി തെരഞ്ഞെടുത്തതു്. നീജംഗംചെങ്ങ് ഒരു പഴയ കമ്യൂണിസ്ററുകാരനാണു്. ബൽജിയത്തിലും ഫ്രാൻസിലുമുള്ള സോഷ്യലിസ്ററു സവ്വകലാശാലകളിൽ അയാൾ പരിശീലനം നേടി. ഒന്നാംലോകമഹായുദ്ധം അവസാനിച്ചതോടുകൂടി നീജംഗ്ചെങ്ങ് നാട്ടിൽ തിരിച്ചെത്തി. ഇപ്പോൾ ഷാൻസി–ചഹാർ–ഹോപ്പെ സൈനികമേഖലയുടെ സുപ്രീം കമാൻഡറായി ജോലി നോക്കുകയാണു്.

ബുദ്ധമതക്കാരുടെ വസ്തുക്കളെല്ലാം കമ്യൂണിസ്ററുകാർ പിടിച്ചെടുത്തു. ഭിക്ഷുക്കളെ കൊന്നൊടുക്കി. രക്ഷനേടിയ അപൂവ്വമാളുകൾ നാടെങ്ങും അലഞ്ഞുതിരിഞ്ഞു. ആത്മസുഖത്തെ മാത്രം ആശ്രയിച്ചുകഴിഞ്ഞ നിരുപദ്രവികളായ ഒരു കൂട്ടം ആളുകളായിരുന്നു ബുദ്ധമത സന്യാസിമാർ. നൂററാണ്ടുകളായി അവർ ശാന്തിക്കും സമാധാനത്തിനുംവേണ്ടി പ്രവത്തിച്ചുപോന്നു. സന്മാഗ്ഗനിഷ്ഠയുടെയും സംസ്ക്കാരസമ്പത്തിൻെറയും കൊടി അവർ പൊക്കിപ്പിടിച്ചു. അവരെയും അവരുടെ

സംസ്കാരത്തെയും കമ്മ്യൂണിസ്ററുകാർ ഒന്നോടെ നിർമ്മാർജ്ജനം ചെയ്തു. തീരെ അസംഘടിതമായ രീതിയിലായിരുന്നു ചൈനയിൽ ബുദ്ധമതം പ്രവർത്തിച്ചിരുന്നതു്. അന്യോന്യബന്ധമില്ലാത്ത സ്വതന്ത്രഘടകങ്ങളായിരുന്നു ഓരോ ദിക്കിലെയും ബുദ്ധമതസംഘങ്ങൾ. അതുകൊണ്ടു് അവയെ നിഷ്പ്രയാസം തട്ടിത്തകർക്കാൻ കമ്മ്യൂണിസ്ററുകൾക്കു കഴിഞ്ഞു.

ക്രൂരവും പൈശാചികവുമായ കമ്മ്യൂണിസ്ററു മർദ്ദനം ചൈനയിലെ ബുദ്ധമതാനുയായികൾ തീരെ മറന്നുകളയുമെന്നു് ഉറപ്പിച്ചു പറയാൻ തരമില്ല. ചൈനയുടെ ചരിത്രത്തിൽ വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒരു സംഭവമാണീ മതമർദ്ദനം. ക്രി. മു. മൂന്നാം ശതകം മുതൽ ബുദ്ധമതം ചൈനയിൽ പ്രവർത്തനം നടത്തുന്നുണ്ടു്. ഭരണാധികാരികളുടെ താല്പര്യത്തിനൊപ്പിച്ചു് മതാചാരങ്ങൾക്കു ചില മാററവും മറിച്ചിലും ഉണ്ടായിട്ടുണ്ടെന്നുള്ളതു ശരിയാണു്. പക്ഷെ, അവയൊന്നും മതത്തെ മർദ്ദിക്കാനോ മതവിശ്വാസികളെ കൊന്നു കുഴിച്ചുമൂടാനോ ആയിരുന്നില്ല. എന്നാൽ കമ്മ്യൂണിസ്റ്റ്കാർ നടത്തിയ പൈശാചികമായ മതവേട്ട ബുദ്ധമതവിശ്വാസികൾക്കോ സാമാന്യബോധമുള്ള ആക്കെങ്കിലുമോ പൊറുക്കാനും മറക്കാനും കഴിയാത്ത കാര്യങ്ങളാണു്. ജനരോഷം ആളിക്കത്തിക്കുവാൻ പററിയ ഇത്തരം ബുദ്ധിശൂന്യത മറെറാരു വിഭാഗക്കാരും ചൈനയിൽ കാട്ടിയിട്ടില്ല.

1948-ൽ ഞാൻ പീപ്പിംഗിലായിരുന്നു. ഒളിവിലിരുന്ന പല ബുദ്ധമതവിശ്വാസികളും അന്ന് എന്നെ വന്നു കണ്ടു. വിഭിന്നങ്ങളായ എല്ലാ ബുദ്ധമത സംഘടനകളെയും ഒന്നിച്ചുചേർത്ത് കമ്യൂണിസ്റ്റുകൾക്കെതിരായി പടനീക്കം നടത്താൻ അവക്കുദ്ദേശമുള്ളതായി ഞാനറിഞ്ഞു. അക്കൂട്ടത്തിലുണ്ടായിരുന്ന ഊർജ്ജസ്വലനായ ഒരു ഭിക്ഷു ഇന്നു ചൈന മുഴവൻ ഒരു കുരിശുയുദ്ധ പര്യടനം നടത്തിക്കൊണ്ടിരിക്കയാണെന്നാണെൻെറ അറിവ്. വളരെക്കാലമായി യാതൊരു വ്യതിചലനവും കൂടാതെ അടംഗുരം നിലനിന്നുപോന്ന. ബുദ്ധമത തത്വശാസ്ത്രം ഇന്ന് അതിൻെറ ഭാവവും രൂപവും മാററിയിട്ടുണ്ട്. അതൊരു പൊട്ടിത്തെറിക്കാൻ പോകുന്ന അഗ്നിപർവ്വതത്തിന്റെ ഭീകരതയോടുകൂടി അവിടെഅതിവേഗം രൂപവികാസം പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. ത്യാഗവും സമാധാനവും അങ്ങേഅററം പ്രചരിപ്പിച്ച ബുദ്ധമതം സംഹാരഭീകരമായ സർവ്വശക്തിയോടുംകൂടി വളർന്നുവരുമെന്ന് അതു നശിപ്പിച്ചവർ അന്ന് അശേഷം ഓർത്തിരിക്കാൻ ഇടയില്ല. ഭൂഗർഭത്തിലേക്കു താണിരിക്കുന്ന ചൈനീസ് ബുദ്ധമതം കമ്യൂണിസററു തത്വസംഹിതകൾക്കും പ്രയോഗങ്ങൾക്കുമെതിരേ ഒരു വൻപിച്ച ശീതയുദ്ധം തുടങ്ങിക്കഴിഞ്ഞിരിക്കുന്നു.

### കൺഫ്യൂഷിയൻ വിശ്വാസം

### കമ്യൂണിസ്റ്റുകളെ കുഴക്കുന്നു

പ്രാരംഭം മുതൽക്കേ ചൈനാക്കാരുടെ കൺഫ്യൂഷിയൻ വിശ്വാസം കമ്യൂണിസ്റ്റുകൾക്ക് വല്ലാത്ത

തലവേദനയായിത്തീന്നിരുന്നു. എന്തുകൊണ്ടെന്നാൽ അതു തികച്ചും ഒരു സന്മാർഗ്ഗശാസ്ത്രമാണു്. രാജാവും പ്രജകളും, പിതാവും പുത്രനും, ഭത്താവും ഭാര്യയും, സഹോദരനും സഹോദരിയും, സ്നേഹിതനും സ്നേഹിതയും എന്നിങ്ങനെ മാനുഷിക ബന്ധങ്ങൾ പലതരത്തിലാണു്. ധാർമ്മികമൂല്യങ്ങളാൽ കൂട്ടിയിണക്കി മോടിപിടിപ്പിച്ചിട്ടു വേണം ആ വക ബന്ധങ്ങൾക്കു് ഏകസ്വരതയുണ്ടാക്കാൻ എന്നു് കൺഫ്യൂഷിയസ് പഠിപ്പിച്ചു. കമ്യൂണിസത്തിനെതിരാണു് ഈ സിദ്ധാന്തമെന്നു് പ്രത്യേകം പറയേണ്ട കാര്യമില്ലല്ലോ: കുടുംബബന്ധത്തിനും സന്മാർഗ്ഗജീവിതത്തിനും എതിരാണു് കമ്യൂണിസ്റ്റാദർശം. കമ്മ്യൂണിസം കമ്മ്യൂണിസത്തോടു മാത്രമേ പൊരുത്തപ്പെട്ടു പോകാറുള്ളു. കൺഫ്യൂഷിയൻ വിശ്വാസം ഒരു തത്വശാസ്ത്രവും മതവുമാണെന്നാണു് പരക്കെയുള്ള ധാരണ. പക്ഷേ ചീനക്കാരും വിദേശികളുമായ പല നിരൂപകന്മാരും കൺഫ്യൂഷിയൻ വിശ്വാസത്തെ ഒരു മതമായി കണക്കിലെടുത്തിട്ടില്ല. കൺഫ്യൂഷിയസ്സിന്റെയും അദ്ദേഹത്തിൻെറ അടുത്ത ശിഷ്യനായ 'മെൻഷിയ'സ്സിന്റെയും സിദ്ധാന്തങ്ങൾ മതമായി വികസിച്ചിട്ടുണ്ടെന്നാണു് പാശ്ചാത്യ പണ്ഡിതന്മാരുടെ അഭിപ്രായം. ഏതായാലും ശരി, കോടിക്കണക്കിനാളുകൾ അതിനെ ഒരു മതമായി അംഗീകരിച്ചിട്ടുണ്ടു്.

കൺഫ്യൂഷിയസ്സിനു് തത്വസംഹിതകളോ മതസിദ്ധാന്തങ്ങളോ കാണാപ്പാഠമായിരുന്നില്ല. ഒരേ ഒരു തത്വത്തിലാണു് അദ്ദേഹത്തിൻെറ നോട്ടം: സന്മാർഗ്ഗ

ത്തിൽ അടിയുറച്ച നിഷ്ഠ. ഏതു ഗവൺമെന്റിൻെറയും ഭദ്രമായ നിലനില്പിന്നു് വ്യക്തികൾ ഒട്ടാകെ സന്മാർഗ്ഗനിഷ്ഠയുള്ളവരായിരിക്കണമെന്നു് അദ്ദേഹം സിദ്ധാന്തിച്ചു. ഭരണകൂടത്തിൻെറ കാര്യക്ഷമതയും ഭരണീയരുടെ സൗഖ്യവും അതിനെ മാത്രമാണാശ്രയിച്ചിരിക്കുന്നതു് എന്നദ്ദേഹം വാദിച്ചു. ഈ വിശ്വാസപ്രമാണം വച്ചു പുലർത്തുന്നവരിൽ കമ്മ്യൂണിസമെങ്ങനെ പ്രേരണ ചെലുത്തും? അതുകൊണ്ടു് കൺഫ്യൂഷിയൻ വിശ്വാസത്തെ വേരോടെ പിഴുതെറിയുവാൻ കമ്മ്യൂണിസ്റ്റുകാർ സകല ശക്തിയും സംഭരിച്ചു യത്നിക്കേണ്ടി വന്നു.

കമ്യൂണിസ്റ്റുകാർ ആൻകുവിൽ വന്ന ഉടൻ ഒരു മഹായോഗം വിളിച്ചു കൂട്ടി. ഞാനും അതിൽ പങ്കുകൊണ്ടു. കൺഫ്യൂഷിയസ്സിനെയും അദ്ദേഹത്തിൻെറ സിദ്ധാന്തങ്ങളെയും കമ്യൂണിസ്റ്റുകാർ അതി നിശിതം വിമർശിച്ചു. ശ്രോതാക്കൾ ഭയവിഹ്വലരായി സ്തംഭിച്ചിരുന്നു പോയി. കമ്യൂണിസ്റ്റുകാർ അട്ടഹസിക്കയും ആർത്തുവിളിക്കയും ചെയ്തു. ഒരു ചെറുപ്പക്കാരനായിരുന്നു പ്രധാന പ്രാസംഗികൻ. ക്രൗര്യം നിഴലിച്ചുനിന്ന കണ്ണുകളാണയാളുടേതു്. ഒരു വലിയ പാർട്ടി പ്രവർത്തകനാണയാൾ. ഗ്രാമങ്ങളിലും ജില്ലകളിലുമുള്ള 'സ്റ്റഡിക്ലാസ്സു'കളിൽ പരിശീലനം കഴിഞ്ഞു കമ്യൂണിസ്റ്റ് തലസ്ഥാനമായ യെനാനിൽ ചെന്നു് അയാൾ കൂടുതൽ പഠിച്ചു. ഇങ്ങനെ ബുദ്ധിയുടെ പാപ്പരത്തത്തിൽ മിടുക്കുനേടുന്ന ചീനക്കാരായ ചെറുപ്പക്കാരെ മോസ്ക്കോവിലയച്ചു കലാശാലാഭ്യസനം നടത്തിക്കുക കമ്യൂണിസ്റ്റുകളുടെ പതിവാണു്.

"ചൈന അധഃപതിച്ചിരിക്കുന്നു" അയാൾ അലറുകയാണ്. "ചൈന ഇന്ന് സാമ്രാജ്യവാദികളായ ചെകുത്താന്മാരുടെ വായിലാണ്. വിദേശിയരായ പിശാചുക്കൾ ചൈനയുടെ ജീവരക്തം നിശ്ശേഷം ഊററിക്കുടിച്ചിരിക്കുന്നു. ഇപ്പോഴിതാ ജപ്പാൻ കുരങ്ങന്മാർ എത്തിയിരിക്കുന്നു. അവരുടെ വൻതോക്കുകളും ചെറുതോക്കുകളും ഇരവുപകൽ ഇരമ്പിക്കൊണ്ടിരിക്കയാണ്. വിമാനങ്ങളും ബോംബുകളും തലക്കുമീതെ ചീറിപ്പറക്കുകയാണ്. ചൈന എന്തുകൊണ്ടിത്ര ക്ഷീണിച്ചു പോയി? ഞാൻ പറയാം എന്തുകൊണ്ടെന്ന് ചൈന കൺഫ്യൂഷിയസ്സിനെ അനുകരിച്ചു. അയാളുടെ പിന്തിരിപ്പൻ ചിന്താഗതിയെ അപ്പാടെ വിഴുങ്ങി. കൺഫ്യൂഷിയസ് ചുറുചുറുക്കുള്ള ഇന്നത്തെ കമ്യൂണിസ്ററുകളെപ്പോലെ പുരോഗമനവാദി ആയിരുന്നില്ല. കൺഫ്യൂഷിയൻ തത്വങ്ങൾ മഹത്തായ ചീനജനതയെ അടിമകളാക്കി ഒരു നൂതനലോകത്തിൽ ജീവിക്കുന്ന ശക്തിയുള്ള ജനതയെ കൺഫ്യൂഷിയസ് പഴഞ്ചൻ ആദർശങ്ങൾ കൊണ്ടു വരിഞ്ഞു കെട്ടി. ഇന്നു പുരോഗമനസിദ്ധാന്തമാണാവശ്യം. അതു കമ്യൂണിസമാണ്. അതു നിങ്ങളെ അടിമത്തത്തിൽ നിന്നു കരകയററും. ഭീരുത്വത്തിൽ നിന്നു മോചിപ്പിക്കും. നിങ്ങളെയതു കരുത്തരാക്കും; കഴിവുള്ളവരാക്കും. മററു ലോകരാഷ്ട്രങ്ങളുടെ ദൃഷ്ടിയിൽ ബഹുമാന്യരാക്കും. കരുത്തുള്ളവനെ ലോകം ബഹുമാനിക്കും; കർമ്മധീരനെ ലോകം സ്നേഹിക്കും."

അയാൾ നിറുത്താതെ സംസാരിക്കുകയാണ്. ഒരു കുള്ളത്തെ പൊതിയാൻ മറെറാന്നു്. അങ്ങനെ ആസ്തിരതാ

യിരം കള്ളങ്ങളും വെള്ളവാഗ്ദാനങ്ങളും അയാൾ തട്ടിവിട്ടു. ജപ്പാന്റെ ആക്രമണത്തിൽനിന്നും ചൈനയ്ക്കു രക്ഷവേണമെങ്കിൽ കൺഫ്യൂഷിയസ്സിനെ വലിച്ചെറിയുക എന്നു് അയാൾ ഉറക്കെ വിളിച്ചുകൂകി. അവസാനം മുദ്രാവാക്യങ്ങൾ ഏറ്റുവിളിക്കാൻ അയാൾ സദസ്സിനെ ആഹ്വാനം ചെയ്തു.

"കൺഫ്യൂഷിയസ്സുകളെ ഒറ്റപ്പെടുത്തുക!"

"ജനവഞ്ചകൻ കൺഫ്യൂഷിയസ്സിനെ കെട്ടുകെട്ടിക്കുക!"

"പിന്തിരിപ്പൻ കൺഫ്യൂഷിയസ് വേണ്ട വേണ്ട!"

മുദ്രാവാക്യങ്ങൾകേട്ടു് ശ്രോതാക്കൾ ക്ഷുഭിതരായി. ചൈനയിലെ ഏറ്റവുംവലിയ പ്രവാചകനെ കണ്ണുമടച്ചാക്ഷേപിച്ചതു് അവർക്കു സഹിച്ചില്ല. സർവ്വൻ സാർവഭൗമനും പ്രതിഭാസമ്പന്നനുമായിരുന്ന ആ വിജ്ഞാനിയെ നൂററാണ്ടുകളായി ചൈനാക്കാർ ആരാധിക്കുകയാണു്. ആ മഹർഷിയെ ജനവഞ്ചകനെന്നും പിന്തിരിപ്പനെന്നും ആക്ഷേപിക്കുന്ന സഖാവിന്റെ തലയിലെ ആണികൾ കൂട്ടത്തോടെ ഇളകിയിരിക്കുന്നുഎന്നു് സദസ്യർ പിറുപിറുത്തു. ആരും മുദ്രാവാക്യം വിളിച്ചില്ല. ആളുകൾ പിരിഞ്ഞുപോയി.

## താവോമതവും കമ്യൂണിസവും

മനുഷ്യനിൽ ലയിച്ചു കിടക്കുന്ന സൽപ്രവണതകളിൽ ഉറച്ച വിശ്വാസവും അവ മനുഷ്യരാശിയെ ഒട്ടാകെ നന്നാക്കാൻ ഉപകരിക്കുമെന്നുള്ള ശുഭ പ്രതീക്ഷ യു

മാണല്ലോ കൺഫ്യൂഷിയൻ വിശ്വാസത്തിൻെറ മൗലികമായ തത്വങ്ങൾ. പക്ഷേ സുപ്താവസ്ഥയിൽ കിടക്കുന്ന ഈ മാനുഷിക മൂല്യങ്ങളെ അനുകൂല സാഹചര്യങ്ങളിൽ കൂടി വികസിപ്പിക്കേണ്ട ആവശ്യമുണ്ടെന്നാണ് കൺഫ്യൂഷിയസ്സിൻെറ വാദം. അങ്ങനെയായാൽ മനുഷ്യസമുദായം മഹൽഗുണങ്ങളുടെ ഒരു മഹോദധി തന്നെ ആയിരിക്കുമെന്നാണ് ആ പ്രതിഭാസമ്പന്നൻ സിദ്ധാന്തിക്കുന്നതു്.

തയോ വിശ്വാസത്തിൻെറ ഉപജ്ഞാതാവായ ലാവോസി പറയുന്നതു് ധാർമ്മിക മൂല്യങ്ങളേ മനുഷ്യപ്രകൃതിയിൽ അടങ്ങിയിട്ടുള്ളു എന്നാണ്. പരിസരങ്ങളുടെ അനർഹമായ പ്രേരണ മനുഷ്യനെ ബാധിക്കാതിരുന്നാൽ മാത്രം മതി അവൻ നല്ലവനേ ആയിരിക്കു എന്നാണ് ആ ആചാര്യൻ അനുശാസിക്കുന്നതു്. ഇതു് അപ്രായോഗികമോ അസാദ്ധ്യമോ ആയ ഒരു നിർദ്ദേശമെന്നാണ് ചിന്തകന്മാരുടെ അഭിപ്രായം. അതുകൊണ്ടു് തന്നെ ആയിരിക്കാം ബുദ്ധമതസംഘാരാമങ്ങളെപ്പോലെയോ കൺഫ്യൂഷിയൻ ക്ഷേത്രങ്ങളെപ്പോലെയോ ഒട്ടേറേ സംഘടനാ മന്ദിരങ്ങൾ ചൈനയിൽ തയോ വിശ്വാസികൾക്കുണ്ടാകാതിരുന്നതു്. എന്നാലും തയോയിസ്റ്റുകളുടെ സ്വാധീനശക്തി ചൈനയിൽ കുറവായിരുന്നു എന്നു പറഞ്ഞുകൂടാ. ചൈനയിൽ അങ്ങിങ്ങായി നിലനിന്നിരുന്ന ഏകാന്തസംഘങ്ങൾ തയോവിശ്വാസത്തിൻെറ പരിണത ഫലങ്ങളായിരുന്നു. മനുഷ്യവാസമുള്ള ദിക്കുകളിൽനിന്നുംഒഴിഞ്ഞു മാറി പ്രശാന്തജീവിതം

നയിച്ചിരുന്ന ഒരു കൂട്ടം തപസ്വികളായിരുന്നു ഈ ഏകാന്തസംഘങ്ങളിൽ അംഗങ്ങളായിരുന്നതു്. ക്രമാനുഗതമായ ജീവിത നിഷ്ഠകളും പരിശീലനങ്ങളും കൊണ്ടു് മററുള്ളവർക്കില്ലാത്ത ചില പ്രത്യേക സിദ്ധികൾ ഇവർ സമ്പാദിച്ചിരുന്നു. കാലക്രമത്തിൽ ഇക്കൂട്ടരുടെ കഴിവുകൾ മാന്ത്രവിദ്യകൾക്കും ക്ഷുദ്രകർമ്മങ്ങൾക്കും വേണ്ടി അവർ ഉപയോഗിക്കാതിരുന്നില്ല. അങ്ങനെ സാധാരണക്കാരുടെ ഇടയിൽ തയോയിസ്ററുകളെപ്പററി ആദരവും ഭയവും ഉണ്ടായി. അവർക്കു് അനുയായികളും ആരാധകരും വളരെയായി. തയോയിസ്ററുകളുടെ അമാനുഷിക ശക്തിയിൽ അമിതമായി വിശ്വസിച്ച ഒരു കൂട്ടം നാട്ടുകാരാണു് 1900-ൽ വിദേശികൾക്കെതിരായി 'ബോക്സർ' കലാപം അഴിച്ചുവിട്ടതു്.

ഒരു തത്വശാസ്ത്രമെന്ന നിലയിലാണു് തയോയിസത്തിൻെറ തുടക്കം. പിന്നീടു് അതൊരു മതമായി. വിഗ്രഹാരാധന അതിന്റെ പ്രധാന ചടങ്ങായിത്തിന്നു. ഷാങ്ങു് രാജവംശം മുതൽ ഇങ്ങോട്ടുള്ള രാജവംശങ്ങളിലെ പ്രാമാണികന്മാരുടെ വിഗ്രഹങ്ങളെ തയോവിശ്വാസികൾ പ്രതിഷ്ഠിച്ചാരാധിച്ചുവന്നു. പിശാചുക്കളുടെ പ്രീതിക്കുവേണ്ടി ബലിപൂജാദികൾ നടത്തുക, രോഗനിവാരണത്തിനും മഴപെയ്യിക്കുന്നതിനും മന്ത്രവിദ്യകളും ഗൂഢതന്ത്രപ്രയോഗങ്ങളും അനുഷ്ഠിക്കുക എന്നിങ്ങനെയുള്ള അപരിഷ്കൃതാശയങ്ങൾ തയോയിസ്ററുകളിൽ കടന്നുകൂടി. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തയോമതത്തിൻെറ സുപ്രധാന ഭാഗങ്ങളായി.

ഇങ്ങനെ തയോമതം മതാഭാസമായി പരിണമിച്ചിരുന്നെങ്കിലും ജനങ്ങളിലുള്ള അതിൻെറ സ്വാധീനശക്തി ഒട്ടുംതന്നെ കുറഞ്ഞിരുന്നില്ല. ഷാൻറൂംഗ് പ്രവിശ്യയിലെ ലാവൊഷാൻ മഠങ്ങളിൽ അന്നും തയോവിശ്വാസികളായ സന്യാസിമാർ വളരെ പാർത്തിരുന്നു. ഒരു തികഞ്ഞ പണ്ഡിതനും ചിന്തകനും അനുഗൃഹിത സാഹിത്യകാരനുമായ 'ചാങ്ങ്സ്' തയോവിശ്വാസിയും അതിൻെറ പ്രചാരകനുമാണ്. പണ്ടുപണ്ടേ ഷാൻറൂംഗ് പ്രദേശം തയോമതക്കാരുടെ ശക്തികേന്ദ്രമായി അറിയപ്പെട്ടിരുന്നു.

തയോയിസ്ററുകൾക്കു രണ്ടുതരം സംഘടനകളുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ഏതാനും പണ്ഡിതന്മാർ ലൗകികബന്ധം തീരെവിട്ട് ഒഴിഞ്ഞുമാറിക്കഴിയുന്ന ഏകാന്ത സംഘങ്ങൾ ഒന്ന്. ലൗകിക വ്യാപാരങ്ങളിൽ ഏർപ്പെട്ട് കുടുബജീവിതം നയിക്കുന്ന ജനകീയസംഘങ്ങൾ മറെറാന്ന്. രണ്ടുകൂട്ടരും കമ്യൂണിസ്റ്റ് ചിന്താഗതിയുടെ കടുത്ത ശത്രുക്കൾ തന്നെ. അക്രമരാഹിത്യവും പ്രശാന്തജീവിതവുമാണ് തയോവിശ്വാസികൾ സ്വാഗതം ചെയ്യുന്നതെങ്കിൽ അട്ടിമറിപ്പൻ പ്രസ്ഥാനവും അക്രമപ്രവത്തനവുമാണ് കമ്യൂണിസ്ററുകാർ ഇഷ്ടപ്പെട്ടതു്. പ്രകൃതിയിലെ ചേതനാചേതനങ്ങളായ വസ്തുക്കൾ വിഭിന്ന പ്രകൃതിയോടുകൂടിയവയാണെങ്കിലും അവയെ ഒട്ടാകെ എടുക്കുമ്പോൾ അവയ്ക്കൊരു ഏകസ്വരതാ മാധുര്യമുണ്ട്. അതുപോലെ വിഭിന്നമായ മനുഷ്യപ്രകൃതിയുടെ സംഘർഷാവസ്ഥയ്ക്കും അവയെ കൂട്ടിയിണക്കിയാൽ ഒരു

ഏകസ്വരതാ മാധുര്യമുണ്ടാകും എന്നാണ് തയോയിസ്റ്റുകൾ വിശ്വസിക്കുന്നതു്. എന്നാൽ കമ്യൂണിസ്ററുകളാകട്ടെ ഭിന്നപ്രകൃതിയുടെ കൂട്ടിയിണക്കലും ഏകസ്വരതാമാധുര്യവും ഇഷ്ടപ്പെടുന്നില്ല. പ്രതിലോമ ഘടകങ്ങളെ അനുരഞ്ജിപ്പിക്കാൻ ബദ്ധപ്പെടാതെ അവയെ തട്ടിത്തകർത്തു് അടിച്ചമർത്തി കരുത്തുകൊണ്ടു കാര്യം നേടുകയാണ് അവരുടെ ഉന്നം.

ചൈനയിലെ നാട്ടിൻപുറങ്ങളിലെ പ്രശാന്തസങ്കേതങ്ങളിൽ കൊച്ചുകൊച്ചു 'പഗോഡ'കൾഉണ്ടാക്കി നിരുപദ്രവികളായിക്കഴിഞ്ഞിരുന്ന തയോയിസ്ററുകളെ കമ്യൂണിസ്ററുകാർ ആട്ടിയോടിച്ചു; കൂട്ടക്കൊല നടത്തി. ജനങ്ങളുടെ ഇടയിൽ പൗരോഹിത്യവൃത്തിയിൽ കഴിഞ്ഞുകൂടിയവരിൽ പലരും കമ്യൂണിസ്ററുകളുടെ ക്രൗര്യത്തിൽനിന്നു രക്ഷപ്പെടാൻ 'ഭൂഗർഭ'ത്തിലേക്കു താണു. അവർ ആരുമാരുമറിയാതെ അവരുടെ പഴയ മന്ത്രവാദങ്ങളും ക്ഷുദ്രപ്രയോഗങ്ങളും നിർബാധം നടത്തുകയാണ്. ഒരുപക്ഷെ കമ്യൂണിസ്ററു് പിശാചുക്കളെ ഉച്ചാടനം ചെയ്യാനുള്ള ഗുഢപത്രപ്രയോഗങ്ങളായിരിക്കാം അവർ ഇന്നും ചെയ്തുകൊണ്ടിരിക്കുന്നതു്.

തയോമതത്തിൽ അന്ധമായി വിശ്വസിച്ചിരുന്ന നാട്ടുകാർ വെള്ളക്കാരുടെ പരിഷ്ക്കാരങ്ങൾക്കെതിരെ അഴിച്ചുവിട്ട കൂട്ടക്കലാപമായിരുന്നല്ലൊ ബോക്സർ ലഹള. ഇതു് ചൈനീസ് വിമോചനസമരത്തിൻെറ തുടക്കമായിരുന്നു എന്നു് ഒരു തരത്തിൽ പറയാം. അതുപോലെ തയോവിശ്വാസികളുടെ അതിരുകടന്ന മതഭക്തി അവ

രിഷ്കൃതവും ആഭാസവുമായ ഒരു വിദേശാദർശത്തിനെ തിരായി വീണ്ടും ഒരു മഹാവിപ്ലവം സൃഷ്ടിക്കാനുള്ള മഹായജ്ഞമായി രൂപാന്തരപ്പെട്ടിരിക്കുകയല്ലെന്നു് ആര റിഞ്ഞു?

## ചൈനയിലെ മുസ്ലീങ്ങൾ

ബുദ്ധന്റെയും കൺഫ്യൂഷിയസ്സിന്റെയും ലാവോ സിയുടെയും അനുയായികൾ ചൈനയിൽ കോടിക്കണ ക്കിനുണ്ടു്. ഇതുകൂടാതെ നാലുകോടിയോളം വരുന്ന മുസ്ലീങ്ങളും അവിടെയുണ്ടു്. യുണാസ, ഹൊനാസ, ഹോപ്പെ, ഷാൻറുംഗ്, ചൈനയുടെ വടക്കുപടിഞ്ഞാ റൻ പ്രദേശങ്ങൾ, എന്നിവിടങ്ങളിലാണു് മുസ്ലീങ്ങൾ കൂട്ടതലുള്ളതു്.

മുസ്ലീങ്ങൾ ചൈനയിലെത്തുന്നതു് ക്രി. 651-ലാണു്. പിന്നീട്ടു് പേർഷ്യ, അഫ്ഘാനിസ്ഥാൻ, എന്നീ രാജ്യങ്ങളിൽനിന്നു് കരമാർഗ്ഗമായും അവർ ചൈ നയിലെത്തി. ക്രി. 755-ൽ കാലീഫായിരുന്ന അബൂ ജഫാർ ചീനഗവണ്മെൻറിൻെറ അപേക്ഷപ്രകാരം ഒരു ആഭ്യന്തരസമരം അടിച്ചമർത്താൻ നാലായിരം അറബി പ്പടയാളികളെ ചൈനയിലേക്കയച്ചുകൊടുത്തു. ഇവർ മടങ്ങിപ്പോയില്ല. ചീനസ്ത്രീകളെ വിവാഹം ചെയ്തു ചൈയനിൽതന്നെ കഴിഞ്ഞുകൂടി. ഇങ്ങനെയുണ്ടായ സന്താന പരമ്പരയാണു് ചൈനയിലെ ഇന്നത്തെ മുസ്ലീ ങ്ങളിൽ ബഹുഭൂരിപക്ഷവും. മുസ്ലീങ്ങൾക്കു് മതം അവ രുടെ ജീവൻെറജീവനാണു്. ചീനമുസ്ലീങ്ങളും ഇതിൽ നിന്നു വ്യത്യസ്തമല്ല. ആയിരത്തിമുന്നൂറു വർഷത്തെ

ക്രമപ്രവൃദ്ധമായ വളർച്ചയുടെ ചരിത്രം ചീനമുസ്ലീങ്ങളുടെ പിന്നിലുണ്ട്. മതപരിവർത്തനംകൊണ്ടു വർദ്ധിപ്പിച്ചതല്ല അവരുടെ എണ്ണം. ഇസ്ലാമികാദർശങ്ങളിൽ അടിയുറച്ചു വിശ്വസിച്ചിരുന്ന ആദിമുസ്ലീങ്ങളുടെ സന്താനങ്ങളാണവർ. അതുകൊണ്ട് ചീനമുസ്ലീങ്ങളുടെ വിശ്വാസദാർഢ്യംഎളുപ്പമൊന്നും ഉലച്ചുകളയാവുന്നതല്ല.

കമ്യൂണിസത്തിൻെറ കുതന്ത്രങ്ങളിൽ കുടുങ്ങി സ്വന്തം വിശ്വാസത്തെ ഒററുകൊടുക്കാതിരിക്കാനുള്ള വൈകാരികമായ മതബോധമാണവർക്കുള്ളതു്.

## പ്രോട്ടസ്റ്റൻറ് മിഷനറിമാർ

ചൈനയിലെ പാശ്ചാത്യ മതങ്ങളിൽ പ്രോട്ടസ്റ്റൻറു വിശ്വാസത്തിനു് ഗണ്യമായൊരു സ്ഥാനമുണ്ടു്. അടിസ്ഥാനപരമായി പല സിദ്ധാന്തങ്ങളുടെയും ആകെത്തുകയായ ഒരു ക്രിസ്തീയാദർശ സംഹിതയാണതു്. ഈ മതവിശ്വാസികളിൽ പല അവാന്തര വിഭാഗക്കാരുമുണ്ട്.

സിദ്ധാന്തപരമായും സംഘടനാപരമായും കമ്യൂണിസത്തിനു് പ്രോട്ടസ്റ്റൻറുകളിൽ ചില വിഭാഗക്കാരോടു് ഉപരിപ്ലവമായ സാദൃശ്യം കാണാം. പക്ഷെ സൂക്ഷ്മാംശത്തിൽ രണ്ടും തീരെ വിഭിന്നങ്ങളാണ്. ഒരു നൂററാണ്ടിനുമേലായി പ്രോട്ടസ്റ്റൻറുമതം ചൈനയിൽ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. ജീവകാരുണ്യപ്രവണമായ കർമ്മപരിപാടികൾകൊണ്ടു് നാട്ടുകാർക്കു വേണ്ട നന്മചെയ്യാൻ അവർക്കു കഴിഞ്ഞിട്ടുണ്ട്. ചൈ

നാക്കാരുടെ അകമഴിഞ്ഞ സ്നേഹാദരങ്ങളാണവർ സമ്പാദിച്ചിട്ടുള്ളതു്. ഒട്ടേറെ അനുയായികൾ ക്രിസ്ത്യാനികൾക്കു് അവിടെ ഉണ്ടായിട്ടുമുണ്ടു്. ക്രിസ്തീയ മിഷ്യൻകാരുടെ സ്കൂളുകളും കോളേജുകളും ആയിരമായിരം ചൈനാക്കാരെയാണു് അഭ്യസ്തവിദ്യരും പ്രബുദ്ധരുമാക്കിയിട്ടുള്ളതു്. ആശുപത്രികളും മിഷനറി ഡോക്ടർമാരും ചൈനാക്കാരുടെ ആരോഗ്യബോധത്തെ അങ്ങേഅററം വളത്തിയിട്ടുണ്ടു്. അനേകംപേരെ മരണത്തിൻെറ മടിക്കുത്തിൽനിന്നും രക്ഷിച്ചിട്ടുണ്ടു്.

ഒട്ടേറെ പ്രോട്ടസ്റ്റണ്ടു മിഷ്യനറിമാരെയും മതോപദേഷ്ടാക്കളെയും കമ്യൂണിസ്റ്റുകാർ ദാരുണമായി കൊന്നൊടുക്കി. ഹതഭാഗ്യരായ ഈ രക്തസാക്ഷികൾ കമ്യൂണിസ്റ്റു മുന്നേററത്തിൻെറ കടുത്ത ശത്രുക്കളായി ഇന്നു്, അണിനിരന്നുവന്നിരിക്കുകയാണു്. ഇതിലൊരു രക്തസാക്ഷിയെ എനിക്കു നേരിട്ടറിയാം. അദ്ദേഹത്തിൻെറ ദുരന്തകഥ ഞാനല്പം പറഞ്ഞു കേൾപ്പിക്കാം. ഡോക്ടർ വില്യം, എൽ. വാലസ്! അദ്ദേഹം ബാപ്ററിസ്റ്റ് മെഡിക്കൽ മിഷ്യനറിയും വൃച്ചോവിലെ സ്റ്റൗട് മെമ്മോറിയൽ ആശുപത്രിയിലെ സൂപ്രണ്ടുമായിരുന്നു. നാല്പത്തിരണ്ടു വയസ്! 1951 ഫെബ്രുവരി മാസം 10-ാം തിയതി ഡോ. വാലസ് ജയിലിൽ കിടന്നു മരിച്ചു. ജനസേവനത്തിനുള്ള പ്രതിഫലം! അദ്ദേഹം ടെനീസ്സിക്കാരനാണു്. നീണ്ടു സുമുഖനായ ഒരു ഊർജ്ജസ്വലൻ! തികച്ചും പ്രശാന്തമായ ഭാവവും രൂപവും! ജനക്ഷേമത്തിലും സ്വകൃത്യനിർവഹണത്തിലും മാത്രം ബദ്ധശ്രദ്ധനായിരുന്ന

ആൾ! വുചൊ രൂപതയിലെ കത്തോലിക്കാ വൈദിക ന്മാരുടെ ഉററ തോഴനായിരുന്നു ഡോ. വാലസ്. പതിനഞ്ചു വർഷക്കാലം ഈ അമേരിക്കൻ മിഷനറിയിലെ സന്യാസിമാരെയും സന്യാസിനിമാരെയും അദ്ദേഹം ചികിത്സിച്ചു. യുദ്ധകാലങ്ങളിൽ ഡോ. വാലസ് ചൈന വിട്ടില്ല. കമ്മ്യൂണിസ്റ്റുകാർ വുചോവിൽ വന്ന് വളരെ ശല്യങ്ങൾ ചെയ്തു. വാലസിനെ അതിരററുപദ്രവിച്ചു. എന്നിട്ടും ആതുരശുശ്രൂഷയിൽ നിന്ന് അദ്ദേഹം അണുമാത്രം വ്യതിചലിച്ചില്ല.

വുചോവിലെ നാട്ടുകാരുടെ ഇടയിൽ അസൂയാവാഹമായ സ്വാധീനശക്തിയാണ് ഡോ. വാലസ്സിനുണ്ടായിരുന്നതു്. സ്വദേശികൾ അദ്ദേഹത്തെ സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്തു. 'പിശാചുക്കളായ അമേരിക്കാക്കാർ' എന്നും 'സാമ്രാജ്യവാദികളായ യാങ്കി നായ്ക്കൾ'എന്നും കമ്യൂണിസ്ററുകാർ അമേരിക്കൻ വിരുദ്ധ പ്രചരണം നടത്തിക്കൊണ്ടിരുന്നു. അതുകൊണ്ടൊന്നും ഡോ. വാലസ്സിനോട്ട് നാട്ടുകാർക്കു അപ്രിയം തോന്നിയില്ല. എന്നു മാത്രമല്ല ഡോ. വാലസ്സിനോട്ട് നാട്ടുകാർക്കുണ്ടായിരുന്ന കൂറു് കമ്യൂണിസ്ററുകാരുടെ മിഷനറി വിരുദ്ധ പ്രചരണങ്ങൾക്കു് ശക്തിയേറിയ തിരിച്ചടിയും കൂടി ആയിരുന്നു.

ക്രിസ്തുമസ്സിൻെറ തലേ ആഴ്ചയാണ്. ഡിസംബർ 19! രാത്രി ഏതാണ്ടു മൂന്നു മണി! കമ്യൂണിസ്ററു ഭടന്മാർ സ്റ്റൗട് ആശുപത്രിയുടെ ഗേററിൽ മുട്ടി. ഒരു രോഗിയെ കൊണ്ടു വന്നിരിക്കുന്നു, ഒന്നു നോക്കണം, എന്നു്

അവർ ആവശ്യപ്പെട്ടു. ഗേററു തുറന്നപ്പോൾ ഭടന്മാർ അകത്തേക്കു തള്ളിക്കയറി. അവർ ഡോ. വാലസ്സിൻെറ വീടു വളഞ്ഞു അദ്ദേഹത്തെ കട്ടിലിൽ നിന്നു വലിച്ചിട്ടു. വീടു മുഴവൻ പരിശോധന നടത്തി.

## കമ്മ്യൂണിസ്റ്റ് ചുകപ്പന്മാരുടെ അടവുകൾ

അന്നു മുതൽ കമ്യൂണിസ്ററുകാരുടെ 'നീതി പൂർവ്വകമായ ഭരണക്രമത്തെപ്പററി വിശദീകരിക്കുന്ന പരിപൂർണ്ണമായ പ്രകടനപരിപാടികൾ ഞങ്ങൾക്കു കാണാൻ കഴിഞ്ഞു. ഡോ. വാലസിൻെറ മെത്തവിരിപ്പുകൂടിയിൽ നിന്നും അവർ ഒരു കൈത്തോക്കു കണ്ടെടുത്തു. ഡോ. വാലസിനു് ഒരിക്കലുമൊരു കൈത്തോക്കുണ്ടായിരുന്നില്ലെന്നു് അദ്ദേഹം പറഞ്ഞു. കമ്യൂണിസ്ററുകാർ മുറിയിൽ കടക്കും മുൻപു് അവിടൊരു തോക്കേ ഉണ്ടായിരുന്നില്ലെന്നു് വാലസ്സിൻെറ ഭൃത്യൻ സത്യം ചെയ്തു പറയുകയാണു്. ഇങ്ങനെയൊക്കെയാണെങ്കിലും കമ്യൂണിസ്ററുകാർ അദ്ദേഹത്തെ തണുത്തുറയുന്ന മഞ്ഞിൽ കൂടി ജയിലറയിലേക്കു നടത്തിക്കൊണ്ടു പോയി. അവിടെ വച്ചു് കുററപത്രത്തിൽ ഒപ്പിടാൻ അവർ അദ്ദേഹത്തെ നിർബന്ധിച്ചു. ഡോ. വാലസിനെ വിചാരണ ചെയ്യാൻ കമ്യൂണിസ്ററുകാർ ഒരു സമിതി വിളിച്ചുകൂട്ടി. യാതൊരാളും അദ്ദേഹത്തിനെതിരായി ഒരക്ഷരം മിണ്ടിയില്ല. ഇതിനകം ചുകപ്പന്മാർ ആറു് ആശുപത്രിയുദ്യോഗസ്ഥന്മാരെ അറസ്റ്റു ചെയ്തു. അമേരിക്കൻ കൂട്ടുകെട്ടിൽ പെട്ട വിരുദ്ധന്മാർ എന്നു് അവരെ മുദ്രകുത്തി. ഈ ആറു പേരെയും പിന്നീടു കണ്ടിട്ടില്ല. യാതൊരു

വിവരവും ഒട്ടും കേട്ടിട്ടുമില്ല. അപഹാസ്യമായ ഒരു 'പ്ലാക്കാർ'ഡും എടുപ്പിച്ചു കൊണ്ടു് ഡോ. വാലസിനെ അവർ തെരുവിലെങ്ങും നടത്തി. വ്യാപനവിലും പരിസരങ്ങളിലുമെല്ലാം അവർ അദ്ദേഹത്തെ നടത്തിക്കൊണ്ടുപോയി. ക്ഷീണിച്ചു വിവശനായ ഡോക്ടർ ബോധം കെട്ടു വീഴുമെന്നായപ്പോൾ കമ്യൂണിസ്ററുകാർ അദ്ദേഹത്തെ ജയിലിലേക്കു തിരിച്ചു കൊണ്ടുവന്നു.

ഫെബ്രുവരി പത്താം തിയതി ഡോ. വാലസ് ജയിലിൽ കിടന്നു മരിച്ചു. മാർച്ച് ആദ്യത്തിൽ ഈ വൃത്താന്തം പുറത്തു കൊണ്ടുവന്നതു് ഐക്യനാടുകളുടെ സ്റ്റേററ് ഡിപ്പാർട്ടുമെൻറാണു്. കമ്യൂണിസ്റ്റുചൈനയുടെ വിവിധ ഭാഗങ്ങളിലായി അനേകം അമേരിക്കൻ മിഷനറിമാർ ജയിൽവാസം അനുഭവിക്കുന്നു എന്നു് ആ പ്രഖ്യാപനം തുടർന്നു പറഞ്ഞു. കൂടുതൽ വിവരങ്ങളോ കണക്കുകളോ വെളിപ്പെടുത്തുവാൻ സ്റ്റേററ് ഡിപ്പാർട്ടുമെൻറു വിസമ്മതിച്ചു. അങ്ങനെ വെളിപ്പെടുത്തിയാലുണ്ടാകാവുന്ന അപകടത്തെപ്പററി അവർക്കു തികച്ചും ബോധ്യമുണ്ടായിരുന്നത്രെ.

ചൈനയിൽവച്ചു് കമ്യൂണിസത്തിൻെറ പേരിൽ രക്തസാക്ഷികളായിത്തീർന്നവരിൽ ആദ്യത്തെ ആളായിരുന്നില്ല ഡോ. വാലസ്. അതിനുമുൻപു പലരും ആ ബലിവേദിയിൽ ആത്മാഹുതി ചെയ്തിട്ടുണ്ടു്. അതിനുശേഷമാണെങ്കിൽ ആയിരക്കണക്കിനു രക്തസാക്ഷികളെയാണു് കമ്യൂണിസ്റ്റുകാർ സൃഷ്ടിച്ചതു്. ചൈനാക്കാരും വിദേശികളുമായ പ്രോട്ടസ്റ്റൻെറുകളും കത്തോലി

ക്കരും മാത്രമല്ല ഈ പട്ടികയിൽ ഉൾപ്പെടുന്നതു്. എല്ലാ മതവിഭാഗത്തിലുംപെട്ട ലക്ഷക്കണക്കിനാളുകൾ ഈ രക്തയക്ഷസ്സിന്നൊരുക്കിവെച്ച കുരുതിക്കളത്തിൽ ചോര വാർന്നു മരണം വരിച്ചു.

വളരെക്കാലമായി ചൈനാക്കാർ വിശ്വസിച്ചു പോരുന്ന പൗരസ്ത്യ മതവിശ്വാസങ്ങൾക്കും, അടുത്തകാലത്തു് ചൈനയിൽ പ്രത്യക്ഷപ്പെട്ട ക്രിസ്തീയ വിശ്വാസത്തിന്റെ രണ്ടു മഹാവിഭാഗങ്ങൾക്കും അവിടത്തെ കമ്യൂണിസ്ററ് മുന്നേററത്തെ ചെറുത്തുനിൽക്കുവാനുള്ള നിസ്തുലയാതീതമായ കഴിവുണ്ടു്. പ്രോട്ടസ്റ്റണ്ടുകളുടേയും കത്തോലിക്കരുടേയും നേർക്കു മാത്രമല്ല എല്ലാ വിഭിന്ന മതവിഭാഗക്കാരുടേയും വിശ്വാസികളുടേയും നേർക്കു് പൈശാചികമായ മർദ്ദനമുറകൾ കമ്യൂണിസ്ററുകാർ അഴിച്ചുവിട്ടു. എന്നാൽ ഏതുരംഗത്തിലും ഈ വേതാളതാണ്ഡവത്തെ ധീരമായി നേരിടുവാനുള്ള ചങ്കുററം ചൈനയിലെ മതബോധമുള്ള മനുഷ്യർ കാട്ടിയിട്ടുണ്ടെന്നുള്ളതു തന്നെ കമ്യൂണിസത്തിന്റെ ഇരച്ചുകയററത്തെ എതിർത്തു തോല്പിക്കാൻ പററിയ ഒരു ശക്തിവിശേഷം അവിടെ നിലകൊള്ളുന്നു എന്നുള്ളതിനു ഏററവും പററിയതെളിവാണു്.

ഇതു് വൃഥാ പറയുന്ന അഭിപ്രായമല്ല; തെളിവുണ്ടു്. ഒരു ദിവസം കമ്യൂണിസ്ററുകാരുടെ ഒരു വൻതോക്കുമായി ഞാൻ സംസാരിക്കുകയായിരുന്നു. അയാൾ പറകയാണു്:— "ഞങ്ങൾ കമ്യൂണിസ്ററുകാർക്കു് മൂന്നു വലിയ എതിരാളികളാണുള്ളതു്. ഒന്നു്, അമേരി

ക്കൻ ഐക്യനാട്ടുകൾ, രണ്ട് കത്തോലിക്കാ സംഘടന, മൂന്ന് ചിയാങ്ങ് കൈഷക്കിൻെറ കീഴിലുള്ള ദേശീയ സേന.''

കത്തോലിക്കാ മതം കമ്യൂണിസത്തിൻെറ ബദ്ധശത്രുവാണെന്ന് കമ്യൂണിസ്ററുകാർ കരുതുന്നു. ഈ കരുതൽ അസ്ഥാനത്തല്ല. ശാസ്ത്രീയമായിത്തന്നെ കത്തോലിക്കരിൽ പല അവാന്തര വിഭാഗങ്ങളുമുണ്ട്. എന്നാൽ മൗലിക വിശ്വാസത്തിൽ അവ ഭിന്നങ്ങളല്ല. ക്രിസ്തീയ സംഘടനകളിൽ അതിപുരാതനവും വിശുദ്ധവുമാണ് കത്തോലിക്കാ സഭയെന്നാണ് കരുതപ്പെട്ടു പോരുന്നത്. മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾക്കൊപ്പിച്ച് ആപേക്ഷികങ്ങളായ ചില വ്യതിയാന ഭാവങ്ങൾ അതു കൈക്കൊണ്ടിട്ടുണ്ട്. എങ്കിലും പീറററിനെ അചഞ്ചലനെന്ന് ക്രിസ്തു അഭിസംബോധന ചെയ്ത കാലം മുതൽ കത്തോലിക്കാ വിശ്വാസത്തിൻെറ അന്തസ്സത്തക്കും ആത്മചൈതന്യത്തിനും ലോപം വരാതെ അത് അഭംഗുരം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. യാതൊരു പ്രലോഭനങ്ങൾക്കും പിടിച്ചു കുലുക്കാനാവാത്ത ഉറച്ച ഭക്തിയും വിശ്വാസ ദാർഢ്യവുമാണ് ഓരോ കത്തോലിക്കനും അവൻെറ രക്തത്തിലും മാംസത്തിലും കലർന്നിരിക്കുന്ന മതബോധത്തിൻെറ നേക്കുള്ളത്. സ്വശക്തിയെപ്പററി ശരിക്കുബോധമുള്ള കമ്യൂണിസത്തിന് ഇതരവിശ്വാസികളുടെ താരതമ്യശക്തിയെ അളന്നറിയാനുള്ള കമ്മബുദ്ധിയും കൗശലവും തികച്ചും ലഭ്യമായിട്ടുണ്ട്.

കമ്യൂണിസത്തിനും കത്തോലിക്കിസത്തിനും തമ്മിൽ ഘടനയിലും രൂപത്തിലും സാദൃശ്യമുണ്ട്.

എന്നാൽ അഖിലപ്രധാനമായ ഒരു വലിയ വിടവ് അവയുടെയിടയിൽ കിടക്കുന്നു. വ്യക്തിപ്രഭാവത്തിന് കമ്യൂണിസത്തിൻെറ മുൻപിൽ സ്ഥാനമില്ല. വ്യക്തികളുടെ ധർമ്മബോധത്തെയും ക്ഷമതലയേയും അതു നിശ്ശേഷം നിഷേധിക്കുന്നു. എല്ലാ വ്യക്തിസ്വാതന്ത്ര്യത്തേയും അതു കണ്ണടച്ചു ധ്വംസിക്കുകയാണു ചെയ്യുന്നതു്. സ്വതന്ത്രചിന്തയേയും കാരുണ്യ ബോധത്തേയും കമ്യൂണിസം തട്ടിത്തകൎക്കുന്നു. നേരെ മറിച്ചു് കത്തോലിക്കാ വിശ്വാസമാകട്ടെ വ്യക്തിസ്വാതന്ത്ര്യത്തെ മാനിക്കുയും സ്വാഗതം ചെയ്കയും ചെയ്യുന്നു. സദ്വാസനകളെ വികസിപ്പിക്കാനും അതനുസരിച്ചു പ്രവൎത്തിക്കാനും കത്തോലിക്കാ വിശ്വാസം വ്യക്തികളെ സഹായിക്കുകയാണു ചെയ്യുന്നതു്. എല്ലാററിനുമുപരിയായി മാനുഷിക പ്രവണതകളുടെ മേൽ യാതൊരു നിയന്ത്രണവും അടിച്ചേൽപിക്കാതെ മനുഷ്യൻെറ സ്നേഹഭാവത്തെ അതു് അങ്ങേ അററം വികസിപ്പിക്കുന്നു.

മതത്തിൻെറ പരമാധികാരം ദൈവദത്തമാണെന്നത്രേ കത്തോലിക്കർ വിശ്വസിക്കുന്നതു്. മനുഷ്യനു ലഭിച്ചിട്ടുള്ള അമൂല്യാനുഗ്രഹമായ സ്നേഹത്തെ തട്ടിത്തകൎക്കാൻ വെമ്പുന്ന ദുശ്ചിന്തകരായ പന്ത്രണ്ടു് 'അപ്പോസ്തലന്മാരടങ്ങിയ പാളിററ് ബ്യൂറോ' ആണു് കമ്യൂണിസത്തിൻെറ പരമാധികാരിയെന്നു് എല്ലാവരും മനസ്സിലാക്കിയിട്ടുമുണ്ടു്.

## അദ്ധ്യായം അഞ്ചു്

# കുടുംബ ബന്ധത്തെ ശിഥിലീകരിക്കുക!

## സംസ്ക്കാരബോധത്തെ തട്ടിത്തകക്കുക!!

മതചിന്തയെ നിശ്ശേഷം തുടച്ചു മാററാനുള്ള ശ്രമത്തോടൊപ്പം തന്നെ സൈ്വരമായ കുടുംബ ജീവിതത്തിന്റെ ആണിക്കല്ലുവരെ തകത്തുകളയാനുള്ള പരിശ്രമവും കമ്യൂണിസ്റ്റുംകാർ തുടങ്ങിക്കഴിഞ്ഞു. ഭത്താവിനു ഭാര്യയോടും അച്ഛനമ്മമാക്കു് സന്താനങ്ങളോടും ഉള്ള പവിത്രമായ സ്നേഹവാത്സല്യങ്ങളെ ഇല്ലാതാക്കി കുടുംബ ഭദ്രതയ്ക്കു താങ്ങുംതണലുമായി നിന്ന പരമ്പരാഗതമായ നേതൃത്വസ്വഭാവത്തെ വേരോടെ പിഴുതുമാററുവാനായിരുന്നു അവർ ഉത്സാഹപൂർവ്വം യത്നിച്ചു കൊണ്ടിരുന്നതു്. തറവാട്ടിലെ തലമൂത്ത അംഗങ്ങളെ അപഹസിക്കുവാനും തലമുറകളായി നിലനിന്നുവന്ന ആചാരങ്ങളെ അവഹേളിക്കുവാനും ചെറുപ്പക്കാരെ ഇളക്കിവിടുകയെന്നുള്ളതായിരുന്നു കമ്യൂണിസ്ററുകാരുടെ പദ്ധതി. വൃത്തികെട്ട ഈ ഏപ്പാടു് അവരുടെ ആദ്യത്തെ കാൽവപ്പുമാത്രമായി

രുന്നു. നരക രംഗങ്ങൾ സൃഷ്ടിച്ച പ്രേരണകൾക്കും പ്രലോഭനങ്ങൾക്കും പിന്നീടവർ യുവാക്കളെ ആയുധങ്ങളാക്കിയിട്ടുണ്ട്.

മാതാപിതാക്കന്മാരോട്ട കുട്ടികൾക്കുണ്ടാകാറുള്ള സ്നേഹബഹുമാനാദികളെ 'സിയാവൊ' എന്ന പദം കൊണ്ടാണ് ചൈനക്കാർ വ്യവഹരിക്കുന്നത്. ചൈനയുടെ സാമൂഹ്യവും രാഷ്ട്രീയവുമായ ചരിത്രത്തിൽ അമിതപ്രാധാന്യം നേടിയിട്ടുള്ള ഈ പദത്തിൻെറ പൂർണ്ണമായ ആശയം മറെറാരു ഭാഷയിൽ പ്രകാശിപ്പിക്കുക എളുപ്പമുള്ള കാര്യമല്ല. അത്രമാത്രം പാവനവും പരമോൽകൃഷ്ടവുമായ അർത്ഥമാണ് ചീനകുടുംബങ്ങളുടെ ഐശ്വര്യത്തിനു നിദാനമായി നിന്നിരുന്ന 'സിയാവൊ' ബന്ധത്തിന്ന് അവർ കല്പിച്ചിരുന്നത്. പക്ഷെ, പുതുമയുടെ പൂത്തിരിയുമായി വന്ന കമ്യൂണിസ്റ്റുകാർക്ക് അതൊരു അർത്ഥമില്ലാത്ത പഴഞ്ചൻ ഏർപ്പാടായിരുന്നു. അനേക കാലമായി നിലനിന്നു പോന്ന ആ ആചാരം ചൈനാക്കാരുടെ ഇടയിൽ ഒരു സാമുദായിക നിയമമായി രൂപം പ്രാപിച്ചിരുന്നു. കുടുംബ ബന്ധത്തിൻെറ കെട്ടുറപ്പിനും തദ്വാരാ രാഷ്ട്രീയ ഭദ്രതയുടെ ദാർഢ്യത്തിന്നും ചൈനാക്കാരുടെ ഈ സ്വഭാവവിശേഷമാണ് സഹായകമായി നില്ക്കുന്നതെന്ന് നാട്ടുകാർ ഒന്നു പോലെ വിശ്വസിച്ചിരുന്നു. ചൈനയുടെ ചരിത്രം പരിശോധിച്ചാൽ ഏറ്റവും പഴയഏട്ടുകളിൽ പോലും 'സിയാവൊ' സാർവ്വത്രികമായി സ്ഥാനം പിടിച്ചിരിക്കുന്നതു് കാണാം. ക്രിസ്തു മൂവായിരത്തിനുമപ്പുറം ചൈന ഭരിച്ചിരുന്ന ചില ഭര

ണാധികാരികൾ ഭവ്യമായ ഈ സ്നേഹബന്ധത്തിന്റെ സഹായത്താൽ സമുദായത്തെ കൂട്ടിയിണക്കി ഒററക്കെട്ടായി നിറുത്തി പ്രശാന്തമായ ഭരണം നടത്തിയിരുന്നു.

അതിപ്രാചീന കാലം മുതൽക്കേ ചൈനക്കാർ പ്രകൃതിയിലെ പ്രതിഭാസങ്ങളെ ആദരിക്കയും ആരാധിക്കയും ചെയ്യുന്നവരാണ്. അവരുടെ ആത്മീയ ജീവിതം അങ്ങനെയാണാരംഭിക്കുന്നതു്. കാററ്, മഴ, വെള്ളം എന്നീ എല്ലാ പ്രകൃതിശക്തികളെയും അവർ ദേവന്മാരായി കാണുന്നു. എല്ലാററിനും ഉപരിയായി -മനുഷ്യരുടേയും ദേവന്മാരുടേയും അധീശനായി 'ഷാങ്ങ്-തി' എന്ന സർവ്വശക്തനെ അവർ പൂജിച്ചു വന്നിരുന്നു. ഭൂമിയുടെ ദേവതയായ 'ഹോ-ത്തു' ഷാങ്ങ്-തിയുടെ പ്രതിരൂപമെന്നാണ് ചീനാക്കാരുടെ സങ്കല്പം. ദേവനും മനുഷ്യനും തമ്മിൽ വലിയ അന്തരമൊന്നും ചൈനാക്കാർ കല്പിക്കുന്നില്ല. മരിച്ചുകഴിഞ്ഞാൽ മനുഷ്യൻ ദേവനായി എന്നത്രേ അവരുടെ വിശ്വാസം. അതുകൊണ്ടു് മരിച്ചവരെ പൂജിക്കുക എന്നുള്ളതു് ചൈനാക്കാക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ചടങ്ങാണ്. ചീനജനതയ്ക്കു് മുതിന്നവരോടു തോന്നിയിട്ടുള്ള സ്വാഭാവികമായ ഭക്ത്യാദരങ്ങളാണ് പിതൃപൂജയായി രൂപാന്തരപ്പെട്ടതെന്നു് സാമൂഹ്യ ശാസ്ത്രജ്ഞന്മാർ കരുതുന്നു. എന്നാൽ കാലാന്തരത്തിൽ ഈ പിതൃപൂജ അന്ധവിശ്വാസവും അനാചാരവുമായി സമുദായത്തിൽ സ്ഥാനം പിടിച്ചു. മരിച്ചവരെ തൃപ്തിപ്പെടുത്തിയില്ലെങ്കിൽ ആപത്തുണ്ടാകുമെന്നുള്ളതു് ചൈനയിലെ ഉറച്ച വിശ്വാസമാണ്.

യാതൊരു പ്രത്യേക മതത്തിലും വിശ്വസിക്കാത്തവർ ചൈനയിൽ ലക്ഷക്കണക്കിനുണ്ട്. ബുദ്ധമതത്തിലോ തവോ വിശ്വാസത്തിലോ ക്രിസ്തുമതത്തിലോ ഇസ്ലാമിലോ അവർക്കു ബഹുമാനമില്ല. എന്നാൽ കൺഫ്യൂഷിയസ്സിനെ ബഹുമാനിക്കാത്തവർ ചീനക്കാരുടെ ഇടയിൽ കുറവായിരിക്കും. മരിച്ചവരെ പൂജിക്കാത്തവർ ആരും തന്നെ കാണുകയില്ല. പിതൃപൂജ ജീവിതവുമായി സാമ്യം പ്രാപിച്ച ഒരു വിശ്വാസമാണവിടെ. ഈ വിശ്വാസങ്ങൾക്കെല്ലാം എതിരായി കമ്യൂണിസ്റ്റുകാർ ശക്തിയായി പ്രചരണം നടത്തി.

ചീനസംസ്കാരത്തിനു് മററു സംസ്കാരങ്ങളെക്കാൾ വളരെ പഴക്കമുണ്ടു്. പ്രാചീന ശിലായുഗത്തിൻെറ പ്രാരംഭഘട്ടം മുതൽ അഭംഗുരവും അനുസ്യൂതവുമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു സംസ്കാരവിശേഷത്തിൻെറ ചരിത്രം ചീനക്കാരെപ്പോലെ മററാർക്കുമില്ല. ചീനജനതക്കു പാരമ്പര്യമായി കിട്ടിയിട്ടുള്ള വ്യക്തിവൈശിഷ്ട്യവും ആഭിജാത്യബോധവും സന്മാർഗ്ഗശാസ്ത്രത്തിലെ പ്രശസ്തങ്ങളായ പ്രവണതകളായിട്ടാണു് ബുദ്ധിജീവികൾ കണക്കാക്കുന്നതു്. ക്രിസ്ത്യാനിയോ ക്രിസ്ത്യേതരനോ ഒരു പ്രത്യേക സന്മാർഗ്ഗശാസ്ത്രത്തിൽ വിശ്വസിക്കാത്ത മററാരെങ്കിലുമോ ആകട്ടെ, ഒരു ചൈനാക്കാരനാണോ അയാൾക്കീ പാരമ്പര്യബോധം അയാളുടെ ജീവരക്തത്തിൽ കലന്നിരിക്കും.

കുടുംബങ്ങളാണു് ചീനസംസ്കാരത്തിൻെറ തായ്‌വേരെന്നു് മുൻപു സൂചിപ്പിച്ചുകഴിഞ്ഞു. മഹ

ത്തായ പൊതുസംസ്ക്കാരത്തിൻെറ ഏററവും കൊച്ചു ഘടകമാണതു്.–പണ്ടത്തെ നടപ്പനുസരിച്ചു് ചക്രവത്തിയാണ് ചൈനയിലെ ഏററവും വലിയ തറവാട്ടുമൂപ്പൻ. ഒരു നല്ല പൊതുസേവകനായ ഭരണാധികാരിയെ 'പിതാ'വെന്നോ 'മാതാപിതാ'വെന്നോ ഒക്കെയാണ് ചൈനാക്കാർ സംബോധന ചെയ്യുന്നതു്. ഒരു ചീന കുടുംബമെന്നാൽ, അച്ഛനമ്മമാർ, പുത്രന്മാർ അവരുടെ ഭാര്യമാർ, കുട്ടികൾ ഇത്രയും ചേന്നഘടകമാണ്. രക്ത ബന്ധമുള്ള ഇത്തരം അനേകം കുടുംബങ്ങൾ ചേന്നാൽ ഒരു ഗോത്രമായി. ഗോത്രാഭിമാനം വ്രണപ്പെടുക ചൈനാക്കാരനു മരണതുല്യമാണ്. ഒരു ഡിസ്ത്രിക്ട് മുഴവൻ, പലപ്പോഴം ഒരു ഗോത്രത്തിൽ പെട്ട കുടുംബങ്ങളായിരിക്കും. അവക്കിടയിൽ അഭിപ്രായഭിന്നത ഉണ്ടാകാറില്ല. ഗോത്രത്തലവന്മാരും കുടുംബമൂപ്പന്മാരും അവശ്യമായ കരുതൽ നടപടികൾ എടുത്തു കൊള്ളും. സഹകരിച്ചും സഹായിച്ചും സൗഭാഗ്യകരവും സംതൃപ്തവുമായ ജീവിതമായിരിക്കും അവർ നയിക്കുന്നതു്. ഒരു നല്ല ഗവമ്മേണ്ടിൻെറ ഭാവരൂപങ്ങൾക്കു് ഈ ചിട്ട ഏറ്റവും പ്രയോജനപ്പെടുന്നതാണ്. ഭാരണാധികാരി, ജനഹിതത്തിനെതിരായി എന്തെങ്കിലും പ്രവത്തിക്കാൻ ഈ ചുററുപാടിൽ സദ്ധ്യമല്ല. അഥവാ പ്രവത്തിച്ചാൽ ഒരു ജില്ല മുഴവനായിരിക്കും അയാൾക്കെതിരായി തിരിയുന്നതു്; വ്യക്തികളല്ല.

പുരുഷനായാലും സ്ത്രീയായാലും ഏററവും പ്രായം കൂടിയ അംഗമാണ് തറവാട്ടിലെ ഭരണാധികാരി.

കഴിഞ്ഞുപോയ തലമുറകളുടെയെല്ലാം പ്രതിനിധിയായിട്ടാണ് മൂപ്പുകൂടിയ അംഗത്തെ ചൈനയിൽ കണക്കാക്കുന്നതു്. അതുകൊണ്ടു് ഏററവും ബഹുമാന്യനും പൂജാർഹനുമായിരിക്കും ഗൃഹനാഥൻ. വയോധികയായ അമ്മൂമ്മയായിരിക്കും ചിലപ്പോൾ ഒരു ചീനത്തറവാട്ടിലെ ഭരണാധികാരി. അവരെയൊരു ദിവ്യാംബികയായിട്ടേ കുടുംബാംഗങ്ങൾ കരുതാറുള്ളു. പരമ്പരാഗതമായ ഈ വിശ്വാസവും ആചാരവും മൂലം ചീനകുടുംബങ്ങളുടെ ഭദ്രതയ്ക്കു് ഒരിക്കലും കോട്ടംതട്ടിയിരുന്നില്ല. നൂററാണ്ടുകളായി ചീനക്കാരിൽ ഒട്ടിപ്പിടിച്ചു വിട്ടുമാറാതിരുന്ന ഈ വിശ്വാസം കമ്യൂണിസ്റ്റാദർശവുമായി ഒരു തരത്തിലും പൊരുത്തപ്പെടാത്തതാണ്. ഈ വിശ്വാസം ചൈനയിൽ നിലനില്ക്കുന്നിടത്തോളം കാലം കമ്യൂണിസം ആ മണ്ണിൽ വേരോട്ടുകയില്ല. അതുകൊണ്ടു് കുടുംബാംഗങ്ങളുടെ ഇടയിൽ ദുരിദ്രവാസനകളെ പാകി വളർത്തേണ്ടതു് കമ്യൂണിസ്റ്റുകാരുടെ ആവശ്യമായിത്തീർന്നു.

1937 മുതൽ 1949 വരെ കമ്യൂണിസ്റ്റുകാരുടെ അധീനതയിൽ എനിക്കു കഴിച്ചുകൂട്ടേണ്ടിവന്നു. ചീനകുടുംബങ്ങളെ ഉറപ്പിച്ചു നിറുത്തിയിരുന്ന തായ്‌വേരു വരെ അവർ കരണ്ടുമുറിക്കുന്ന ദയനീയമായ കാഴ്ചകളാണ് ഞാനവിടെ കണ്ടതു്.

## ദുർവാസനകൾ ഊതിവീർപ്പിക്കുന്നു

ഒരു ദിവസം ലിഷാങ്ങ്സുയെൻ എന്ന കൊച്ചു ഗ്രാമത്തിലായിരുന്നു ഞാൻ. മാങ്ങ്ഷുലാൻ-വിവാഹിത

യായ ഒരു ഇരുപതുകാരി! അവൾ ഒരു 'നല്ല നാളേ'യ്ക്കു വേണ്ടി ആകാംക്ഷാപൂർവ്വം കാത്തിരിക്കുകയാണു്. സമുദായത്തിൽ അല്പം നേതാവാകണമെന്നാണു് അവളുടെ മോഹം. ഒരു കമ്യൂണിസ്റ്റ് ഏജൻറു് ഇക്കാര്യം ബോധപൂർവ്വം ഗ്രഹിച്ചു. പാർട്ടിക്കു് ഒരു കൂട്ടുകാരിയെ കിട്ടാൻ തരമുണ്ടല്ലോ എന്നു് അയാൾ സന്തോഷിച്ചു. തറവാടിത്തത്തിൻെറ മാന്യതയിൽ ഒതുങ്ങിക്കഴിയുകയാണവൾ. അവളെ ആ ചങ്ങല പൊട്ടിച്ചു പുറത്തുകൊണ്ടുവരാതെ എങ്ങനെയാണിതു സാധിക്കുക. കമ്മ്യൂണിസ്റ്റ്കാരൻ ഒരു നല്ല വേളയിൽ ആ യുവതിയെ സമീപിച്ചു. വളരെ മര്യാദയോടുകൂടി അയാൾ അവളെ പുകഴ്ത്താൻ തുടങ്ങി. അവളുടെ ആഭിജാത്യബോധത്തെ തകക്കാൻ–അവളെയും ഭത്താവിനെയും അടുപ്പിച്ചു നിറുത്തിയിരുന്ന സ്നേഹവിശ്വാസങ്ങളെ ഇല്ലാതാക്കാൻ–അയാളൊരു കനത്ത ആപ്പുതന്നെ അവക്കിടയിൽ അടിച്ചിറക്കി.

"നിങ്ങൾ ഉഷാറുള്ള ഒരു ചെറുപ്പക്കാരി! നല്ല വാസനകൾ നിങ്ങളിൽ നിറന്നു മൊട്ടിട്ടു നില്ക്കുന്നു. പക്ഷേ, അവ മൊട്ടായിത്തന്നെ കരിഞ്ഞുപോകുന്നല്ലോ സഖാവേ! ഈ പഴഞ്ചൻ വിശ്വാസങ്ങൾ ആരെങ്കിലും ഇക്കാലത്തു് വച്ചുപുലത്തുമോ? ബന്ധുമിത്രാദികളെ ആരാധിച്ചും പൂജിച്ചും നിങ്ങൾ വിലയേറിയ സമയം വൃഥാ നഷ്ടപ്പെടുത്തുന്നു. വരിക! പുതുമ നിറഞ്ഞ ലോകത്തേക്കു ഞങ്ങളൊന്നിച്ചു വരിക! നിങ്ങൾ ബുദ്ധിമതിയാണു്. പുത്തൻചൈനയിലെ സ്ത്രീലോകത്തിനാകമാനം നേതാവായിരിക്കാനുള്ള കഴിവു നിങ്ങൾക്കുണ്ടു്. തറ

വാടിൻെറ നാല്വ ഭിത്തികളുള്ളിൽ തറവാടിത്തത്തിൻെറ അടിയേററ് നിങ്ങൾ തകന്നിരിക്കുന്നു സഹോദരീ! അന്ധവിശ്വാസമേ അന്ധവിശ്വാസം!........" "പുകഴ്ത്തുകയല്ല ഞാൻ. നിങ്ങളൊരു സുന്ദരിയായ ചെറുപ്പക്കാരി! കഷ്ടം!" അല്പം ആലോചിച്ചശേഷം അയാൾ പറഞ്ഞുനിറുത്തി. കമ്മ്യൂണിസ്റ്റ്കാരുടെ വശീകരണവിദ്യയുടെ തുടക്കം ഇങ്ങിനെയാണ്. ഒരു സ്ത്രീയുടെ ബുദ്ധിപരമായ പാപ്പരത്തത്തിലാണ് അവരുടെ സൗന്ദര്യബോധം പറന്നുപററുന്നതു്.

മാങ്ങ്ഷുവിനെപ്പോലുള്ള ചെറുപ്പക്കാരികളെ കിട്ടിയാൽ അട്ടയെപ്പോലെ കടിച്ചുതൂങ്ങും കമ്മ്യൂ. കാരൻ. ഇന്നത്തെ യുവതികൾ മഹത്തായ സ്ത്രീലോകത്തിൻെറ മഹതികളായ നേതാക്കളായി ശോഭിക്കുന്നതെങ്ങനെയെന്നു് അയാൾ ചാതുര്യത്തോടെ വണ്ണിക്കും. സ്പെയിൻകാരിയായ 'പാഷനാരാ' പ്രശസ്തയായ ഒരു കമ്യൂണിസ്റ്റ് വനിതയാണ്. ചൈനയിലാണെങ്കിലോ! വനിതാദേവതയായ മാഡം സൺയാത്സെൻ മിന്നിത്തിളങ്ങുന്ന പൊൻതാരമാണ്. പോരെ, ഉദാഹരണങ്ങൾ! അപ്പോഴേക്കും കമ്മ്യൂണിസ്റ്റ്കാരൻ ആവേശിച്ചുകഴിഞ്ഞ ആ പെണ്ണു് പ്രശസ്തിയുടെ കൊട്ടമുടി നോക്കി ഭാവനയുടെ ചിറകു വിരിച്ച് പെട്ടെന്നു പൊങ്ങിപ്പോകും.

ചരിത്രപരമായി അപഗ്രഥിച്ചാൽ സാമുദായജീവിതത്തിലെപ്പോലെതന്നെ ദാമ്പത്യജീവിതത്തിലും പല സുപ്രധാന പരിവത്തനഘട്ടങ്ങളും കാണുന്നവരാണ് കമ്മ്യൂണിസ്റ്റ്കാർ. ഫ്യൂഡലിസ്റ്റിക് ദാമ്പത്യം, ക്യാപ്പിറ്റ

ലിസ്റ്റിക് ദാമ്പത്യം എന്നിങ്ങനെ ദാമ്പത്യത്തെ അവർ തരംതിരിക്കാറുണ്ട്. ദാമ്പത്യം അവിഛിന്നമായ പ്രേമബന്ധത്തിൻെറ പരിണതഫലമാണെന്നു പറഞ്ഞാൽ അവക്കു പുച്ഛമാണ്. ഭത്താവിൻെറ ആമന്ത്രണങ്ങൾക്കു വശഗയായിത്തീരുന്ന ഭാര്യ ഒരു ജഡവസ്തുവെന്നോണം അയാളിൽ ഒട്ടിപ്പിടിക്കുന്നു എന്നാണ് ദാമ്പത്യത്തെപ്പററിയുള്ള അവരുടെ ഒരു നിവ്വചനം. ഇതാണ് കമ്മ്യൂണിസ്റ്റ്കളുടെ ദൃഷ്ടിയിൽ ഫ്യൂഡലിസ്റ്റിക് ദാമ്പത്യം. സ്ത്രീ അവളുടെ സൗന്ദര്യവും യൗവ്വനവും മാംസവും പുരുഷൻെറ അതിരുകടന്ന ഭോഗാസക്തിക്കുവേണ്ടി വിലക്കുവില്ക്കുന്നു എന്നാണ് മററൊരു തരത്തിൽ അവർ ദാമ്പത്യത്തെ നിവ്വചിക്കുന്നതു്. ഇതിനാണ് 'ക്യാപ്പിററലിസ്റ്റ്ദാമ്പത്യം' എന്ന് കമ്മ്യൂ. കൾ പറയുന്നതു്. ജനസാമാന്യം ദാമ്പത്യമെന്നു വ്യവഹരിക്കുന്ന പാവനമായ സ്ത്രീപുരുഷബന്ധത്തെയല്ല കമ്മ്യൂ. കാർ ദാമ്പത്യമായി കരുതുന്നതെന്നു ചുരുക്കം.

വിവാഹത്തിനു മുൻപ് വധൂവരന്മാർ അന്യോന്യം പരിചയപ്പെടുന്ന ഒരു പതിവും പാശ്ചാത്യരുടെ ഇടയിലുണ്ടു്. ജീവിതത്തിലെ സുഖദുഃഖങ്ങളിലെല്ലാം ഒരുപോലെ പങ്കാളികളാകേണ്ട രണ്ടു പേർ പരസ്പരം പഠിക്കണമെന്നുള്ളതാണ് ഈ ചടങ്ങിൻെറ ഉദ്ദേശം. അവരുടെ സ്വഭാവഗതികൾ അന്യോന്യം പൊരുത്തപ്പെട്ടുപോകുന്നതാണോ എന്നു് അടുത്തറിയേണ്ട ആവശ്യം ഇരുകൂട്ടക്കുമുണ്ടു്. ഒരു വലിയ ചുമതല ഏറെറടുക്കാനുള്ള പുരുഷൻെറ സന്നദ്ധത അയാളുടെ പരിശ്രമശീലം ഹൃദ

യശ്ശുദ്ധി ഇവയെപ്പററി സ്ത്രീക്കു ബോധ്യം വരണം. അതു പോലെ തന്നെ ഏതിനത്തിലും തനിക്കു താങ്ങും തണലു മായി നില്ക്കുന്നവളാണോ സ്ത്രീയെന്നു് പുരുഷനും വിശ്വാസമുണ്ടാകണം. പക്ഷേ, കമ്യൂണിസ്ററുകാൎക്കു് ഈ ചട ങ്ങിൽ വെറുപ്പാണു്. ഒരു സ്ത്രീയുടേയും അതിലുണ്ടാകുന്ന സന്താനങ്ങളുടേയും ജീവിത സൗകര്യത്തിനു വേണ്ടി പുരുഷനു് എന്തു സംഭാവന നൽകാനുണ്ടെന്നുള്ളതിനെ പ്പററി പുരുഷൻ സ്ത്രീക്കു് ഉറപ്പുകൊടുക്കുന്ന പാശ്ചാത്യ രീതിയല്ലാ അവർ അനുകരിക്കുന്നതു്. ഒരു സ്ത്രീയെ വലി യൊരു നേതാവാക്കാമെന്നു വ്യാമോഹിപ്പിച്ചിട്ടായി രിക്കും കമ്യൂണിസ്റ്റുകാർ പാട്ടിലാക്കുന്നതു്. അല്ലാതെ മറെറാരു ചുമതലയും ഭാൎയ്യയെ സംബന്ധിച്ചു് അവ ൎക്കില്ല. കടിഞ്ഞാണില്ലാത്ത ഭാവനയും പ്രതീക്ഷയുമുള്ളവ ളാണു് സ്ത്രീയെങ്കിൽ അവളെ ലോകനേതാവാക്കി ഉയ ൎത്താമെന്നായിരിക്കും കമ്യൂണിസ്റ്റുകാരൻ വാക്കു കൊടു ക്കുന്നതു്. അസുലഭമായ ഒരു മാദകൗഷധമായിട്ടേ എടുത്തു ചാട്ടക്കാരികളായ ചെറുപ്പക്കാരികൾ ഈ പൊള്ള വാഗ്ദാനത്തെ കാണുകയുള്ളു. ഈ ഔഷധത്തിന്റെ ലഹ രിയിൽ മയങ്ങിപ്പോയിട്ടുള്ള യുവതികൾ ചൈനയിൽ കുറച്ചൊന്നുമല്ല.

മാങ്ങ്ഷുലാനെപ്പററി മുഴുവൻ പറഞ്ഞില്ലല്ലോ. പററിയ സന്ദർഭത്തിൽ തന്നെയാണു് ആ കമ്യൂണിസ്റ്റു കാരൻ അവളെപ്പിടിക്കാൻ കെണിവച്ചതു്. ആദ്യ മൊക്കെ അവൾക്കല്പം വിഷമം തോന്നി. ഭൎത്താവിനു് അഹിതമായി അതുവരെ അവൾ പ്രവർത്തിച്ചിട്ടില്ല.

അദ്ദേഹത്തെ വെറുപ്പിച്ചു കൊണ്ടു് അരങ്ങൊഴിഞ്ഞൊട്ടുന്ന തെങ്ങനെയെന്നു് മാങ്ങ്ഷ്യ വിഷാദിച്ചു. ഉപദേഷ്ടാവു വിട്ടമോ! ഭത്താവോ വല്യതു് സമൂഹമോ! അയാൾ അവൾക്കൊരു തെളിഞ്ഞ വഴിയുണ്ടാക്കിക്കൊടുത്തു. അവൾക്കു ധൈര്യം വന്നു. ജപ്പാൻ സേന നാട്ടിൻ പുറങ്ങളിൽ കടന്നു ശല്യം ചെയ്യുന്ന സന്ദർഭമാണതു്. ഭത്താവിൻെറ തണലിൽ എങ്ങനെ വിശ്വസിച്ചു വിശ്രമിക്കും! അശക്തനായ ഭത്താവു്! ആ ധീരവനിത ഒരു അഭയാത്ഥിനിയായി നാട്ടുവിട്ടു.

മൂന്നു വർഷം അവൾ വീട്ടിൽ നിന്നും മാറിപ്പാർത്തു; ഒരു കമ്യൂണിസ്റ്റ് അനുഭാവിയായിട്ടു്. ജപ്പാൻകാരുടെ യാതൊരു ശല്യവുമില്ല. ഒടുവിൽ അവൾ പാർട്ടിയുടെ ഒരു നെട്ടം ത്തുണായി. മാങ്ങ്ഷ്യ സ്വന്തം ഗ്രമാത്തിലേക്കു തിരിച്ചു വന്നതു് ആ ഡിസ്ട്രിക്ടിലെ വനിതാ സംഘം പ്രസിഡണ്ടായിട്ടാണു്. ജപ്പാൻ സമരം അവസാനിച്ചു. കമ്യൂണിസ്റ്റുകാർ നേരിട്ടു പടക്കളത്തിലിറങ്ങി. മാങ്ങ്ഷ്യ വീണ്ടും വളന്നു. അവൾ ആരായെന്നോ! ജനങ്ങൾ ഇടതിങ്ങിപ്പാക്കുന്ന ചെങ്ങ്ടിങ്ങ്, കാവൊചെങ്ങ്, വുചിങ്ങ്—എന്നീ മൂന്നു ഡിസ്ട്രിക്ററുകളിലെ വനിതാ സംഘങ്ങളുടെയെല്ലാം പ്രസിഡൻറു്!

ഭത്താവിനെയും കുടുംബത്തെയും പാർട്ടിയുടെ സാന്നിദ്ധ്യത്തിൽ അവൾ കുററപ്പെടുത്തി. വിപ്ലവ വിരുദ്ധ പ്രവത്തനങ്ങൾക്കായി അവർ ശിക്ഷിക്കപ്പെട്ടു. പാർട്ടിക്കു വിരോധമായി ഒന്നും ചെയ്തിട്ടില്ല. ചെയ്യേണ്ടുന്നുള്ള സങ്കല്പത്തിൽ വഴിയേ പോകുന്നവരെ ശിക്ഷി

ക്കുന്ന ഏർപ്പാട്ട പാർട്ടിക്കുണ്ട്. മറെറാന്നിനുമല്ല, പാർട്ടിയിലേക്ക് ചെറുപ്പക്കാരെ ആകഷിക്കാൻ. പാർട്ടിയിൽ ചേന്നാൽ നേതാവാകാം. ആളുകളെ അനുസരിപ്പിക്കാം.

വൃചിങ്ങ് നഗരത്തിന്റെ പടിഞ്ഞാറൻ ഭാഗങ്ങളെല്ലാം എനിക്കു നല്ലതുപോലെയറിയാം. കുടുംബജീവിതം തട്ടിത്തകത്ത ചില അടവുകൾ അവിടെയും കമ്യൂണിസ്ററുകാർ എടുത്തു. ഇത്തവണ അവിവാഹിതയായ ഒരു കൊച്ചു പെണ്ണിനെയാണ് സഖാക്കൾ ചൂണ്ടലിൽ കോത്തതു്. രക്ഷാകത്താക്കളുമായുള്ള എല്ലാ ബന്ധങ്ങളിൽ നിന്നും അവളെ പൊട്ടിച്ചു മാററി. വളരെ സൗഭാഗ്യപൂവ്വം കഴിഞ്ഞു പോന്ന ഒരു കുടുംബമായിരുന്നു അതു്. അടക്കവും ഒതുക്കവുമുള്ള ഒരു കാണാൻ കൊള്ളാവുന്ന പെൺകിടാവു്! ല്യൂവെയ്ചിൻ– അതാണവളുടെ പേരു്. ഒരു പത്തൊൻപതു വയസ്സു വരും അവൾക്ക്. ഹൊ ചൊ ഷാൻ, പാർട്ടിയിലെ ഒരു ധീരയോദ്ധാവാണ്. കർഷകസംഘത്തിലെ ഒരു അംഗം! ആ സാഖാവു് അവളെ. തട്ടിയെടുത്തു. എങ്ങനെയെന്നു പറയാം. ചീന ജീവിതത്തിന്റെ മഹത്തായ പാരമ്പര്യത്തിനു് ഉത്തമോദാഹരണമായ ഒരു പഴയ തറവാടായിരുന്നു ല്യൂവിൻേറതു്. അവളെ തെരുവിലെങ്ങും ഇറങ്ങി നടക്കാൻ വീട്ടുകാർ വിട്ടില്ല. സന്ധ്യയായാൽ വീട്ടിനു പുറത്തേ ഇറങ്ങരുതു്. അന്തസ്സുള്ള കുടുംബങ്ങളിലെ പെൺകിടാങ്ങൾ അങ്ങനെയാണവിടെ. പോരെങ്കിൽ യുദ്ധകാലവും.

സഖാവ് ഹൊ ആ പെണ്ണിനെ കെട്ടാൻ തീരുമാനിച്ചു. വീട്ടുകാർ പഴഞ്ചന്മാരാണ്. അവരുടെ സമ്മതത്തോടുകൂടി സഖാവിനു പെണ്ണിനെ കിട്ടുകയില്ല. അല്പം ഉപദേശിക്കാമെന്നു വച്ചാലോ ആ ശനിയെ കണ്ടുകിട്ടുകയുമില്ല. സഖാക്കളെ പഴഞ്ചന്മാർക്കു പുച്ഛം ആണ്. വീട്ടിൽ കയറുകതന്നെ ഇഷ്ടമില്ല. പിന്നെ എങ്ങനെ അങ്ങോട്ടു കടന്നുചെല്ലും. ചെല്ലാൻ മതിയായ കാരണവുമില്ല. പക്ഷേ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ഒരു അംഗത്തിനു് ഒരു വീട്ടിൽ ചെല്ലാൻ കാരണമോ അനുവാദമോ എന്തിനു്! പാർട്ടി മുഴുവൻ പിന്നിലുണ്ടു്. ഏതു നെറികെട്ട കാര്യത്തിനും അവർ കൂട്ടുനില്ക്കുമെന്നു് അയാൾക്കറിയാം. ചെയ്യുന്നതു് തെറേറാ ശരിയോ എന്നല്ല പാർട്ടിയുടെ നോട്ടം. പാർട്ടിയുടെ ആളാണോ അല്ലയോ അതൊന്നേ പാർട്ടി നോക്കാറുള്ളു. സഖാവ് ഹോ, ലൂയുടെ വീട്ടിൽ കടന്നുചെന്നു്, പെണ്ണിനെ കണ്ടു.

**അച്ചടക്കവും അഭിമാനബോധവും തട്ടിത്തകക്കുന്നു.**

ഒരിക്കൽ വീട്ടിൽ കടന്നാൽ കാര്യം ജയിച്ചതുതന്നെ എന്നു് ഹോ വിശ്വസിച്ചു. ആ വിശ്വാസം തെറ്റിയില്ല. ലൂയുടെ മാതാപിതാക്കളുടെ കടുത്ത മാമൂൽ പ്രിയത്തിൽ അയാൾ വല്ലാതെ ലജ്ജിച്ചു. അവരെ അതിൽ കുററപ്പെടുത്തി. ഹോയുടെ യുക്തിവാദങ്ങൾക്കു മുൻപിൽ തലയുയർത്തി നില്ക്കാൻ ലൂയുടെ അച്ഛനമ്മമാക്ക് കഴിഞ്ഞില്ല. അയാൾ ഒന്നുകൂടി ഉയന്നു. ലൂയുടെ മുൻപിൽവച്ചുതന്നെ അവളുടെ രക്ഷിതാക്കളുടെ പഴഞ്ചൻ

രീതികളെ ഹോ വല്ലാതെ അധിക്ഷേപിച്ചു. ഒരു ചുണ യുള്ള പെണ്ണിനെ ഒന്നിനും കൊള്ളാത്ത ഊമയും ഭീരുവു മാക്കി തരംതാഴ്ത്തുന്നതിൽ അയാൾ അവരെ വളരെ യൊക്ക കുററപ്പെടുത്തി. അവളെ കൂട്ടിലടച്ചിട്ടിരിക്കുന്ന പിൻതിരിപ്പൻ ചിന്താഗതികളെ തട്ടിമാററിക്കൊണ്ട് വിശാലമായ ലോകത്തിലേക്കിറങ്ങിവരാൻ ല്യൂവിനെ ഹോ ആഹ്വാനം ചെയ്തു. ല്യൂ അല്പം വഴങ്ങുന്ന മട്ടു കാട്ടി. അവളുടെ രക്ഷിതാക്കൾക്കിതൊന്നും രസിച്ചില്ല.

ല്യൂ പതിവില്ലാത്തവിധം ചില സ്വാതന്ത്ര്യങ്ങൾ കാണിച്ചുതുടങ്ങി. രക്ഷകർത്താക്കൾക്ക് അവളെ അതിൽ നിന്നും പിൻമാററാൻ കഴിഞ്ഞില്ല. ഹോയുടെ വരവ് ആപൽക്കരമാണെന്നു ല്യൂയുടെ വീട്ടുകാക്കു തോന്നി. അവിടെ വരരുതെന്ന് അവർ അയാളെ വിലക്കി. ഹോ അതു വകവച്ചില്ല ല്യൂ ആകട്ടെ അയാളോടു കൂടുതൽ മമത കാണിച്ചുതുടങ്ങി. വീട്ടുകാർ അയാളെ ശകാരിച്ചു. പക്ഷേ രഹസ്യപ്പോലീസും സൈന്യങ്ങളും ആ വീട്ടു കാരെ മുറസ്സു ഭീഷണിപ്പെടുത്താനും തുടങ്ങി. വീട്ടുകാര്യ ങ്ങളിൽ ല്യൂ തീരെ അനാസ്ഥ കാണിച്ചു. അവളുടെ അശ്രദ്ധ അസഹ്യമായി. രക്ഷാകർത്താക്കൾക്കു നിരാശ യായി. ഹോയുടെ വിവാഹാലോചനയെ ആവുംവിധം അവർ തടഞ്ഞു. അതിനതിന്ന് അയാളതിൽ കൂടുതൽ പ്രതിപത്തി കാണിച്ചുവന്നു. പെൺകുട്ടി പരിപൂർണ്ണ മായും ഹോയുടെ അധീനതയിലായി. അവൾ അച്ഛനമ്മ മാരെ തീരെ അനുസരിക്കാതായി. മാത്രമല്ല, അവർക്ക് അവളിലുള്ള അധികാരത്തെ അവൾ ചോദ്യം ചെയ്യാനും

തുടങ്ങി. എന്തിന്, അവൾ ആ ചെറുപ്പക്കാരനെ വിവാഹം ചെയ്തു.

വിവാഹാലോചനയുടെ അന്ത്യഘട്ടത്തിൽ മാങ്ങ്ഷുവിൻെറ മേൽ പ്രയോഗിച്ച കമ്മ്യൂണിസ്റ്റ്തന്ത്രം തന്നെ ഇവിടെയും ഉപയോഗിച്ചു. ഒരു സ്ത്രീനേതാവിൻെറ അഭികാമ്യമായ പദവിയിൽ ലൃ ആടിപ്പോയി. വീട്ടുവിട്ടിറങ്ങിയ ശേഷം അവൾ അനന്തരമൊരു കമ്യൂണിസ്റ്റ്കാരിയായി. മാങ്ങ ഷുലാനെപ്പോലെ ലൃവും ആ ഡിസ്ത്രിക്റ്റിലെ കമ്യൂണിസ്ററു വനിതാ സംഘത്തിൻെറ പ്രസിഡണ്ടായി. ഹൊ ചെൻ ഷാൻ അവളെ വിവാഹം ചെയ്തു. ശരിതന്നെ, ഇത്തരം ബുദ്ധികെട്ട പെൺകുട്ടികളെ തട്ടിയെടുത്തേ കമ്യൂണിസ്ററുകൾക്കു സ്ത്രീ ലോകത്തിൽ സ്വാധീനം നേടാനാവൂ. ചൈനയിലെ കുടുംബ ജീവിതത്തെ പുതുമയുടെ പട്ടുടുപ്പിക്കുകയാണു് തങ്ങൾ ചെയ്യുന്നതെന്നായിരുന്നു കമ്യൂണിസ്ററുകാരുടെ അവകാശവാദം.

**പൂമ്പാററകളെ വശീകരിക്കുന്നു.**

തക്കം നോക്കി കാര്യം കാണാൻ കമ്യൂണിസ്റ്റുകാർക്കു വിരുതേറും. പ്രാമാണ്യം നേടാൻ ആഗ്രഹിക്കുന്ന ഒരു കൂട്ടം പെൺകിടാങ്ങൾ എവിടെയുമുണ്ടല്ലൊ. എല്ലാവരും കാണണം, എല്ലാവരും അറിയണം– അതിനുവേണ്ടി ഉടുത്തൊരുങ്ങി നടക്കുന്ന ഒരു തരം പൂമ്പാററകളാണവർ. ആരോഗ്യവുമായി പറയത്തക്ക ബന്ധമൊന്നും ഇവക്കു കാണാൻ ഇടയില്ല. പ്രലോഭനങ്ങൾക്കു് എളുപ്പംതന്നെ

വഴങ്ങുന്ന കൂട്ടരാണിവർ. ഇവരെ തേടിപ്പിടിച്ചാൽ മുഖസ്തുതി കൊണ്ടു് പെട്ടെന്നു പാട്ടിലാക്കാം. ഇങ്ങനെയാണു് കമ്യൂണിസ്ററുകാർ പാർട്ടിയിലേക്കു് ആദ്യമേ സ്ത്രീകളെ കൊണ്ടു വരുന്നതു്. മററു വനിതകളെ വിപ്ലവസിദ്ധാന്തങ്ങൾ പഠിപ്പിക്കുന്നതു് പാർട്ടിയുടെ ഈ ആദിമ വിശ്വാസികളാണു്. വിപ്ലവാത്മകമല്ലാത്ത യാതൊന്നിനും കമ്യൂണിസ്ററുകാർ വില കല്പിക്കുന്നില്ല് കമ്യൂണിസ്ററു ചിന്താഗതിയനുസരിച്ചു് അനുരാഗം, വേഴ്ച എന്നീ ധാർമ്മിക മൂല്യങ്ങൾക്കും വിപ്ലവത്തിലൂടെ ഒരു സമൂല പരിവർത്തനം സംഭവിച്ചിരിക്കണം. കമ്യൂണിസ്റ്റാധിപത്യത്തിനു മുൻപു് വിവാഹത്തെക്കുറിച്ചുള്ള ചൈനീസ് ധാരണ തികച്ചും വ്യത്യസ്തമായിരുന്നു. വളരെയൊക്കെ ആലോചിച്ച ശേഷമേ ചൈനക്കാർ അന്നു് വിവാഹബന്ധത്തിൽ ഏർപ്പെട്ടിരുന്നുള്ളൂ. വിവാഹബന്ധം അവരുടെ ദൃഷ്ടിയിൽ അത്ര പാവനമായിരുന്നു. ഭാര്യയ്ക്കും ഭർത്താവിനും അവരുടേതായ പ്രത്യേക ചുമതലകൾ കുടുംബത്തിനോടുണ്ടു്. ഈ ചുമതലാബോധമാണു് ദാമ്പത്യസൗഖ്യത്തിന്നും കുടുംബാഭിവൃദ്ധിക്കും ഇടനല്കുന്നതു്. വധൂവരന്മാർ പരിചയപ്പെട്ടിട്ടല്ല ചൈനയിൽ വിവാഹങ്ങൾ അധികവും നടക്കുന്നതു്. പലപ്പോഴും ഭാര്യയും ഭർത്താവും ശിശുക്കളായിരിക്കും. രക്ഷാകർത്താക്കളത്രെ വിവാഹം നടത്തുന്നതു്. വിചിത്രമായ ഇത്തരം ബന്ധംകൊണ്ടു് ദാമ്പത്യം എത്രമേൽ വിജയിക്കുമെന്നു് പാശ്ചാത്യർ അതിശയിച്ചിട്ടുണ്ടു്. അതിശയിക്കാനൊന്നുമില്ല. ചൈനയെ സംബന്ധിച്ചിടത്തോളം രക്ഷാകർത്താക്കൾ നടത്തുന്ന ശിശു

വിവാഹങ്ങൾ പോലും ഏറിയകൂറും സൗഭാഗ്യകരമായി തന്നെയാണ് അവസാനിക്കാറുള്ളതു്.

എന്നാൽ പുതിയ ചുവപ്പു ചീന പഴയ സമ്പ്രദായങ്ങളൊക്കെ മാററി. പാർട്ടിയുടെ ചിന്താഗതിക്കൊപ്പിച്ചു വേണം അനുരാഗത്തിനും വിവാഹത്തിനും ദാമ്പത്യത്തിനും ഒക്കെ രൂപം കൊടുക്കുവാൻ. ഇതിനുള്ള നിർദ്ദേശങ്ങൾ നൽകുന്ന ലഘുലേഖകൾ അവരുടെ ഭാഷാശൈലിയിൽ ആയിരമായി അടിച്ചിറക്കി. ജനായത്തപ്രേമം— കമ്യൂണിസ്ററു പ്രേമം—എന്തെന്നു് ഈ ലഘുലേഖകളിൽ വിശദീകരിക്കുന്നുണ്ടു്. സ്ത്രീ പുരുഷന്മാർ തമ്മിൽ ധനസംബന്ധമായ യാതൊരന്യോന്യ ധാരണയും പാടില്ല; ധനവും പ്രേമവും പൊരുത്തപ്പെടാത്ത കാര്യങ്ങളാണു്. ജീവിത സഖിയെ തെരഞ്ഞെടുക്കുന്നതെങ്ങനെയെന്നും ലഘുലേഖകൾ വിവരിക്കുന്നു. വരൻ ഒരു കമ്യൂണിസ്ററുകാരനാണെങ്കിൽ സ്ത്രീയുടെ രാഷ്ട്രീയ ചിന്തയെപ്പററി ആയിരിക്കും പ്രധാനമായി നോക്കുന്നതു്. വിദ്യാഭ്യാസം, സ്വഭാവം, ആരോഗ്യം, രൂപഗുണം– എല്ലാം അപ്രധാനങ്ങളായ സംഗതികളാണു്.

## വിവാഹ മോചനത്തെ പ്രോത്സാഹിപ്പിക്കുന്നു.

വിവാഹമോചനം നേടാനുള്ള ഒരു തരം പുതിയ വ്യക്തിസ്വാതന്ത്ര്യം ചുവപ്പു ചീനയിൽ ആവിർഭവിച്ചു. ഇതിൻെറ തണലിൽ വിവാഹമോചനം നേടിയവരുടെ കട്ടായമായ കണക്കു പറയാൻ കമ്യൂണിസത്തിൻെറ ചുമതലാബോധമില്ലാത്ത വക്താക്കൾക്കുപോലും സാദ്ധ്യ

മല്ല. ചുകപ്പന്മാരുടെ ഒരു വഷത്തെ ഭരണത്തിനകം തന്നെ ക്യാങ്ങ്സു പ്രവിശ്യയിൽ 931 പ്രഭുത്വ വിവാഹങ്ങൾ (feudalistic marriages) വേർപെടുത്തപ്പെട്ടിട്ടുണ്ടെന്നു് കമ്യൂണിസ്റ്റുംകാർ പറയുന്നു. ഭാര്യാഭർത്താക്കന്മാരിൽ ആരെങ്കിലുമൊരാൾ പിന്തിരിപ്പൻ ചിന്താഗതിക്കാരോ വിപ്ലവ വിരുദ്ധമനോഭാവക്കാരോ ആണെന്നു സംശയമുണ്ടായാൽ മതി, വിവാഹമോചനത്തിനു പറ്റിയ കാരണവും തെളിവുമായിരിക്കും അതു്. ഇത്തരം കാരണങ്ങളും തെളിവുകളും ഏതു നിമിഷത്തിലും ഉണ്ടാക്കാൻ കഴിയുന്നതേയുള്ളൂ.

കുടുംബത്തെ അഭംഗുരമായി പുലർത്തിക്കൊണ്ടുപോരുന്ന എല്ലാത്തരം ബന്ധങ്ങളെയും പൊട്ടിക്കാനുള്ള വിദഗ്ദ്ധമായ പദ്ധതികൾ കമ്യൂണിസ്റ്റുംകാർ ആവിഷ്കരിക്കയും കുപ്രേശ്ശ നടപ്പാക്കുകയും ചെയ്തുകൊണ്ടിരുന്നു. കമ്യൂണിസ്റ്റും ചൈനയിൽ നിന്നും ഞാൻ രക്ഷപെട്ടു പോരുന്നതിനു മുൻപു തന്നെ ഒരു ഗ്രാമം മുഴുവൻ മുടിക്കാൻ പററിയ ചരിദ്രവാസനകളെ അവർ ഇളക്കി വിടുന്നതു് എനിക്കു കാണാൻ കഴിഞ്ഞു. അഭിപ്രായ വ്യത്യാസങ്ങൾ ഒന്നും കൂടാതെ സുഖമായി കഴിഞ്ഞു കൂടിയിരുന്ന സഹോദരന്മാരെ തമ്മിൽ തല്ലിച്ചു് നാടുമുഴുവൻ കുഴപ്പം സൃഷ്ടിച്ചു് കമ്യൂണിസം പ്രചരിപ്പിക്കാൻ കരുതിക്കൂട്ടി കരുപ്പിടിപ്പിച്ചിരുന്ന പല വിദഗ്ദ്ധവിദ്യകളും അവർ അവിടെ ഉപയോഗിച്ചുകൊണ്ടിരുന്നു.

ഹോപ്പെ പ്രവിശ്യയിലെ സിൻലി ജില്ലയിലാണു് ല്യൂ ചിയാ ചവാങ്ങ് എന്ന കൊച്ചു ഗ്രാമം. അവിടെ

ലിയാങ്ങ് എന്ന പൊതുനാമധേയത്താൽ അറിയപ്പെട്ടുന്ന അൻപതു കുടുംബങ്ങളുണ്ടായിരുന്നു. ഒരു പൊതു പിതാവിൻെറ സന്താനപരമ്പരയാണ് ലിയാങ്ങ് കുടുംബക്കാർ മുഴുവനും. 1937 മുതൽ 1947 വരെയുള്ള നീണ്ട പത്തുവഷം ചൈനക്കാർ യുദ്ധഭീതി കൊണ്ടു വിറകൊള്ളുകയായിരുന്നു. എന്നാൽ ലിയാങ്ങ് കുടുംബക്കാരെ യുദ്ധഭീഷണി വളരെയൊന്നും അസഹ്യപ്പെടുത്തിയില്ല. അവർ ആ ഗ്രാമത്തിൻെറ അഭിവൃദ്ധിക്കു വേണ്ടി കൂട്ടായി പണിയെടുത്തു. ഐക്യബോധത്തോടെ ഒററക്കെട്ടായി നിന്നു് പ്രയാസങ്ങളെ നേരിട്ടു. ഗോത്രങ്ങളുടെ നിലനിൽപ്പ് എത്ര മേൽ ആവശ്യമാണെന്നു് അവർ നാട്ടുകാരെ കാണിച്ചു കൊടുത്തു. ലിയാങ്ങ് കുടുംബങ്ങൾ മുഴുവനും-ഒററ ആളുപോലുമില്ലാതെ- കമ്യൂണിസത്തിനെതിരായിരുന്നു. കമ്യൂണിസത്തിനു തുറന്നു കയറാൻ കഴിയാത്ത ആ ശക്തിദുർഗ്ഗത്തിനു് എങ്ങനെ തുരങ്കം വക്കേണ്ടു എന്നായി കമ്യൂണിസ്റ്റുകാർ.

### സഹോദരങ്ങളെ കൂട്ടിമുട്ടിക്കുന്നു.

1947 ലാണു്, ഒരു ചുണയുള്ള ചുകപ്പൻ, ല്യൂചിയാചപാങ്ങിലേക്കു തിരിച്ചു. പാർട്ടി പ്രവത്തനത്തിനു പേരെടുത്ത സഖാവാണയാൾ. ഒരു ദിവസം അന്തിമയങ്ങിയ വേളയിൽ സഖാവ് ചിയാചപാങ്ങിൽ എത്തി. അംഗങ്ങൾ വളരെയില്ലാത്ത- ബഹളവും ഒച്ചപ്പാടുമൊന്നുമില്ലാത്ത- ഒരു നല്ല വീട്ടിൽ അയാൾ അതിഥിയായി പററിക്കൂടി. അവിടെ രണ്ടു സഹോദരന്മാരാണു താമസം. മററാരുമില്ല. ആ സഹോദരന്മാർ അവിവാഹിതരു

മാണ്. കൊള്ളാം; സഖാവിന് ആ വീട്ട വളരെ പിടിച്ചു. ഇത്തരം പ്രശാന്ത സങ്കേതങ്ങളിൽ നിന്നു വേണം പാർട്ടി പ്രചരണം തുടങ്ങേണ്ടതു്. ആ ഗ്രാമത്തെപ്പററി നല്ലതു പോലെ പഠിച്ചിട്ടാണ് കമ്യൂണിസ്ററു പാർട്ടി ആ സഖാവിനെത്തന്നെ അങ്ങോട്ടയച്ചതു്. സഹോദരന്മാരിൽ മൂത്തയാൾ എളുപ്പം വളയുന്ന പ്രകൃതക്കാരനാണെന്ന് ,, ഖാക്കൾ ഗ്രഹിച്ചിരുന്നു.

അതിഥിയായിച്ചെന്ന വിദ്വാൻ മൂത്തയാളിനെത്തന്നെയാണ് ആയുധമായിത്തട്ടിയെടുത്തതു്. അയാൾ കമ്യൂണിസത്തിൻെറ മാഹാത്മ്യത്തെപ്പററി കുറേശ്ശ ഉപദേശം ആരംഭിച്ചു. തുടക്കം എന്തിനെന്ന് സഹോദരന്മാർ മനസ്സിലാക്കി. 'ആ പരിപ്പ് ഇവിടെ വേവുകി'ല്ലെന്ന ഭാവത്തിൽ ജ്യേഷ്ഠാനുജന്മാർ ഒന്നിച്ചിരുന്നു സഖാവിനെ കളിയാക്കി. അയാൾ വാസ്തവത്തിൽ നല്പം ഇളിഭ്യനായി. അതു കൊണ്ടൊന്നും സഖാവു പിന്തിരിഞ്ഞില്ല. തൻെറ അറിവുകേടിൽ വല്ല അബദ്ധവും പററിയിട്ടുണ്ടെങ്കിൽ ക്ഷമിക്കണമെന്ന് അയാൾ വിനയപൂർവ്വം അപേക്ഷിച്ചു. മഹത്തായ കമ്യൂണിസ്ററു പ്രസ്ഥാനത്തിലേക്കു കടന്നു ചെല്ലാൻ ആയിടെ മാത്രമേ തനിക്കു സന്ദർഭം ലഭിച്ചുള്ളുവെന്നും അങ്ങനെ പാർട്ടിയെപ്പററിയുള്ള അജ്ഞതയിലാണ് അബദ്ധങ്ങൾ പറയാൻ ഇടവന്നതെന്നും സഖാവു വാദിച്ചു. കുറച്ചു കഴിയുന്നതിനു മുൻപ് ജ്യേഷ്ഠസഹോദരനെ അയാൾ പാട്ടിലാക്കി. ഒരുമിച്ചു നടക്കുക, ഒരുമിച്ചു ഭക്ഷണം കഴിക്കുക, ഒരു മുറിയിൽ ശയിക്കുക, വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുക എന്നി

ങ്ങനെയുള്ള പരിപാടികൾകൊണ്ടു് ജ്യേഷ്ഠസഹോദരന്റെ ഉററ ചങ്ങാതിയും ജീവിൻെറ ജീവനുമായി, അതിഥി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ഈ ബന്ധത്തിലൂടെ ആ സഹോദരൻ പാർട്ടി സിദ്ധാന്തങ്ങളുമായി അടുത്തു തുടങ്ങി.

ആദ്യമൊന്നും പ്രതീക്ഷിച്ചത്ര പ്രയോജനം കമ്യൂണി സ്ററുകാരനു നേടാൻ കഴിഞ്ഞില്ല. എന്നാൽ അയാൾ അശേഷം അധൈര്യപ്പെട്ടുകയോ ക്ഷമകേടുകാണിക്കുകയോ ചെയ്യുതുമില്ല. ഈ മൂത്തസഹോദരൻ അല്പം ഹാലിളക്കക്കാരനാണു്. ഒരു നാട്ടുപ്രമാണി ആയാൽ കൊള്ളാമെന്നു് അയാൾക്കു വല്ലാത്ത മോഹമുണ്ടെന്നു് കമ്യൂണിസ്റ്റുകാരനറിയാം. സ്നേഹിതൻെറ ഈ ദുർബലതയിൽ മുതലെടുത്തുകൊണ്ടു് അതിഥി, അയാളെ മൂഢസ്വർഗ്ഗത്തിലേക്കുയർത്തിക്കൊണ്ടിരുന്നു. ഇളയസഹോദരൻ അത്രഎളുപ്പമൊന്നും ഇളകുന്ന പ്രകൃതക്കാരനല്ല; മുഖസ്തുതി അയാൾക്കത്ര ഇഷ്ടവുമല്ല ജ്യേഷ്ഠൻ കമ്യൂണിസ്റ്റുകാരന്റെ വലയിൽ കുടുങ്ങിയതിൽ അനുജൻ അത്ഭുതപ്പെട്ടു; ഖേദിച്ചു. ചിലപ്പോഴെല്ലാം ജ്യേഷ്ഠനെ കുററപ്പെടുത്തുകയും ചെയ്യാതിരുന്നില്ല. ഇങ്ങനെ സഹോദരന്മാർ കുറേശ്ശ അകന്നു തുടങ്ങി. ഈ തക്കം നോക്കി പാർട്ടിയുടെ എല്ലാ വിധ പിൻതുണകളും കമ്യൂണിസ്ററുകാരൻ അയാൾക്കു വാഗ്ദാനം ചെയ്തു. അശക്തനായ അനുജൻെറ പിന്തുണയോ പാർട്ടിയുടെ പിന്തുണയോ ഏതാണു് വലുതു്? പാർട്ടിയുടെ പിൻതുണ മാത്രമല്ല, ആ നാട്ടിലെ കമ്യൂണി സ്ററു പാർട്ടിയുടെ നേതാവായിത്തന്നെ സുഹൃത്തിനെ

ഉയൎത്തുന്നതാണെന്നു് സഖാവു് ഉറപ്പിച്ചുപറകയും ചെയ്തു. പാർട്ടിയുടെ നേതാവു്! ഇതിൽപരം എന്തൊരു ബഹുമാനമാണൊരു ചെറുപ്പക്കാരനുണ്ടാകേണ്ടതു്! അനുജനായാലെന്താണു്, ആരായാലെന്താണു്! പോകാൻ പറയൂ, എന്നായി ജ്യേഷ്ഠൻ. ആ ജ്യേഷ്ഠൻ ഒടുവിൽ പാർട്ടിയിലെ അംഗമായി; ആ ഗ്രാമത്തിലെ കമ്യൂണിസ്റ്റുപാർട്ടി നേതാവായി.

താനാണു് ആ നാട്ടിലെ സമുന്നതവ്യക്തിയെന്നു് ആ പുത്തൻ കമ്യൂണിസ്റ്റുകാരനു തോന്നി. വാക്കുപാലിക്കുന്നതിൽ പാർട്ടികാണിച്ച താല്പര്യവും കൃത്യബോധവും അയാളെ വളരെ വശീകരിച്ചു. പാർട്ടിയോടു കൂറും നാട്ടുകാരോടു ധിക്കാരവും അയാൾക്കു കൂടിക്കൂടി വന്നു. എതിർക്കുകയോ വെറുക്കുകയോ ചെയ്തു എല്ലാവരെയും നല്ല പാഠം പഠിപ്പിക്കാൻ അയാൾ വെമ്പൽ കൊണ്ടു. പാർട്ടിയുടെ ശക്തിയിൽ ആകൃഷ്ടരായ ചെറുപ്പക്കാർ അനവധിയായി പാർട്ടി അംഗത്വം സ്വീകരിച്ചു. ആ ഗ്രാമത്തിന്റെ ഐകമത്യം പാടെ തകൎന്നു. ചെറുപ്പക്കാർ മുതിൎന്നവരെ ധിക്കരിച്ചു തുടങ്ങി. അവരുടെ ധാരണകളെല്ലാം പിന്തിരിപ്പൻ ചിന്താഗതികളുമായി.

## ഭിന്നിപ്പു് വീട്ടിൽനിന്നും നാട്ടിലേയ്ക്കു്.

ഇതോടുകൂടി ആ ഗ്രാമത്തിലെ ജനങ്ങൾ വ്യക്തമായും രണ്ടു ചേരികളിലായി. യാതൊരു ചുമതലാബോധവുമില്ലാതെ അലഞ്ഞു നടന്നിരുന്ന ചെറുപ്പക്കാരെല്ലാം കമ്യൂണിസ്റ്റ് പാർട്ടിയിൽ ചേൎന്നുകഴിഞ്ഞു. കാര്യവിവ

രമുള്ളവക്ക് ഇതത്ര പിടിച്ചില്ല. പിടിക്കാത്തതിൻെറ ഫലം അവർ അനുഭവിച്ചു. പാർട്ടി വിരുദ്ധ മനോഭാവം വച്ചുപുലർത്തുകയും പാർട്ടിക്കെതിരായി പെരുമാറുകയും ചെയ്യുവരെ 'ജനകീയ' (സെൽ) കോടതികളിൽ വിളിച്ചുവരുത്തി മൃഗീയ ശിക്ഷ കൊടുത്തുവന്നു. അങ്ങനെ 'ജനാധിപത്യനീതി' (?) അങ്ങേ അററം പാലിക്കാൻ പാർട്ടി നേതൃത്വം മുൻകൈയെടുത്തു ശ്രമിച്ചു. ജനങ്ങൾ ആകമാനം സംഭ്രാന്തരായി. കമ്യൂണിസ്ററുകാരനായി തീൎന്ന സഹോദരനെ ഗ്രാമവാസികൾ ഭയന്നു. വേണ്ട തക്കവർ വെറുത്തപ്പോൾ അയാൾ പാർട്ടിയെ ഒന്നുകൂടി പുഷ്ടിപ്പെടുത്തി, ശിക്ഷ കൂടുതൽ കക്കശമാക്കി. എന്തിനു് പ്രശാന്തമായി കഴിഞ്ഞുപോന്ന ആ ഗ്രാമത്തിൽ കൊലയും കൊള്ളയും ഭീകരപ്രവൎത്തനങ്ങളും നിത്യസംഭവങ്ങളായിത്തീൎന്നു.

ചീനയിൽ 'ച്യൂൺസി' എന്നൊരു ഏർപ്പാടുണ്ടു്. 'ച്യൂൺസി' ഒരുതരം വ്യക്തിപൂജയാണു്. സന്മാർഗ്ഗ ബോധത്തിൽ അടിയുറച്ച ഒരു സ്വഭാവവിശേഷമാണതു് ചൈനയിൽ. കൺഫ്യൂഷിയൻ തത്വചിന്തയിൽ നിന്നുണ്ടായ വിശ്വാസവും ആചാരവുമാണതു്. സമുദായത്തിലെ ഏററവും സമുന്നതനും ആദർശസമ്പന്നനുമായ വ്യക്തിയാണു് 'ച്യൂൺസി'. അദ്ദേഹത്തെ അനുകരിക്കുന്ന ഏർപ്പാടു് ചൈനയിൽ നൂററാണ്ടുകളായി നിലനില്ക്കുന്നു. 'ച്യൂൺസി' ചെയ്യാത്ത കൃത്യം ആരും ചെയ്കയില്ല, 'ച്യൂൺസി' ഇങ്ങനെ മാത്രമേ ചെയ്യാറുള്ളു, എന്നെല്ലാമാണു് എന്തു പ്രവൎത്തിക്കുമ്പോഴും ചൈന

ക്കാർ പറയാറുള്ളതു്. ശുദ്ധാത്മാക്കളായ ഗ്രാമീണരുടെ അച്ചടക്കബോധത്തിനും സാമുദായിക ഭദ്രതയ്ക്കും 'ച്യൂൺസി' എക്കാലവും മഹത്തായ പ്രേരണ നൽകിയിട്ടുണ്ട്. വിദ്യാഭ്യാസം കുറഞ്ഞ കർഷകരുടെയിടയിൽ 'ച്യൂൺസി'യെപ്പററിയുള്ള വിശ്വാസമാണു് അവരുടെ സന്മാർഗ്ഗജീവിതത്തെ അന്യൂനം നിലനിറുത്തി വന്നതു്. ഇത്തരം ജീവിതരീതിയത്രേ കർഷകരുടെ അഭ്യുന്നതിക്കു നിദാനമായി തീർന്നിരുന്നതു്.

'ച്യൂൺസി' മുതലായ പഴയ വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നവരെ പാർട്ടിക്കു കിട്ടാൻ ഇടയില്ല. അതുകൊണ്ടു് ഈ വിശ്വാസത്തെ അവർ അന്ധവിശ്വാസവും അനാചാരവുമായി മുദ്രകുത്തി. തലമുറകളായി ചീനജനതയിൽ വേരൂന്നി ഉറച്ചിരുന്ന ഈ സന്മാർഗ്ഗബോധത്തിൻെറ ഫലമായി ചീനക്കാരുടെ വ്യക്തിമാഹാത്മ്യം മററുള്ളവരിൽനിന്നും മികച്ചതായിരുന്നു. പ്രത്യേകിച്ചും വടക്കേ ചൈനയിലെ ആളുകളുടെ ഇടയിലാണു് ഈ ചിന്താഗതി സാർവ്വത്രികമായി വ്യാപിച്ചിരുന്നതു്. അതിനാൽ തെക്കേ ചൈനയിലെപ്പോലെ കമ്യൂണിസ്റ്റുകാർക്കു് പറയത്തക്ക സ്വാധീനശക്തിയൊന്നും വടക്കേ ചൈനയിൽ ആദ്യം കിട്ടിയിരുന്നില്ല. വടക്കേ ചൈനയിലെ സ്ത്രീകൾ പതിവ്രതാധർമ്മത്തിന്നു് പ്രത്യേകം കീർത്തി നേടിയവരാണു്.

ഏതു മനുഷ്യനും ദുർബ്ബല വാസനകൾ ഉണ്ടു്. യഥാസമയം അതിനെ തട്ടിയുണർത്തുവാനായിരുന്നു കമ്യൂണിസ്റ്റുകാരുടെ ശ്രമം. നാട്ടുതോറും നടന്നു് ചുവരുക

ളിൽ അവർ കൺഫ്യൂഷിയൻ വിരുദ്ധ മുദ്രാവാക്യങ്ങൾ എഴുതിവച്ചു. "കൺഫ്യൂഷിയൻ ആദർശം പിൻതിരിപ്പൻ ആദർശം!", "കൺഫ്യൂഷിയൻ നീതിശാസനം ചുട്ടെരിക്കുക!", "പഴഞ്ചൻ കൺഫ്യൂഷിയസ് വേണ്ടേ വേണ്ട!" ഇവയായിരുന്നു പ്രധാന മുദ്രാവാക്യങ്ങൾ.

**തുണി കുറയ്ക്കുക! നാണം വെടിയുക!!**

ഒരു വേനൽക്കാലത്താണ്. ഞാനൊരു വണ്ടിയിൽ പീക്കിംഗിൽ ചെന്നിറങ്ങി. ടിക്കററും പാസ്സും പരിശോധിക്കുവാൻ ഗേററിൽ രണ്ടുപേർ നിൽപുണ്ട്. ചെറുപ്പക്കാർ! ഒന്നൊരു പുരുഷനും മറേറതു് സ്ത്രീയും. അവക്കൊരു ഇരുപതു വയസ്സുവീതമേ പ്രായം വരൂ! രണ്ടുപേക്കും അരയ്ക്കുമേൽ വസ്ത്രമില്ല. വെറും നഗ്നത! കുറുകിയ കാൽചട്ടയും വൈക്കോൽ ചെരിപ്പുകളും മാത്രമേ അവർ ധരിച്ചിട്ടുള്ളു. വേനല്ക്കാലങ്ങളിൽ ചൈനയിലെ കൂലിപ്പണിക്കാരും കൃഷിക്കാരും ഇത്തരം വേഷത്തിലാണ് നില്ക്കാറുള്ളതു്. എന്നാൽ പണമുള്ളവരാകട്ടെ പാവപ്പെട്ടവരാകട്ടെ, സ്ത്രീകൾ ഇങ്ങനെ നടക്കാറില്ല. ശരീരം മുഴുവൻ മറയ്ക്കുന്ന നീണ്ട കുപ്പായമേ ചീനക്കാരിപ്പെണ്ണുങ്ങൾ ധരിക്കാറുള്ളു. നൂററാണ്ടുകളായി അവിടത്തെ പതിവാണതു്. എന്നാൽ ഇന്നോ! ഇതെന്തൊരു പതിവു്! ഞാൻ ടൗണിലൂടെ പോയപ്പോൾ ഇങ്ങനെ വേഷംകെട്ടിയ വേറെയും ചിലരെ കണ്ടു. ചിലർ നാണംകൊണ്ടു വീർപ്പു മുട്ടുന്നതുപോലെ കാണപ്പെട്ടു. മററു ചിലക്കു ലജ്ജാഭാരത്താൽ തല പൊങ്ങിയില്ല. വേറെ ചിലർ അവരുടെ പുരോഗമനാശയത്തിൽ

അഭിമാനിതരെന്നോണവും കാണപ്പെട്ടു. ഇങ്ങനെ വസ്ത്ര ധാരണത്തിൽ കമ്യൂണിസ്ററുകാർ ഒരു സമൂലപരിവ ത്തനം വരുത്തിയ കാര്യം ഞാൻ അപ്പോഴാണറിയുന്നതു്. വളരെ വസ്ത്രങ്ങൾ വാരിച്ചുററി നടക്കുന്നതു് അനായാസ മായ സഞ്ചാരത്തിനുതന്നെ പ്രതിബന്ധമല്ലേ! മാത്രമോ, തുണി കുറവായുപയോഗിച്ചാൽ സാമ്പത്തിക സമീകര ണത്തിൽ അതൊരു ധീരമായ കാൽവയ്പാകുമല്ലൊ! പുരുഷന്മാർ ഇത്തരം സമീകരണപദ്ധതികൾക്കുവേണ്ടി മുന്നോട്ടു വരുമ്പോൾ ഏതിനത്തിലും പുരുഷനോടു കിട നില്ക്കാൻ കെൽപുള്ള സ്ത്രീ മാത്രം മാറി നില്ക്കുയോ! കമ്യൂ ണിസ്റ്റ് തത്വസംഹിതയനുസരിച്ചു് എല്ലാ അംശത്തിലും സ്ത്രീ, പുരുഷനോടു് ഒപ്പം നിൽക്കേണ്ടവളാണു്. ശരീരം പൊള്ളിക്കുന്ന വേനലിൽ പുരുഷനു് മേൽക്കുപ്പായം വെടിഞ്ഞു് അല്പം ആശ്വസിക്കാമെന്നുണ്ടെങ്കിൽ സ്ത്രീക്കും ആ സ്വാതന്ത്ര്യം എന്തുകൊണ്ടു് പാടില്ല? ഈ പരിവത്ത നത്തിനു പിൻതുണ നൽകാനും പ്രായോഗികമായി അതു കാണിച്ചുകൊടുക്കാനും മുന്നോട്ടു വന്ന 'ജനകീയ പുരോ ഗമനവാദി'കളായ ചുണയുള്ള പെൺകിടാങ്ങളെ രക്ഷാ കത്താക്കൾ ശാസിച്ചു. ആർ ആരുടെ രക്ഷാകത്താക്കൾ! അവക്കങ്ങനെ നല്ല കാര്യങ്ങൾക്കു വിലങ്ങുതടികളായി നില്ക്കാൻ അവകാശമുണ്ടോ! കമ്യൂണിസ്ററുകാർ നിയമം കൊണ്ടു് രക്ഷാകത്തൃശല്യത്തെ ഒഴിവാക്കാൻ നോക്കി. രക്ഷാകത്താക്കളെന്ന 'പിൻതിരിപ്പന്മാർ' പിന്നീ ടൊന്നും മിണ്ടുകില്ലെന്നാണവർ വിചാരിച്ചതു്. പക്ഷേ, എവിടെയും വിചിത്രമായ ഈ നിയമത്തിനെതി

രായി ഒച്ചപ്പാടുണ്ടായി. ജനരോഷം ഈ പരിഷ്കാരാഭാസത്തിനെതിരെ ആളിക്കത്തി. ഒടുവിൽ സഖാക്കൾ അവരുടെ കല്പനയെ പിൻവലിച്ചു. കുറച്ചുകൂടി കഴിയുമ്പോൾ ജനങ്ങൾ ആശയപരമായി അഭിവൃദ്ധിപ്പെട്ടുമെന്നു് കമ്യൂണിസ്റ്റുകാർ ആശ്വസിച്ചു.

ഇത്തരം തലതിരിഞ്ഞ പരിഷ്കാരങ്ങൾ ധ്രുതഗതിയിൽ നടപ്പിൽ വരുത്തുന്നതുമൂലം കമ്യൂണിസ്റ്റുകാർക്കു് പല തോൽവികളും പററിയിട്ടുണ്ടു്. എന്നാൽ അതിന്റെ അസാംഗത്യം ഏതംശത്തിലാണെന്നു ബോധപൂർവ്വം ഗ്രഹിക്കാനുള്ള കഴിവും കമ്യൂണിസ്റ്റുകാർക്കുണ്ടു്. 'ജനാഭിലാഷ'ത്തെ മാനിച്ചുകൊണ്ടു് അത്തരം നിയമങ്ങൾ അവർ പിൻവലിച്ചിട്ടുമുണ്ടു്.

കമ്യൂണിസ്റ്റുകാർ പിന്നോട്ടു പോയില്ല. അവർ യുവജനസംഘടനകൾ രൂപീകരിക്കുകയും പല പരിഷ്കാരങ്ങളും അവയിലൂടെ നടപ്പാക്കുകയും ചെയ്തുകൊണ്ടിരുന്നു. വിദ്യാഭ്യാസത്തിൽ പല പുതിയ കാൽവയ്പുകളും സ്വീകരിച്ചു. പുതിയ വിദ്യാലയങ്ങൾതന്നെ വളരെയുണ്ടാക്കി. കമ്യൂണിസ്റ്റാദർശം അങ്ങേ അററം നടപ്പാക്കണമെന്നുള്ളതായിരുന്നു ഈ സംരംഭങ്ങളുടെയെല്ലാം ഉദ്ദേശം. എല്ലാ സുഖസൗകര്യങ്ങളും എല്ലാവർക്കും ലഭിക്കണം. അതിനു പററിയ പരിഷ്കാരങ്ങളാണവർ ഏർപ്പെടുത്തിയതു്. ഊണു്, ഉറക്കം, വിദ്യാഭ്യാസം എന്നിങ്ങനെയുള്ള എല്ലാ രംഗങ്ങളിലും ഈ തത്വദീക്ഷ അവർ ശരിക്കു പാലിച്ചു.

'കാവോകയ്ചെ'ങ്ങിലുള്ള ഞങ്ങളുടെ സ്കൂളു കളിൽ ജപ്പാൻകാർ യാതൊരു ശല്യവും ചെയ്തിട്ടില്ല. എന്നാൽ കമ്യൂണിസ്റ്റുകാർ അവിടൊരു മാതൃകാവിദ്യാലയം തുടങ്ങിക്കഴിഞ്ഞു. സ്കൂൾ ഡയറക്ടർ എല്ലാവിധ കമ്യൂണിസ്റ്റാദർശങ്ങളും അവിടെ നടപ്പാക്കി. ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കത്തക്ക പ്രായമുള്ള ആൺകുട്ടികളും പെൺകുട്ടികളും ചൈനയിലെ നാട്ടിൻപുറങ്ങളിലുള്ള എല്ലാ മിഡിൽ സ്കൂളുകളിലുമുണ്ട്. അകലെനിന്നും വരുന്ന കുട്ടികൾക്കു താമസിക്കാൻ സ്കൂളിൽ പ്രത്യേകം സൗകര്യങ്ങളാണ്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേറെ വേറെ പാർപ്പിടങ്ങളുണ്ട്. ഇഷ്ടിക പടുത്തുയർത്തിയ 'കാങ്ങി'ലാണു് ചൈനക്കാർ ഉറങ്ങുന്നതു്. അനേകം വിദ്യാർത്ഥികൾക്കു ശയിക്കത്തക്കവിധമായിരിക്കും സ്കൂൾ ഹോസ്റ്റലിലെ 'കാങ്ങു'കൾ തയാറാക്കുക. അനേകം കുട്ടികൾ ഒരു 'കാങ്ങി'ൽ ഉറങ്ങിക്കൊള്ളും. എന്നാൽ പെൺകുട്ടികളും ആൺകുട്ടികളും ഇടവിട്ടിടവിട്ട് ഒരേ'കാങ്ങി'ൽഉറങ്ങിക്കൊള്ളണമെന്നുള്ള നിയമം ഒരു സ്കൂളിലും അതുവരെ ഏർപ്പെടുത്തിയിട്ടില്ല. കമ്യൂണിസ്ററുകാരുടെ മാതൃകാവിദ്യാലയത്തിൽ അവർ ഈ പുരോഗമിച്ച നിയമം നടപ്പാക്കി. ഒരു ആൺകുട്ടിയെങ്കിൽ ഒരു പെൺകുട്ടി എന്നിങ്ങനെ ഒരേ 'കാങ്ങി'ൽ 'സമത്വസുന്ദര'മായി ഉറങ്ങണം കുട്ടികൾ. ഏററവും പുരോഗമിച്ച ആശയമല്ലേ ഇതു്! എന്തുകൊണ്ട് സ്ത്രീപുരുഷന്മാർ വേറിട്ടു നിൽക്കണം! മനുഷ്യർ സമന്മാരല്ലേ! സ്ത്രീപുരുഷന്മാർ ഒപ്പമല്ലേ! പക്ഷേ, 'പഴഞ്ചൻ' ചൈനാക്കാർക്കു രസിച്ചില്ല. നാട്ടിൽ അങ്ങോളമിങ്ങോളം

വലിയ എതിർപ്പുണ്ടായി. ഒടുവിൽ 'പുരോഗമനവാദി' കൾക്കു് പിന്തിരിപ്പന്മാരോടു് അനുകൂലിക്കേണ്ടിവന്നു.

ഒരിക്കൽ ഞാൻ 'സിയാവോ നാൻലിയു' എന്ന ഗ്രാമത്തിലായിരുന്നു. അവിടെ അധികവും ക്രിസ്ത്യാനികളാണു്. ഏതാനും കമ്യൂണിസ്റ്റുകാർ ഒരു പരാതിയുമായി എന്നെ സമീപിച്ചു. പരാതി എന്തെന്നോ! ആ ഗ്രാമത്തിലെ യുവതികൾ അവരെ സ്വീകരിച്ചു പ്രീണിപ്പിക്കുന്നില്ലെന്നു്! "ഈ കൃഷിക്കാർ വളരെ മോശമാണു് ഫാദർ! പുതിയ ആശയങ്ങൾ ആസ്വദിക്കാനുള്ള വിദ്യാഭ്യാസമില്ല!" ഒരു സഖാവു് തമാശ തട്ടിവിടുകയാണു്.

## കമ്മ്യൂ. മജിസ്ട്രേട്ടിനെ പററിച്ചു!

മറെറാരിക്കൽ എന്റെ താമസസ്ഥലമായ 'ആൻകു' വിൽ രസകരമായ ഒരു സംഭവമുണ്ടായി. അവിടത്തെ തെരഞ്ഞെടുക്കപ്പെട്ട മജിസ്ട്രേട്ടായിരുന്നല്ലോ മി. വാങ്ങു്. അദ്ദേഹത്തെ കമ്യൂണിസ്റ്റുകാർ അറസ്റ്റു ചെയ്തു കൊണ്ടുപോയി. പകരം അവരുടെ മജിസ്ട്രേട്ടിനെ നിയമിച്ചു. അദ്ദേഹം ആൻകുവിലെ ഒരു തെരുവിൽ വച്ചു് അതിസുന്ദരിയായ ഒരു പെൺകുട്ടിയെ കണ്ടു. ഒരു പതിനേഴുകാരി പെൺകൊടി. മജിസ്ട്രേട്ടിനു് അവളെ കിട്ടിയേ തീരു. വിവരം അയാൾ ആ കുട്ടിയുടെ അമ്മയെ അറിയിച്ചു. ജപ്പാൻ സൈന്യം ചൈനയിൽ അധിനിവേശം ഉറപ്പിച്ചിരുന്നപ്പോൾ ഇത്തരം കയ്ക്കുന്ന അനുഭവങ്ങൾ നാട്ടുകാർക്കുണ്ടായിട്ടുണ്ടു്. എന്നാൽ നാട്ടു

കാർതന്നെ ഭരിക്കുമ്പോൾ ഇങ്ങനെയുള്ള അനുഭവങ്ങൾ ഉണ്ടാകുമെന്നു് ആരും വിചാരിച്ചില്ല. ജനരക്ഷകരാണു് തങ്ങളെന്നു അപ്പോഴും കമ്യൂണിസ്ററുകാർ പ്രചരണം നടത്തിക്കൊണ്ടിരുന്നു.

മജിസ്ട്രേട്ടിൻെറ അനർഹമായ ആഗ്രഹം പെൺകുട്ടിയുടെ അമ്മയെ വല്ലാതെ ഞെട്ടിച്ചു. "അയ്യോ! അവൾ കൊച്ചുകുട്ടിയാണു്. വീട്ടുവിട്ടു താമസിക്കാറായിട്ടില്ല." അവർ മജിസ്ട്രേട്ടിൻെറ ദൂതനെ അറിയിച്ചു. അയാൾക്കു ദേഷ്യം വന്നു. അയാൾ ആ സ്ത്രീയെ പുലഭ്യം പറകയും ഭീഷണിപ്പെടുത്തുകയും ചെയ്തുകൊണ്ടു് ഇറങ്ങിപ്പോയി. ആ സ്ത്രീ എന്നെക്കണ്ടു സങ്കടം പറഞ്ഞു. "ഞങ്ങൾ എന്തു ചെയ്യട്ടെ! കുട്ടിയെ അയച്ചുകൊടുത്തില്ലെങ്കിൽ ഞങ്ങളെ കൊന്നിട്ടു് അവളെ കൊണ്ടുപോകുമെന്നാണു് അയാൾ പറഞ്ഞതു്." ആ അമ്മ ഹൃദയം നൊന്തു കരയുകയാണു്. പെൺകുട്ടിയുടെ കണ്ണിനു് അല്പം അസുഖമുണ്ടു്. ഇതറിഞ്ഞപ്പോൾ എനിക്കൊരു യുക്തി തോന്നി. "ഒരു കാര്യം ചെയ്യൂ!" ഞാൻ പറഞ്ഞു, "കുട്ടിയുടെ കണ്ണിനു കലശലായ സുഖക്കേടാണു്, ചികിത്സയ്ക്കു് 'പാവോത്തിംഗി'ൽ അയയ്ക്കാൻ നിശ്ചയിച്ചിരിക്കയാണു് എന്നു് മജിസ്ട്രേട്ടിനെ അറിയിക്കൂ. വെറുപ്പിക്കേണ്ട. 'പാവോത്തിംഗി'ലെ കന്യാസ്ത്രീമഠത്തിൽ അവൾക്കു താമസിക്കാനുള്ള സൗകര്യം ഞാൻ ചെയ്തു കൊടുക്കാം. ചികിത്സ തുടർന്നു നടത്തണമെന്നു ഡോക്ടർ പറയുന്നു എന്നു് മജിസ്ട്രേട്ടിനെ ആവർത്തിച്ചറ

യിക്കുക. അയാൾ മടക്കും. അപ്പോൾ നമുക്കു കുട്ടിയെ തിരിച്ചുകൊണ്ടു പോരാം.''

ആ അമ്മയ്ക്കു വളരെ ആശ്വാസം തോന്നി. വീണ്ടും മജിസ്ട്രേട്ടിൻെറ ആൾ വന്നു. അവർ വിവരം പറഞ്ഞു. ''ഇനിയും ഒഴികഴിവുകൾ പറഞ്ഞാൽ അനുഭവം വേറെയാണ്!'' അയാൾ കലഹിച്ചിറങ്ങി. അടുത്ത തവണ മജിസ്ട്രേട്ടു തന്നെ ചെന്നു. ഭാഗ്യവശാൽ പെൺകുട്ടി അവിടെ ഉണ്ടായിരുന്നില്ല. ''അവൾക്കു കണ്ണിന്നു സുഖമില്ല. സുഖക്കേട്ട് ഭേദമായിട്ടയയ്ക്കാം'' അമ്മ മജിസ്ട്രേട്ടിനെ അറിയിച്ചു.

''ഓ! അതു സാരമില്ല. സഹിച്ചു കൊള്ളാം.'' മജിസ്ട്രേട്ട് പറകയാണ്. കുട്ടിയെ ഇന്ന ദിവസം ഇന്ന സമയം വീട്ടിൽ എത്തിച്ചു കൊള്ളണമെന്നാജ്ഞാപിച്ചിട്ട് മജിസ്ട്രേട്ട് പിരിഞ്ഞു. അവർ ഭയന്നു വിറച്ചു് എന്നെ വീണ്ടും സമീപിച്ചു. പെട്ടെന്ന് ഒരു തീരുമാനം എടുക്കാതെ സാദ്ധ്യമല്ല. ഞാനൊരു വണ്ടി ഏർപ്പാടു ചെയ്തു. നാടൻ വണ്ടി. ആ വണ്ടിയിൽ അന്നുതന്നെ പതിനാറു മൈൽ ആ കുട്ടിയെ ഞാൻ കൂട്ടിക്കൊണ്ടു പോയി. അവിടെ നിന്നു് നാല്പതു മൈലുണ്ടു് 'പാവോത്തിംഗി'ലേക്കു്. അടുത്ത ദിവസം അവളെ 'പാവോത്തിംഗ്' കോൺവെൻറിലേക്കയച്ചിട്ടു് ഞാൻ മടങ്ങി. ജപ്പാൻ സമര കാലം മുഴുവൻ അവൾ ആ കോൺവെൻറിൽ കഴിഞ്ഞു. ഒടുവിൽ ആ പെൺകുട്ടി ഒരു നേഴ്സായിത്തീർന്നു. പിന്നീടു് ഞാനവളെക്കണ്ടതു് 'ഷാങ്ങ്ഹാ'യിലുള്ള 'സേക്രഡ് ഹാർട്ട്' ഹോസ്പിററലിൽ

വെച്ചാണ്. പഴയ കാര്യം അപ്പോൾ ഞാൻ ഓൎത്തു. അന്നത്തെ ബദ്ധപ്പെട്ട ഒളിച്ചോട്ടം! അവൾക്കപ്പോൾ ആ സംഭവത്തിന്റെ സ്മരണയിൽ രസം തോന്നി. അവളുടെ അപ്പോഴത്തെ ജോലിയിൽ അവളുടെ അമ്മ തികച്ചും സംതൃപ്തയാണെന്ന് ആ കുട്ടി പറഞ്ഞു. കമ്യൂണിസ്റ്റ് മജിസ്ട്രേട്ട് കാത്തിരുന്നു മുഷിഞ്ഞിരിക്കാം. വേറൊരു കൂട്ടുകാരിയെ അദ്ദേഹം തിരക്കിപ്പിടിച്ചിരിക്കാം.

## നന്മ പോയോ! എല്ലാം പോയി!

മറെറാരവസരത്തിൽ 'പു-യെ' ജില്ലയിലെ ഒരു ഗ്രാമത്തിൽനിന്ന് അടുത്തുള്ള അങ്ങാടിയിലേക്ക് ഞാൻ സൈക്കിളിൽ പോവുകയായിരുന്നു. ടൌണിന്റെ അടുത്തു ചെന്നപ്പോൾ ഒരു വലിയ ആൾക്കൂട്ടം! ചന്തദിവസം ആയിരിക്കാം എന്നു ഞാൻ കരുതി. എന്നാൽ അന്നു ചന്ത ദിവസമല്ല. കൊട്ടും ഘോഷവുമായി ഒരു 'ജാഥ' തെരുവിന്റെ വളവിൽക്കൂടി നീങ്ങുകയാണ്. കമ്യൂണിസ്റ്റ് മുദ്രാവാക്യങ്ങൾ എഴുതിയ പ്ലക്കാർഡുകളും കൊടികളും പിടിച്ചുകൊണ്ട് ഒട്ടേറെ കുട്ടികൾ ജാഥയിൽ സംബന്ധിച്ചിട്ടുണ്ട്. ഞാൻ സൈക്കിളിൽ നിന്നിറങ്ങി, മതിലരികിലേക്കു മാറി നിന്നു. വളരെ പ്പേർ അവിടെ നിന്നു കാഴ്ച കാണുകയാണ്. ജാഥ ഒരു തുറസ്സായ സ്ഥലത്തു വന്നു നിന്നു. ഒരു ഇരുപതുകാരിപ്പെണ്ണ് ഒരു സ്റ്റൂളിന്മേൽ ചാടിക്കയറി രോഷാകുലയായി പ്രസംഗിച്ചു തുടങ്ങി. അവൾ ആരേയോ അതിരുവിട്ട ഭൎത്സിക്കുകയാണ്. ആ ചെറുപ്പക്കാരിക്കു അരിശം സഹിക്കുന്നില്ല. അവൾ തലമുടി വലിച്ചഴിച്ചു മുഖത്തും തോളിലും

ചിതറിയിട്ടു. ചുണ്ടുകൾ കടിച്ചമർത്തി വിറപൂണ്ടു് അവൾ അധിക്ഷേപവർഷം ചൊരിയുകയാണു്. അതാ ഒരു വൃദ്ധ അങ്ങൊരു കോണിൽ ഒളിയ്ക്കാൻ ശ്രമിക്കുന്നു. പരസ്യമായ ഈ അധിക്ഷേപത്തിൽ അവശഭാവം പൂണ്ട ആ വയോധിക മുഖം പൊത്തിയിരിക്കയാണു്. അവരുടെ തലയിൽ ഒരു വികൃതമായ തൊപ്പി വെച്ചു കെട്ടിയിരിക്കുന്നു. സ്റ്റൂളിൽ നിന്നു പ്രസംഗിക്കുന്ന വനിത വൃദ്ധയെ രോഷാകുലയായി നോക്കുകയും മുഷ്ടി വിറപ്പിച്ചു ഭീഷണിപ്പെടുത്തുകയും ആക്ഷേപവാക്കുകൾ കൊണ്ടു് അഭിഷേകം ചെയ്യുകയുമാണു്. വൃദ്ധ ആ യുവതിയുടെ അമ്മായിഅമ്മയാണു്. ഭർത്താവിൻെറ അമ്മ! അവരുടെ നേർക്കാണു് ആ ഇരുപതുകാരി തരുണി, പിശാചിൻെറ ആവേശം പൂണ്ടു് അലറുകയും അട്ടഹസിക്കുകയും ചെയ്യുന്നതു്. പാവം വൃദ്ധ അവമാന ഭാരത്താൽ മുഖം പൊത്തി കുനിഞ്ഞിരിക്കുന്നു. അമ്മായി അമ്മയുടെ നിയന്ത്രണം പുരോഗമന വാദിയും കമ്യൂണിസ്റ്റ് പാർട്ടി അംഗവുമായ മരുമകളുടെ സ്വാതന്ത്ര്യത്തിന്നു വിലങ്ങുതടിയായി നിന്നതിന്നുള്ള ശിക്ഷയാണാവൃദ്ധ അനുഭവിക്കുന്നതു്. അതു പാർട്ടിയുടെ തീരുമാനമാണു്. അനുസരിക്കാതെ നിവ്വാഹമില്ല. അനുസരിച്ചില്ലെങ്കിൽ 'ലിക്വിഡേഷ'നാണു അനുഭവം.

നേരം വൈകി. ചുററുമുള്ള 'ലോക്കസ്റ്റ്' വൃക്ഷങ്ങളുടെ നീണ്ട നിഴലുകൾ നൃത്തംവെച്ചു കളിച്ചുകൊണ്ടിരുന്നു. മന്ദമാരുതൻ വൃക്ഷച്ചില്ലകളിലൂതുന്നു ഇളക്കത്തിന്നൊപ്പിച്ചാണീ നിഴൽ നൃത്തം നടക്കുന്നതു്. അസഹിഷ്ണ

തയുടെ ആത്തിരമ്പൽ, ഭയമാകുന്ന അണമുട്ടി വിമ്മിട്ട പ്പെട്ട നിശ്ചലമായപോലെ ജനക്കൂട്ടം നിശ്ശബ്ദമായി നിലകൊള്ളുകയാണ്. പ്രസംഗകമാത്രം ആ മൂകഭീകര തയെ ഭേദിച്ചുകൊണ്ട് ഉച്ചൈസ്വരം സംസാരിക്കുന്നു. ഞാൻ അടുത്തു നിന്ന ആളുകളുടെ മുഖത്തെല്ലാം മാറി മാറി നോക്കി. വൃദ്ധയുടെ ദയനീയാവസ്ഥയിൽ അനുക മ്പയുണ്ടെല്ലാവക്കും; യുവതിയോട് അമർഷവും.

ചൈനയിലെ കുടുംബ ജീവിതം അന്യൂനമോ സമ്പൂർണ്ണമോ ആണെന്നു പറഞ്ഞുകൂടാ. ഒരിടത്തും കുടുംബ ജീവിതം അന്യൂനമല്ല, സമ്പൂർണ്ണവുമല്ല. ജീവിതം തന്നേയും സമ്പൂർണ്ണമല്ലല്ലൊ. മററു പരി ഷ്കൃതരാജ്യങ്ങളിലെപ്പോലെ ചൈനയിലും ഒരാളുടെ വിഴുപ്പു ചുമക്കാൻ മറെറാരാൾ തയ്യാറാവുകയില്ല. എന്നാൽ പാശ്ചാത്യരെക്കാൾ കുടുംബ രഹസ്യങ്ങൾ പൊതിഞ്ഞു വെയ്ക്കാൻ ചൈനാക്കാർ ശ്രമിക്കാറുണ്ട്. അവക്കതിനുള്ള സഹിഷ്ണുത വളരെക്കൂടും. കുടുംബ ത്തേയോ കുടുംബാംഗങ്ങളേയോ പരസ്യമായധിക്ഷേപി ക്കുക ചൈനാക്കാക്കു ദുസ്സഹമാണ്. സന്മാർഗ്ഗത്തിൻെറ സകലസീമകളെയും തകക്കുന്ന ഒരു ദുരാചാരമാണതെന്ന ത്രെ അവരുടെ വിശ്വാസം. പാരമ്പര്യവും കുടുംബ മര്യാ ദയും അങ്ങേ അററം പുലർത്തുന്ന ആ നാട്ടിലോ ഇത്തരം അപചാരങ്ങളെന്നു് ഞാൻ അത്ഭുതപ്പെട്ടുപോയി.

ചെറുപ്പക്കാരി പെട്ടെന്നു് ആക്ഷേപ പ്രസംഗം നിറുത്തി. അക്ഷമരായി കാത്തുനിന്നിരുന്ന 'മേള'ക്കാക്കു് അവൾ ചില നിർദ്ദേശങ്ങൾ നൽകി. ജാഥ നയിച്ചി

രുന്നവരെ നോക്കി അവൾ അത്ഥഗർഭമായി തലയാട്ടി. ഒരു 'കാക്കോടകൻ' ചെറുപ്പക്കാരൻ- കാണാനൊരു ചൊവ്വും ചേലുമില്ലാത്തവൻ- കൂട്ടത്തിൽ നിന്നോടി ച്ചെന്നു് വൃദ്ധയോടു് എഴുന്നേല്ക്കാൻ പറഞ്ഞു; നടക്കാൻ പറഞ്ഞു. വൃദ്ധപണിപ്പെട്ടെഴുന്നേററു. അപ്പോഴും അവർ മുഖം പൊത്തി നിൽക്കുകയാണു്, ആ തൊപ്പിയും തല യിൽ വച്ചുകൊണ്ടു്. അവൻ ആ അമ്മയെ മുന്നോട്ടൊരു തള്ളു്! അവർ ഒതറിച്ചു പോയി. പണിപ്പെട്ടു് അവർ വീഴാതെ നിന്നു. പാട്ടുകാരെയും കൊട്ടുകാരെയും കൊടി പിടിക്കുന്നവരെയും അവൻ അണിയായി നിറുത്തി. വാദ്യഘോഷം മുഴങ്ങി. ഘോഷയാത്ര നീങ്ങി. തൊപ്പി വച്ചു കൊണ്ടു് ആ മുത്തശ്ശിയും വേച്ചു വേച്ചു നടന്നു. വൃദ്ധയെ അപ്പോഴും നിറുത്താതെ പുലഭ്യം പറഞ്ഞു കൊണ്ടു് ചെറുപ്പക്കാരി പുറകേയുണ്ടു്. ഗ്രാമവാസികൾ മ്ലാനവദനരായി ഘോഷയാത്രയെ അനുഗമിച്ചു.

അവസാനത്തെ ആൾ മറയുന്നതുവരെ ഞാൻ നോക്കി നിന്നു. അങ്ങനെയൊരു സംഭവം ആദ്യമായി ട്ടാണു് ആ നാട്ടിൽ നടക്കുന്നതു്. നാട്ടുകാർ പറഞ്ഞതാ ണിതു്. മറക്കാനാവാത്ത ഒരു ഘോഷയാത്രയാണതു്. എന്തിനാണാവൃദ്ധ ഈ അവഹേളനത്തിനു ബലിമൃഗ മായതു! ആ കമ്യൂണിസ്ററുകാരിയുടെ ദുസ്വാതന്ത്ര്യ ത്തിനു് വൃദ്ധ തടസ്സമായിരുന്നു. തലമൂപ്പുള്ള കുടുംബാംഗ ങ്ങളെ ആദരിക്കുക ചൈനയിൽ പതിവാണല്ലൊ. ആ അവകാശത്തിൻെറ പേരിൽ വൃദ്ധ മരുമകളെ നിയ ന്ത്രിച്ചു; ശാസിച്ചു. കമ്യൂണിസ്ററുകാരിയുടെ പുരോഗ

മനാശയങ്ങൾക്ക കടകവിരുദ്ധമായി നിന്ന എന്ന 'സാമൂഹ്യദ്രോഹ'ത്തിന്ന് വൃദ്ധ ശിക്ഷിക്കപ്പെട്ട വിധമാണ ഞാനാക്കണ്ടതു്.

എനിക്കു് ഹൃദയത്തിനൊരു ഭാരം പോലെ. ഞാൻ യാത്ര ഭാവിച്ചപ്പോൾ അട്ടത്തു നിന്ന ഒരു വൃദ്ധൻ എന്റെ മുഖത്തേക്ക നോക്കി; ഞാനും. വിഷമവും വിഷാദവും ആ പാകം വന്ന മുഖത്തു് കരി തേച്ചിരുന്നതായി ഞാൻ കണ്ടു. വൃദ്ധൻ പെട്ടെന്നു മുഖം കുനിച്ചു. നിറം മങ്ങിയ കുപ്പായത്തിൻെറമേൽ പാറിക്കിടന്ന താടിമീശ തടവിയൊതുക്കിക്കൊണ്ടു് അയാൾ വീണ്ടും എന്നെ നോക്കി. ഒരു നെടുവീർപ്പോടെ വൃദ്ധൻ പറയുകയാണു് "സ്വഭാവഗുണം ചൈനയിൽ ഇല്ലെന്നായി! പോയി! സകലതും പോയി! നാട്ടിൽ നന്മനശിച്ചു!"

മഹർഷി കൺഫ്യൂഷിയസ്സിൻെറ സന്മാർഗ്ഗസിദ്ധാന്തത്തിൽ അടിയുറച്ചു നിന്നിരുന്ന ചൈന വേരോടെ ഇളകിപ്പോയി. എൻെറ മറുപടിക്ക കാത്തു നില്ക്കാതെ വൃദ്ധൻ പതുക്കെ നടന്നു. ഒരു നെടിയ വടിയൂന്നി പതുക്കെപ്പതുക്കെ നടന്നകലുന്ന ആ വൃദ്ധൻ ഓരോ അടിവയ്പിലും പറയുകയാണു് "നന്മ പോയോ — എല്ലാം പോയി! നന്മ പോയോ—എല്ലാം പോയി!"

(ഒന്നാംഭാഗം തീൎന്നു.)

DC Library
*00011277*
T63.1 J18

163
118

63
13